പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 62 ലക്കം 7 ഒക്ടോബർ 2022

## ലോകം ഈജിപ്റ്റിലെ ഷാം എൽ ഷേയ്ക്കിൽ എത്തുമ്പോൾ

## ഗ്രാമീണ അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താൻ 'ലോകോസ്" മൊബൈൽ ആപ്ലിക്കേഷൻ

## തൊഴിൽ സഭകൾ തൊഴിലിന്റെ പ്രാദേശിക സാദ്ധ്യതകൾ






# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
ഒക്ടോബർ 2022

# അകത്ത്





തൊഴിൽ സഭകൾ
തൊഴിലിന്റെ പ്രാദേശിക സാദ്ധ്യതകൾ
ഹുസൈൻ എം. മിന്നത്ത് 5

ലോകം ഈജിപ്റ്റിലെ ഷാം എൽ ഷേയ്ക്കിൽ എത്തുമ്പോൾ കാലാവസ്ഥ ഉച്ചകോടി (COP 27) നവംബർ 6 മുതൽ 18 വരെ നടക്കുന്ന
ടി. ഷാഹുൽ ഹമീദ് 9

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ഇ-ഗ്രാം പോർട്ടലിൽ നിലവിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 13

ഗ്രാമീണ അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താൻ 'ലോകോസ്' മൊബൈൽ ആപ്ലിക്കേഷൻ
ആശ എസ്. പണിക്കർ 17

ലോക ശുചിമുറി ദിനം (വേൾഡ് ടോയ്‌ലറ്റ് ഡേ) നവംബർ 19 19

ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങളും അവകാശങ്ങളും
അജിത് വെണ്ണിയൂർ 21

മണ്ണിനും മനുഷ്യനും കാവലായ്
സിന്ധു തോമസ് 24

ആത്മഹത്യ കാരണങ്ങളും പരിഹാരങ്ങളും
കെ.പി. രാധാകൃഷ്ണൻ 27

ലോകത്ത് സ്ത്രീകൾ സുരക്ഷിതരോ?
ടി. ഷാഹുൽ ഹമീദ് 29

മലംഭൂതം വരുന്നേ നാട്ടാരെ
രേഷ്മ ചന്ദ്രൻ 38

പ്രകൃതിയുടെ ജീവധമനികളായ കുളങ്ങളും നീർച്ചാലുകളും
മുരളീധരൻ തഴക്കര 40

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
ഊരും പേരും - 27 35
എന്റെ മലയാളം 36
എന്ന് വായനക്കാർ 42

ഒക്ടോബർ 2022
പുസ്തകം 62 ലക്കം 7
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.ബി. രാജേഷ്**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്‌രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# തൊഴിലിന്റെ പ്രാദേശിക സാദ്ധ്യതകൾ തേടുന്ന സർക്കാരിനൊപ്പം അണിചേരാം

പതിനാലാം പദ്ധതി വിഭാവനംചെയ്യുന്ന ഉദ്ദേശ്യലക്ഷ്യങ്ങളിൽ സംസ്ഥാനത്തെ വിജ്ഞാനാധിഷ്ഠിത സമ്പത് വ്യവസ്ഥയാക്കി മാറ്റുന്നതിനുവേണ്ടി വരുന്ന അഞ്ചു വർഷംകൊണ്ട് 20 ലക്ഷംപേർക്ക് തൊഴിൽ നൽകുകയെന്ന ആശയമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. പ്രാദേശിക സർക്കാറുകളുടെ പതിനാലാം പദ്ധതി വികസന സമീപനത്തിലും ഇതിന്റെ പ്രതിഫലനം നമുക്ക് കാണാം. സംസ്ഥാനത്തെ തൊഴിൽ അന്വേഷകരുടെ വിവരം കണ്ടെത്തുന്നതിനായി കേരളാ ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) കുടുംബശ്രീയുമായി ചേർന്ന് സംസ്ഥാനത്തൊട്ടാകെ വീടുവീടാന്തരം കയറി സർവ്വേ നടത്തുകയും 23 നും 40 വയസ്സിനും ഇടയിലുള്ള 29 ലക്ഷം പേരെ K-DISC ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന പ്ലാറ്റ്ഫോമിലേക്ക് മാറ്റി അതിൽ 20 ലക്ഷം പേർക്ക് ആവശ്യമായ നൈപുണ്യ വികസന പരിശീലനങ്ങൾ നൽകി വരുന്ന അഞ്ചുവർഷത്തിനുള്ളിൽ തൊഴിൽ നൽകുന്നതിനുള്ള ഒരു ബൃഹത്തായ കർമ്മപദ്ധതിക്ക് സംസ്ഥാന സർക്കാർ ഇതിനോടകം രൂപം നൽകിക്കഴിഞ്ഞു.

തൊഴിൽ സഭകൾ എന്നത് നിലവിൽ ലോകത്തെ വൈവിധ്യമാർന്ന തൊഴിൽ വിപണിയെ തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് സുസ്ഥിര സാമ്പത്തിക വികസന ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള ഉപാധിയായി സർക്കാർ വിഭാവനം ചെയ്ത ജനകീയ പരിപാടിയാണ്. തൊഴിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിനായി പ്രാദേശിക സാധ്യതകൾ കൂടി പരിഗണിച്ച് വരുമാനദായകപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പിന്തുണ നൽകുന്ന ജനകീയ സംവിധാനമായിട്ടാണ് തൊഴിൽ സഭകളെ വിഭാവനം ചെയ്തിട്ടുള്ളത്. തൊഴിൽ തേടുന്നവർ, സ്വയം തൊഴിൽസംരംഭകർ, തൊഴിൽദായക സംരംഭകർ, കുടുംബശ്രീ - K-DISC സർവ്വേ വഴി കണ്ടെത്തിയ തൊഴിലില്ലാത്തവർ എന്നിവരെ തദ്ദേശസ്ഥാപനയടിസ്ഥാനത്തിൽ വിളിച്ച് ചേർത്ത് തദ്ദേശസർക്കാരുകളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും മറ്റുസംവിധാനങ്ങളുടെയും സഹായത്തോടെ തൊഴിൽസംരംഭകസാധ്യതകളും, തൊഴിൽപരിശീലന സാധ്യതകളും പരിചയപ്പെടുത്തി തൊഴിൽ കണ്ടെത്തുന്നതിനുള്ള വഴി തുറന്ന് നൽകുന്നതിന് വേണ്ടിയാണ് പ്രാദേശിക സർക്കാർതലത്തിൽ തൊഴിൽ സഭകൾ സംഘടിപ്പിക്കുന്നത്.

സംരംഭകരും തൊഴിൽദായകരും തൊഴിൽ അന്വേഷകരും തൊഴിൽ സഭകളുടെ ഭാഗമാകുന്നതോടെ സാധ്യതകളുടേതായ ഒരു വിശാല ലോകം യുവതയ്ക്ക് മുന്നിൽ തുറക്കപ്പെടുന്നു. പതിനാലാം പദ്ധതിയുടെ വികസന സമീപനത്തിൽ പ്രാദേശിക സാമ്പത്തിക വികസനം (Local Economic Development) പരമപ്രധാന മേഖലയായി പരിഗണിക്കുന്ന സംസ്ഥാന സർക്കാരിന്റെ ഇത്തരം പ്രവർത്തനങ്ങൾക്ക് ഉറച്ചകരുത്തായി നമുക്കും നിലകൊള്ളാം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

**“വിജയം ആസ്വാദ്യകരമാവണമെങ്കിൽ പ്രയാസം ആവശ്യമാണ്.”**
- എ.പി.ജെ. അബ്ദുൾ കലാം



# തൊഴിൽ സഭകൾ

## തൊഴിലിന്റെ പ്രാദേശിക സാദ്ധ്യതകൾ

■ ഹൈസെൻ എം. മിന്നത്ത്

മനുഷ്യവിഭവം അഥവാ Human Resources എന്നത് ഏതൊരു രാജ്യത്തിന്റെയും ഏറ്റവും നിർണ്ണായക വിഭവങ്ങളിൽ ഒന്നാണ്. ആഗോളതലത്തിൽ നോക്കിയാൽ ഇന്ത്യ ദ്രുതഗതിയിൽ വികസന കുതിപ്പ് നടത്തുന്ന രാജ്യങ്ങളുടെ പട്ടികയിലാണെന്ന് ലോകബാങ്ക് അടക്കമുള്ള സ്ഥാപനങ്ങൾ വിലയിരുത്തുന്നത് രാജ്യത്തെ വർദ്ധിതമാനവവിഭവശേഷി മുന്നിൽ കണ്ടുകൊണ്ട് മാത്രമാണ്. രാജ്യത്ത് ജനസംഖ്യയുടെ അറുപത് ശതമാനത്തിന് മുകളിൽ വരുന്ന തൊഴിൽ ശക്തി (Labour Force) കണ്ടിട്ടാണ് വികസനത്തിൽ പല രാജ്യങ്ങളും ഇന്ത്യക്ക് പിന്നിലാണെന്ന പോലും വിലയിരുത്തപ്പെടുന്നത്. തൊഴിൽ ശക്തിയുടെ കാര്യത്തിൽ സമാനമായ സ്ഥിതി തന്നെയാണ് കേരളത്തിന്റെയും, സംസ്ഥാന ജനസംഖ്യയിൽ 60% ന് മുകളിൽ തൊഴിൽ ശക്തിയിൽ ഉൾപ്പെടുന്നവരാണ്. അതായത് സംസ്ഥാനത്തെ ഭൂരിഭാഗം ആളുകളും 15 നും 59 നും ഇടയിലുള്ള പ്രായത്തിൽപ്പെടുന്നവരാണ് എന്നർത്ഥം. ഇന്ന് ഇന്ത്യയിലെ പല സംസ്ഥാനങ്ങളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ പരിശോധിച്ചാൽ ദാരിദ്ര്യം, ലിംഗ നീതി, ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടവ ആണെന്ന് കാണാം. എന്നാൽ ഇവയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് നമ്മുടെ മാനവവിഭവശക്തിയെ വിനിയോഗിക്കുന്നതിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളാണ്. തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിലും വെല്ലുവിളികൾ ഏറെയാണ്.

### തൊഴിലില്ലായ്മ - ചില വസ്തുതകൾ

2021 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പരിശോധിച്ചാൽ സംസ്ഥാനത്തെ തൊഴിൽ ശക്തിയിലെ 10% പേരും തൊഴിൽ രഹിതരാണ്. സംസ്ഥാനത്തെ




ആകെ ജനസംഖ്യയുടെ 52% വനിതകൾ ആയിരിക്കെ തൊഴിൽ ഇല്ലായ്മാനിരക്ക് പുരുഷൻമാർക്കിടയിൽ 7.4% ആണെങ്കിൽ സ്ത്രീകൾക്കിടയിൽ അത് 15.1% ഉം ആണെന്നും കാണാം. തൊഴിലില്ലായ്മയിലെ ഈ വ്യത്യാസം ഗ്രാമ-നഗരങ്ങളിലും നമുക്ക് കാണാവുന്നതാണ്. കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളിൽ പുരുഷൻമാരുടെ തൊഴിലില്ലായ്മാനിരക്ക് 7.3% ആണെങ്കിൽ നഗരങ്ങളിൽ അത് 7.4% ആണ്. ഗ്രാമ നഗര പ്രദേശങ്ങളിലുള്ള സ്ത്രീകളുടെ തൊഴിലില്ലായ്മാനിരക്ക് യഥാക്രമം 13.8% ഉം 16.7% ഉം ആണെന്നും കണക്കുകൾ കാണിക്കുന്നു. വിദ്യാസമ്പന്നർക്കിടയിലെ ഒരു നീറുന്ന പ്രശ്നം തന്നെയാണ്. സെക്കണ്ടറി വിദ്യാഭ്യാസമോ അതിന് മുകളിൽ യോഗ്യതയോ ഉള്ളവർക്കിടയിൽ ഏകദേശം 16.7% പേരും തൊഴിൽ രഹിതരാണ്. ഗ്രാമ പ്രദേശങ്ങളിൽ വിദ്യാസമ്പന്നരായവരിൽ 17% ഉം നഗര പ്രദേശങ്ങളിലുള്ളവരിൽ 16.4% ഉം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം തൊഴിൽ തന്നെയാണ്.

## യുവജനങ്ങളും തൊഴിലും വികസനവും

ഏതൊരു രാജ്യത്തിന്റെയും വികസനത്തിൽ യുവജനങ്ങളുടെ ഉൽപാദനക്ഷമമായ തൊഴിൽ അത്യന്താപേക്ഷിതമാണ്. സംസ്ഥാന ജനസംഖ്യയിൽ ഏകദേശം 23 ശതമാനത്തോളം യുവജനങ്ങളാണ്, അതായത് 15നും 29 നും ഇടയിൽ പ്രായമുള്ളവരാണ്. എന്നാൽ സംസ്ഥാനത്തെ യുവജനങ്ങളിൽ 35.2% പേരും തൊഴിൽ രഹിതരാണ്

**സംസ്ഥാന ജനസംഖ്യയിൽ ഏകദേശം 23 ശതമാനത്തോളം യുവജനങ്ങളാണ്, അതായത് 15നും 29 നും ഇടയിൽ പ്രായമുള്ളവരാണ്. എന്നാൽ സംസ്ഥാനത്തെ യുവജനങ്ങളിൽ 35.2% പേരും തൊഴിൽ രഹിതരാണ് എന്നത് യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രതയാണ് കാണിക്കുന്നത്**

എന്നത് യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രതയാണ് കാണിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലെ യുവജനങ്ങളിൽ 36.9% ഉം നഗര പ്രദേശങ്ങളിൽ വസിക്കുന്നവരിൽ 33.8% ഉം തൊഴിൽ ഇല്ലാത്തവരാണ്. അതുപോലെ ഗ്രാമീണ മേഖലയിൽ യുവജനങ്ങളിലെ തൊഴിലില്ലായ്മ അതിരൂക്ഷവുമാണ്. ഗ്രാമീണ മേഖലയിൽ വസിക്കുന്ന യുവതികളിൽ 58.3% ഉം തൊഴിൽ ഇല്ലാത്തവരാണ്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകർ 38.3 ലക്ഷത്തോളം വരും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 93.6% തൊഴിലന്വേഷകരും സെക്കണ്ടറിയോ അതിന് മുകളിൽ വിദ്യാഭ്യാസ യോഗ്യത ഉള്ളവരോ ആണെന്നുള്ളത് കാര്യങ്ങളുടെ ഗൗരവം കൂട്ടുതൽ വർദ്ധിപ്പിക്കുന്നു. മാത്രമല്ല ഏകദേശം 58% ത്തോളം പേർ ITI, ഡിപ്ലോമ അടക്കമുള്ള സാങ്കേതിക യോഗ്യത ഉള്ളവരുമാണ്. എംപ്ലോയ്മെന്റ് എക്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകരിൽ 63.1 % വും വനിതകളാണ് എന്നതും ശ്രദ്ധിക്കപ്പെടേണ്ട വസ്തുത തന്നെയാണ്. ചുരുക്കത്തിൽ സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ വലിയൊരു വിഭാഗത്തെ വിനിയോഗിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ അനിവാര്യമാണ് എന്ന് തന്നെയാണ് ഈ വസ്തുതകൾ തുറന്ന് കാണിക്കുന്നത്.

വർഷാവർഷങ്ങളിൽ ഉയർന്ന യോഗ്യത നേടി പഠിച്ചിറങ്ങുന്ന തൊഴിൽ അന്വേഷകരുടെ എണ്ണം സംസ്ഥാനത്ത് ദിനംപ്രതി കൂടുകയാണ്. യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ കണ്ടെത്താൻ പറ്റാത്തവരുടെ എണ്ണവും (Under unemployment) ദിനം പ്രതി സംസ്ഥാനത്ത് കുതിച്ചുയരുകയാണ്. 25 ലക്ഷത്തിലധികം പ്രവാസികളാണ് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ സൗകര്യങ്ങൾ തേടി വിദേശ രാജ്യങ്ങളിൽ താമസിക്കുന്നത്. സംസ്ഥാനത്തിന് നഷ്ടമാകുന്ന ഈ തൊഴിൽ ശക്തിയെ പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിൽ നാം പരാജയപ്പെടുന്നത് സംസ്ഥാന വികസനത്തിൽ ദൂരവ്യാപകമായ ഫലങ്ങളായിരിക്കും ഉണ്ടാക്കുക. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രാദേശിക തലത്തിൽ തന്നെ സാധ്യതകൾ കണ്ടെത്തേണ്ടതായിട്ടുണ്ട് എന്ന തിരിച്ചറിവാണ് പതിനാലാം പദ്ധതിയിൽ സംസ്ഥാനം മുന്നോട്ടുവയ്ക്കുന്ന വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥ എന്ന ആശയം. വിജ്ഞാനാധിഷ്ഠിത സമ്പദ്വ്യവസ്ഥയായി സംസ്ഥാനത്തെ പരിവർത്തനം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് ഏറ്റവും താഴെ തലത്തിൽ നിന്ന് തൊഴിൽ സഭകൾ സംഘടിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

## K - DISC കുടുംബശ്രീ സർവ്വേ

വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയാക്കി മാറ്റുന്നതിന്റെ ഭാഗമായി, വരുന്ന അഞ്ച് വർഷം കൊണ്ട് 20 ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന വലിയൊരു ലക്ഷ്യമാണ്

പതിനാലാം പദ്ധതി മുന്നോട്ട് വെക്കുന്നത് തന്നെ. പ്രാദേശിക സർക്കാറുകളുടെ പതിനാലാം പദ്ധതി വികസന സമീപനത്തിലും ഇക്കാര്യം വ്യക്തമാക്കുന്നു. സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ പ്രധാന കാരണങ്ങളിൽ ഒന്ന് സ്ത്രീ പുരുഷന്മാർക്ക് ലഭിച്ചിട്ടുള്ള ഉയർന്ന വിദ്യാഭ്യാസവും അതിനനുസരിച്ചുള്ള ജോലി ലഭ്യതക്കുറവുമാണ്. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാന സർക്കാറിന് ഏറ്റെടുക്കാൻ പറ്റുന്നതിനും അപ്പുറം പ്രാദേശിക സർക്കാറുകൾക്ക് നേതൃത്വപരമായി പലതും ചെയ്യാനാകും എന്ന തിരിച്ചറിവും ഇതിന് പിന്നിലുണ്ട്. സംസ്ഥാനം ഇന്നേ വരെ കണ്ടിട്ടില്ലാത്ത മഹാമാരിയിലും കോവിഡ് പ്രതിരോധത്തിലും പ്രാദേശിക സർക്കാറുകൾ നടത്തിയ ഇടപെടലുകളാണ് സംസ്ഥാന സർക്കാറിനെ ഇങ്ങനെ ചിന്തിക്കാൻ പ്രേരിപ്പിച്ചതെന്ന് പറയാം.

സംസ്ഥാനത്തെ തൊഴിൽ അന്വേഷകരുടെ കൃത്യമായ വിവരം കണ്ടെത്തുന്നതിനായി കേരളാ ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) കുടുംബശ്രീയുമായി ചേർന്ന് സംസ്ഥാനത്തൊട്ടാകെ വീട് വീടാന്തരം കയറി സർവ്വെ നടത്തുകയുണ്ടായി. 53 ലക്ഷം തൊഴിൽ അന്വേഷകർ സംസ്ഥാനത്ത് ഉണ്ടെന്നാണ് കണ്ടെത്താൻ കഴിഞ്ഞത്. ഇതിൽ 58% പേരും സ്ത്രീകളുമാണ്. ഇതിൽ നിന്നും 23 നും 40 വയസ്സിനും ഇടയിലുള്ള 29 ലക്ഷം പേരെ K - DISC ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന പ്ലാറ്റ്ഫോമിലേക്ക് മാറ്റുകയും അതിൽ 20 ലക്ഷം പേർക്ക് ആവശ്യമായ നൈപുണ്യ വികസന പരിശീലനങ്ങൾ അടക്കം നൽകി കൊണ്ട് വരുന്ന അഞ്ച് വർഷത്തിനുള്ളിൽ തൊഴിൽ നൽകുന്നതിനുള്ള ഒരു ബൃഹത്തായ കർമ്മപദ്ധതിക്ക് സംസ്ഥാന സർക്കാർ ഇതിനോടകം രൂപം നൽകിക്കഴിഞ്ഞു.

## തൊഴിലും പ്രാദേശിക സർക്കാർ ഇടപെടലുകളും

പതിനാലാം പദ്ധതിയുടെ വികസന സമീപനത്തിൽ പ്രാദേശിക സാമ്പത്തിക വികസനം (Local Economic Development) വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നായിട്ടാണ് സർക്കാർ ഉയർത്തിക്കാണിക്കുന്നത്. ഇതിനായി പ്രാദേശിക സർക്കാറുകൾ പ്രത്യേക പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (LED Plan) തയ്യാറാക്കാനും നിർദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ സംരംഭകത്വ, നൈപുണ്യ വികസനങ്ങളാണ് LED പ്ലാനിന്റെ കാതൽ തന്നെ. തൊഴിൽ കണ്ടെത്തുന്നതിനുള്ള സംരംഭകത്വ പ്രവർത്തനങ്ങൾക്ക് മുൻപൊന്നും ഇല്ലാത്തത്ര വലിയൊരു പിന്തുണാസംവിധാനം പ്രാദേശിക സർക്കാർതലത്തിൽ തന്നെ സർക്കാർ ഇതിനായി ഒരുക്കിയിട്ടുണ്ട്. ഒരു വർഷം ആയിരത്തിൽ അഞ്ച് പേർക്ക് എങ്കിലും തൊഴിൽ നൽകുന്നതിനായി ലക്ഷ്യം വച്ചിട്ടുള്ള ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (LEAP) പ്രാദേശിക തലത്തിൽ ആരംഭിച്ചിട്ടുണ്ട്. ശരാശരി ഒരു വർഷം കാൽലക്ഷം കോടിരൂപയുടെ പദ്ധതികൾ ഏറ്റെടുക്കുന്ന പ്രാദേശിക സർക്കാറുകൾക്ക് കാർഷിക മേഖല അടക്കമുള്ള ഉൽപാദന മേഖലയിലും വ്യവസായ, സേവന മേഖലകളിലും, ടൂറിസം, സഹകരണം തുടങ്ങിയ മേഖലകളിലും വലിയ രീതിയിൽ തൊഴിൽ സൃഷ്ടിക്കാനാവും. ഇതിനായുള്ള പദ്ധതികളും നൂതന മേഖലയിലെ തൊഴിൽ സാധ്യതകളും കണ്ടെത്തി വിവിധ പരിപാടികൾക്ക് രൂപം നൽകിയാൽ സംസ്ഥാനത്ത് വലിയ വികസന കുതിപ്പ് ഉണ്ടാകും എന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല. സംരംഭകത്വ വികസനത്തിന്റെ ഭാഗമായി ടെക്നോളജി കൈമാറ്റ ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്,ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്,








റിവൈവൽ ഫണ്ട്, ഇൻകുബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം, സംരംഭങ്ങൾക്ക് പലിശ സബ്സിഡി, ASAP, KASE, K-DISC തുടങ്ങിയ വഴിയുള്ള നൈപുണ്യ പരിപാടികൾക്കും വലിയ സാധ്യതകളാണ് പ്രാദേശിക സർക്കാറുകളുടെ പദ്ധതികളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ പ്രാദേശികമായി തൊഴിൽ സഭകൾ എന്ന ആശയവും മുന്നോട്ട് വെക്കുന്നുണ്ട്.

## എന്താണ് തൊഴിൽ സഭകൾ ?

ആഗോള തലത്തിലുള്ള വൈവിധ്യമാർന്ന തൊഴിൽ വിപണിയെ തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് സുസ്ഥിര സാമ്പത്തിക വികസന ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള ഉപാധിയായി സർക്കാർ വിഭാവനം ചെയ്ത ജനകീയ പരിപാടിയാണ് തൊഴിൽ സഭകൾ. തൊഴിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിനായി പ്രാദേശിക സാധ്യതകൾ കൂടി പരിഗണിച്ച് വരുമാന ദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പിന്തുണ നൽകുന്ന ജനകീയ സംവിധാനമായിട്ടാണ് തൊഴിൽ സഭകളെ നോക്കി കാണുന്നത്. തൊഴിൽ തേടുന്നവർ, സ്വയം തൊഴിൽ സംരംഭകർ, തൊഴിൽ ദായക സംരംഭകർ, കുടുംബശ്രീ - K DISC സർവ്വേ വഴി കണ്ടെത്തിയ തൊഴിൽ ഇല്ലാത്തവർ എന്നിവരെ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ വിളിച്ചുചേർത്ത് തദ്ദേശ സർക്കാറുകളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും മറ്റ് സംവിധാനങ്ങളുടെയും സഹായത്തോടെ തൊഴിൽ സംരംഭക സാധ്യതകളും, തൊഴിൽ പരിശീലന സാധ്യതകളും പരിചയപ്പെടുത്തി തൊഴിൽ കണ്ടെത്തുന്നതിനുള്ള വഴി തുറന്ന് നൽകുന്നതിന് വേണ്ടിയാണ് പ്രാദേശിക സർക്കാർ തലത്തിൽ തൊഴിൽ സഭകൾ സംഘടിപ്പിക്കുന്നത്. കേരളത്തിന് അകത്തും പുറത്തുമുള്ള സംരംഭകരെയും തൊഴിൽ ദായകരെയും തൊഴിൽ അന്വേഷകരുമായി ബന്ധപ്പെടുത്തുന്നതിനും തൊഴിൽ സഭകൾ വേദിയാകും. മാത്രവുമല്ല വിവിധ വികസന വകുപ്പുകളുടെയും ഏജൻസികളുടെയും തൊഴിൽ അവസരങ്ങളും തൊഴിൽ സംവിധാനങ്ങളും തൊഴിൽ അന്വേഷകർക്ക് അറിയാനും ഈ സഭകൾ വേദിയൊരുക്കും. ചുരുക്കത്തിൽ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും നൈപുണ്യ വികസന പരിപാടികളും സ്വയം സംരംഭകത്വ പദ്ധതികളും പ്രാദേശിക സർക്കാർ തലത്തിലേക്ക് എത്തിക്കുന്നതിനും പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിക്കുന്നതിനുമുള്ള സാധ്യതകളാണ് ഇത് വഴി സാധ്യമാവുന്നത്. സംരംഭകരും തൊഴിൽ ദായകരും തൊഴിൽ അന്വേഷകരും തൊഴിൽ സഭകളുടെ ഭാഗമാകുന്നതോടെ സാധ്യതകളുടേതായ ഒരു വിശാല ലോകം അവർക്ക് മുന്നിൽ തുറക്കപ്പെടുകയാണ്. തൊഴിൽ സഭകൾ എന്ന ആശയം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ അടക്കം സർക്കാർ വിഭാവനം ചെയ്യുന്നുണ്ട്. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖയും സർക്കാർ ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ സഭകൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാർ തലത്തിൽ ആസൂത്രണം ചെയ്തുവരുകയാണ്.

**ആഗോള തലത്തിലുള്ള വൈവിധ്യമാർന്ന തൊഴിൽ വിപണിയെ തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് സുസ്ഥിര സാമ്പത്തിക വികസന ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള ഉപാധിയായി സർക്കാർ വിഭാവനം ചെയ്ത ജനകീയ പരിപാടിയാണ് തൊഴിൽ സഭകൾ.**

കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കണക്ക് പ്രകാരം സംസ്ഥാനത്തെ അധ്വാന ശക്തിയിൽ 12.5% പേരും തൊഴിൽ രഹിതരാണ്. ഇത് ഏകദേശം 50 ലക്ഷത്തിനടുത്തുവരും. ഈ കണക്കുകളും നാം പ്രാദേശികമായി ശേഖരിച്ച വിവരങ്ങളും ഒരേ ദിശയിലേക്ക് തന്നെയാണ് വിരൽ ചൂണ്ടുന്നത്. തൊഴിൽ ശക്തിയെ പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിലും പ്രാദേശിക സാധ്യതകൾ കണ്ടെത്തുന്നതിലും തൊഴിൽ സഭകൾക്ക് സാധിച്ചാൽ നാളെ സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ല് തന്നെയായിരിക്കും അതെന്ന കാര്യത്തിൽ ഒരു സംശയവും ഉണ്ടായിരിക്കില്ല. ☐

*ലേഖകൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്*



# ലോകം ഈജിപ്റ്റിലെ ഷാം എൽ ഷേയ്ക്കിൽ എത്തുമ്പോൾ

## കാലാവസ്ഥ കൂടിച്ചേരൽ (COP 27) നവംബർ 6 മുതൽ 18 വരെ നടക്കുന്നു

■ **ടി. ഷാഹുൽ ഹമീദ്**

മനുഷ്യർ നേരിടുന്ന ജീവൽ പ്രശ്നം ചർച്ച ചെയ്യുന്നതിന് ലോക രാജ്യങ്ങളുടെ ഇരുപത്തേഴാമത് കാലാവസ്ഥ ഒത്തുചേരൽ ഈജിപ്റ്റിലെ ഷാം എൽ ഷേക്കിൽ വച്ച് നടക്കുകയാണ്. പുതുതായി അധികാരത്തിലേറിയ ബ്രിട്ടൻ പ്രധാനമന്ത്രി ഋഷിക് സുനിക്ക് ഈജിപ്റ്റിലേക്ക് പോകില്ല എന്ന് പ്രഖ്യാപിച്ചതും ഒത്തുചേരലിന്റെ സ്പോൺസർഷിപ്പ് പട്ടികയിൽ പ്രതിവർഷം 120 ബില്യൺ വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് കുപ്പികളുടെ ഉത്പാദകരായ കൊക്കക്കോള ഇടംപിടിച്ചതും ആഗോള കൂടിച്ചേരലിന് മങ്ങലേൽപ്പിച്ചെങ്കിലും ലോകം പ്രതീക്ഷാ നിർഭരമായാണ് കൂടിച്ചേരലിനെ കാണുന്നത്.

2015 ൽ 170 രാജ്യങ്ങൾ പാരീസിൽ ഒത്തുചേർന്ന് ആഗോള താപനില വർദ്ധന 2 ഡിഗ്രി സെൽഷ്യസിൽ താഴെയോ പറ്റുമെങ്കിൽ ഒന്നര ഡിഗ്രിയിൽ എത്തിക്കും എന്ന് തീരുമാനിച്ച് ഏഴു വർഷം കഴിഞ്ഞിട്ടും ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാലാവസ്ഥാ വ്യതിയാനം കാരണം അടിയന്തരാവസ്ഥയുടെ വക്കിലാണ് എത്തിനിൽക്കുന്നത്. ഐക്യരാഷ്ട്രസഭ പരിസ്ഥിതി കർമ്മ പരിപാടിയുടെ പതിമൂന്നാമത് ഉദ്വമന വിടവ് റിപ്പോർട്ട് (എമിഷൻ ഗ്യാപ്പ് റിപ്പോർട്ട് 2022) ലോക രാജ്യങ്ങളുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. ഈ നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും ഭൂമിയുടെ ചൂട് നിലവിലുള്ളതിൽ നിന്നും 2.8 ഡിഗ്രി സെൽഷ്യസ് വർദ്ധിക്കുമെന്ന് റിപ്പോർട്ട് പ്രവചിക്കുന്നു. ലോകരാജ്യങ്ങൾ നിലവിൽ സ്വീകരിച്ച ഇടപെടലുകളും നടപടികളും പദ്ധതികളും കൊണ്ട് ആഗോളതാപന വർദ്ധനവ് 2.4 മുതൽ 2.6 വരെ എത്തിക്കാനെ സാധിക്കുകയുള്ളൂ എന്ന് വിവിധ രാജ്യങ്ങളുടെ കണക്ക് സഹിതം റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. നിലവിൽ ബഹിർഗമിക്കുന്ന ഹരിതഗൃഹ വാതകങ്ങളുടെ 45% കുറച്ചാൽ മാത്രമേ ലോകം രക്ഷപ്പെടുകയുള്ളൂ. അല്ലെങ്കിൽ ഭൂമി വിയർത്ത് മനുഷ്യരടക്കമുള്ള ജീവജാലങ്ങൾ അതിജീവനത്തിനായി നെട്ടോട്ടം ഓടേണ്ടി വരും. വൈദ്യുതി, വ്യവസായം, വാഹനഗതാഗതം, നിർമ്മാണ മേഖല, ഭക്ഷ്യോത്പാദന മേഖല എന്നിവയിൽ സമൂലമായ പരിവർത്തനം സൃഷ്ടിച്ച് കൂടുതൽ പരിസ്ഥിതി സൗഹൃദ







നിലപാട് സ്വീകരിച്ചാൽ മാത്രമേ ഭൂമിയെ രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളൂ.

ലോകത്തിന്റെ ചൂട് 2010 മുതൽ 2019 വരെ ശരാശരി 1.1 ഡിഗ്രി സെൽഷ്യസ് ആണ് വർദ്ധിച്ചതെങ്കിൽ 2020 ൽ 141 വർഷത്തിനു ശേഷം ചൂട് 1.28ഡിഗ്രി സെൽഷ്യസ് ആയി വർദ്ധിച്ചു. ലോകത്തെ അനിയന്ത്രിതമായ താപവർദ്ധനവിന് കാരണമായ കാർബൺ പുറന്തള്ളലിന്റെ 55% വും വികസിത രാജ്യങ്ങളായ ജി 20 രാജ്യങ്ങളാണ് പുറന്തള്ളുന്നത്. കാർബൺ അടക്കമുള്ള ഹരിത ഗൃഹ വാതകങ്ങളുടെ പ്രതിശീർഷ ബഹിർഗമനത്തിൽ ഒരു വ്യക്തി ലോകത്താകമാനം 6.3 ടൺ ഹരിത ഗൃഹവാതകങ്ങളാണ് വർഷത്തിൽ പുറന്തള്ളുന്നത് എങ്കിൽ അമേരിക്കയിൽ അത് 14 ടണ്ണും റഷ്യയിൽ 13 ടണ്ണും ചൈനയിൽ 9.71, ബ്രസീലിൽ 7.51 ടണ്ണും ആണ് പുറന്തള്ളുന്നത്.

ഈജിപ്റ്റിൽ എത്തുന്നതിന് മുമ്പ് 2021ൽ സ്കോട്ട്ലാൻഡിലെ ഗ്ലാസ്കോ ഉച്ചകോടിയിൽ 166 രാജ്യങ്ങൾ പുതിയ ചുവടുവെപ്പ് നടത്തി നിലവിലുള്ള കാർബൺ ബഹിർഗമനത്തിൽ 4.8 ഗിഗാ ടണ്ണിന്റെ കുറവ് ഉണ്ടാക്കും എന്ന് പ്രഖ്യാപിച്ചിട്ടും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹരിത ഗൃഹ വാതകങ്ങളായ കാർബൺഡയോക്സൈഡ്, മീഥെയിൻ, നൈട്രസ് ഓക്സൈഡ്, ഹൈഡ്രോഫ്ലൂറോ കാർബൺ, പെർ ഫ്ലൂറോ കെമിക്കൽസ്, കാർബൺ മോണോക്സൈഡ് എന്നിവയുടെ ബഹിർഗമനം അപകടകരമായ രീതിയിൽ തുടരുകയാണ്\.

ഒരു വ്യക്തിയോ സ്ഥാപനമോ, ഒരു വസ്തുവോ, സംഘമോ അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന കാർബണിന്റെ അളവ് കണക്കാക്കി രേഖപ്പെടുത്തുന്നതിനാണ് കാർബൺ പാദമുദ്ര ഉപയോഗിക്കുന്നത്., രാജ്യങ്ങൾ ഇത് രേഖപ്പെടുത്തി വെക്കുവാനും ഇങ്ങനെ പുറം തള്ളുന്നതിന് ഒരു വില നിശ്ചയിക്കുകയും ചെയ്താൽ കാർബൺ ബഹിർഗമനം ഒരു പരിധി വരെ പിടിച്ചുനിർത്താൻ സാധിക്കും.

കാലാവസ്ഥാ പ്രതിസന്ധി ഇന്ന് ഒരു യാഥാർത്ഥ്യമായതിനാൽ സർക്കാരുകളും, വൻകിട കമ്പനികളും മെല്ലെ പോക്ക് നയം ഈ നിലയിൽ തുടരുകയാണെങ്കിൽ 2100 ആകുമ്പോഴേക്കും ലോകത്തിന്റെ വിവിധ ഭാഗങ്ങൾ കടലിനടിയിലാകും. മനുഷ്യവാസമുള്ള ചെറുദ്വീപുകൾ അപ്രത്യക്ഷമാകും, മാലിദ്വീപ് മന്ത്രിസഭ കടലിനടിയിൽ ചേർന്ന് ലോകത്തിന്റെ ശ്രദ്ധ മാലിദ്വീപിലേക്ക് ക്ഷണിച്ചത് ഈ അവസരത്തിൽ നമുക്ക് ഓർക്കാവുന്നതാണ്.

### വേണം കാർബൺ പാദമുദ്ര

ഒരു വ്യക്തിയോ സ്ഥാപനമോ, ഒരു വസ്തുവോ, സംഘമോ അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന കാർബണിന്റെ അളവ് കണക്കാക്കി രേഖപ്പെടുത്തുന്നതിനാണ് കാർബൺ പാദമുദ്ര ഉപയോഗിക്കുന്നത്., രാജ്യങ്ങൾ ഇത് രേഖപ്പെടുത്തി വെക്കുവാനും ഇങ്ങനെ പുറം തള്ളുന്നതിന് ഒരു വില നിശ്ചയിക്കുകയും ചെയ്താൽ കാർബൺ ബഹിർഗമനം ഒരു പരിധി വരെ പിടിച്ചുനിർത്താൻ സാധിക്കും, ഈ കാര്യത്തിൽ ഈജിപ്റ്റിൽ നിന്നും അനുകൂലമായ ഒരു തീരുമാനം ഉണ്ടാകുമെന്ന് ലോകം പ്രതീക്ഷിക്കുന്നു. വ്യവസായ യുഗം ആരംഭിച്ചതോടുകൂടി ലോകത്തിന്റെ ചൂട് ശരാശരി ഒരു ശതമാനം വർധിക്കാൻ തുടങ്ങി. ലോകത്ത് ആകമാനം ഹരിത ഗൃഹവാതകങ്ങളുടെ 35% പുറന്തള്ളുന്നത് ഊർജ്ജ മേഖലയിൽ നിന്നാണ്. കൃഷി, വനനശീകരണം, കാട്ടുതീ എന്നിവയിൽ നിന്നും 24 ശതമാനവും വ്യവസായത്തിൽ നിന്ന് 24 ശതമാനവും ഗതാഗത മേഖലയിൽ നിന്ന് 14ശതമാനവും കെട്ടിട നിർമ്മാണ മേഖലയിൽ നിന്ന് 6% വും കാർബൺ പുറന്തള്ളുന്നു. 30% മാത്രം കാർബൺ ഗ്രാമീണ മേഖലയിൽ നിന്നും അന്തരീക്ഷത്തിലേക്ക് പുറന്തള്ളുമ്പോൾ നഗരപ്രദേശങ്ങളിൽ നിന്നാണ് 70% കാർബണും പുറത്തേക്ക് തള്ളുന്നത്.

ലോകത്താകമാനം കാർബൺ പുറന്തള്ളുന്നവരിൽ നിന്നും തള്ളുന്നതിനനുസരിച്ച് വില ഈടാക്കണമെന്ന ആവശ്യം ശക്തമായി ഉയർന്നുവരികയാണ്, കൂടാതെ കാർബൺ വിസർജനം കൂടുതൽ നടത്തുന്ന രാജ്യങ്ങൾക്ക് അനുവദിക്കപ്പെട്ട പരിധിയിൽ

താഴെ മാത്രം കാർബൺ വിസർജനം നടത്തുന്നതിന് അവകാശം വില കൊടുത്തു വാങ്ങാവുന്ന കാർബൺ വിപണി ആരംഭിക്കുകയാണ്, കാർബൺ മാർക്കറ്റ് പ്രവർത്തിക്കുന്നതോടെ വ്യാപാര മേഖലയിൽ കാർബൺ ബഹിർഗമനം കുറയുമെന്ന് പ്രതീക്ഷിക്കുന്നു. അന്തരീക്ഷത്തിലുള്ള കാർബണിന്റെ അളവ് 1970 ൽ 325 ppm (പാർട്സ് പെർ മില്യൺ) ആയിരുന്നുവെങ്കിൽ ഇന്ന് അത് 430 പി പി എം ആയി വർദ്ധിച്ചു.

ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് കാർബൺ ഏറ്റവും കൂടുതൽ പുറം തള്ളുന്നത് 31% ചൈനയിലാണ്, അമേരിക്ക 14%യൂറോപ്യൻ യൂണിയനും ഇന്ത്യയും 7% പുറത്തേക്ക് വിടുന്നു. കൽക്കരി ഇന്ധന ഉല്പാദനത്തിൽ നിന്നും 190 രാജ്യങ്ങൾ പിൻവാങ്ങുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇതിൽ 46 രാജ്യങ്ങൾ കരാറിൽ ഒപ്പിട്ടില്ല. കരാറിൽ ഒപ്പിട്ട രാജ്യങ്ങൾ ലോകത്തിലെ കൽക്കരി ഉൽപാദനത്തിന്റെ 15% മാത്രമാണ്, ഏറ്റവും വലിയ കൽക്കരി ഉപഭോക്താക്കളായ ചൈന, ഇന്ത്യ, അമേരിക്ക, ഓസ്ട്രേലിയ എന്നീ രാജ്യങ്ങൾ ഈ കരാറിൽ ഒപ്പിട്ടിട്ടില്ല, ലോകത്താകെ 92 രാജ്യങ്ങളിലായി 648 ചൈനീസ് കമ്പനികൾ കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. 245 ടൺ കാർബൺ ഡൈഓക്സൈഡ് ആണ് ഇവിടങ്ങളിൽ നിന്നും ഒരു വർഷം പുറത്തേക്ക് വിടുന്നത്. സ്പെയിൻ, തായ്‌ലൻഡ് എന്നീ രാജ്യങ്ങളിലെ ഒരു വർഷം പുറന്തള്ളുന്ന കാർബണിന് തുല്യമാണ് ഇത്.

മനുഷ്യനാൽ പുറന്തള്ളുന്ന മീഥെയ്ൻ വാതക ബഹിർഗമനം 30% കുറയ്ക്കുവാൻ ലോകത്തിലെ 122 രാജ്യങ്ങൾ പ്രതിജ്ഞ എടുത്തപ്പോൾ ലോകത്ത് ഏറ്റവും കൂടുതൽ മീഥേയിൻ പുറന്തള്ളുന്ന ആസ്ട്രേലിയ, ചൈന, ഇന്ത്യ, ഇറാൻ,റഷ്യ എന്നി രാജ്യങ്ങൾ പ്രതിജ്ഞ എടുത്തിട്ടില്ല എന്നത് നിരാശാജനകമാണ് ലോകത്ത് മീഥെയിൻ വാതകത്തിന്റെബഹിർഗമനം ഓരോ വർഷവും 162 % ആണ് വർദ്ധിക്കുന്നത്. കാർബൺ ഡൈഓക്സൈഡിനേക്കാൾ അപകടകാരിയാണ് മീഥൈൻ.

2070 ൽ ഇന്ത്യ കാർബൺ ബഹിർഗമനം പൂജ്യത്തിൽ എത്തിക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2050ൽ അമേരിക്കയും 2060ൽ ചൈനയും കാർബൺ ന്യൂട്രൽ ആകും എന്ന പ്രഖ്യാപനം ലോകം വലിയ പ്രതീക്ഷയോടെയാണ് കാണുന്നത്, കൂടാതെ ലോകത്ത് ഏറ്റവും വലിയ എണ്ണ കയറ്റുമതി രാജ്യമായ സൗദി അറേബ്യ 2060 ൽ കാർബൺ ബഹിർഗമനം പൂജ്യത്തിൽ എത്തിക്കുമെന്ന് പ്രഖ്യാപിച്ചത് ശുഭ പ്രതീക്ഷയാണ് നൽകുന്നത്.



2050 ൽ അമേരിക്കയും 2060 ൽ ചൈനയും കാർബൺ ന്യൂട്രൽ ആകും എന്ന പ്രഖ്യാപനം ലോകം വലിയ പ്രതീക്ഷയോടെയാണ് കാണുന്നത്, കൂടാതെ ലോകത്ത് ഏറ്റവും വലിയ എണ്ണ കയറ്റുമതി രാജ്യമായ സൗദി അറേബ്യ 2060 ൽ കാർബൺ ബഹിർഗമനം പൂജ്യത്തിൽ എത്തിക്കുമെന്ന് പ്രഖ്യാപിച്ചത് ശുഭ പ്രതീക്ഷയാണ് നൽകുന്നത്.

ഭൂമിയിലെ കാർബണിന്റെ വലിയഭാഗം മണ്ണിലാണ് സംഭരിക്കുന്നത് എന്നതിനാൽ ഭൂമിയിൽ ഉണ്ടാകുന്ന അപകടകരമായ മനുഷ്യനിർമ്മിതികൾ അന്തരീക്ഷത്തിലേക്ക് കാർബൺ വികരണത്തിനു കാരണമാകുന്നു. ചത്ത സസ്യങ്ങളുടെയും മൃഗങ്ങളുടെയും അവശിഷ്ടങ്ങളിൽ നിന്നും ഭൂമിയുടെ പുറംതോടിൽ സ്വാഭാവികമായി രൂപംകൊള്ളുന്ന ഹൈഡ്രോ കാർബൺ അടങ്ങിയ ഒരു വസ്തുവാണ് ഫോസിൽ ഇന്ധനങ്ങൾ, കൽക്കരി, ക്രൂഡോയിൽ, പ്രകൃതിവാതകം എന്നിവയാണ് പ്രധാന ഫോസിൽ ഇന്ധനങ്ങൾ. മനുഷ്യപ്രവർത്തനത്തിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന കാർബൺഡയോക്സൈഡിന്റെ 80% വും കത്തിച്ചു കളയുന്നതിലൂടെയാണ് പുറന്തള്ളുന്നത്, ഹരിത ഗൃഹവാതകങ്ങളിൽ 65% കാർബൺഡയോക്സൈഡ് ആണെങ്കിൽ 16% മീഥേയിനും 6% നൈട്രസ് ഓക്സൈഡ് 2% ഫ്ലൂറോ ഗ്യാസുകളും ആണ് അന്തരീക്ഷത്തിലേക്ക് എത്തുന്നത്. ഉപഭോഗത്തെ അടിസ്ഥാനമാക്കിയുള്ള കാർബൺ കണക്കെ



ടുപ്പാണ് നീതിയുക്തമാക്കുക അല്ലാതെ വികസിത രാജ്യങ്ങൾ മുന്നോട്ട് വെക്കുന്ന ദേശത്തിന്റെ അതിർത്തി കണക്കായുള്ള കണക്കെടുപ്പ് വലിയ ചർച്ചയാണ് ഉച്ചകോടിയിൽ ഉണ്ടാകുക. കാർബൺ കുറയ്ക്കുന്നതിന് നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇതിൽ കാർബൺ പിടിച്ചെടുക്കുന്ന BECCS (ബയോ എനർജി വിത്ത് കാർബൺ ക്യാപ്ചർ ആൻഡ് സ്റ്റോറേജ് ) എന്ന മാർഗ്ഗം ജൈവ വസ്തുക്കളിൽ നിന്നും ജൈവോർജം വേർതിരിച്ചെടുക്കുകയും അതുവഴി അന്തരീക്ഷത്തിലേക്ക് എത്തുന്ന കാർബണിനെ നീക്കം ചെയ്യുകയും ചെയ്യുന്ന പ്രക്രിയയാണ്. മറ്റൊരു പ്രക്രിയയാണ് DAC (ഡയറകട് എയർ ക്യാപ്ചർ ) അന്തരീക്ഷത്തിൽ നിന്ന് നേരിട്ട് കാർബൺ പിടിച്ചെടുക്കുന്ന രീതി ഇതിൽ ഏതെങ്കിലും മാർഗം സ്വീകരിച്ച് ക്ലീൻ ഊർജ്ജം എന്ന ആശയം ലോകത്ത് ശക്തമാകേണ്ടതായിട്ടുണ്ട്.

ഭൂമിയിലെത്തുന്ന ചൂടിന്റെ പ്രതിഫലനത്തെ ഹരിത ഗൃഹവാതകങ്ങൾ തടയുകയും ഭൂമിയിലെ താപനില വർദ്ധിക്കുകയും ചെയ്യുന്നു. കഴിഞ്ഞ ദശകത്തിൽ ഭൗമോപരിതലത്തിനോട് ചേർന്നുള്ള വായു പാളികളുടെ ശരാശരി താപം വർദ്ധിച്ചു.

## കാർബൺ തുലിതാവസ്ഥ കാർബൺ ന്യൂട്രൽ

വിവിധ പ്രവർത്തനങ്ങൾ വഴി പുറന്തള്ളപ്പെടുന്ന കാർബൺഡയോക്സൈഡിന്റെ അളവും സ്വാഭാവിക പ്രകൃതിയിലേക്ക് വനം, മണ്ണ്, സമുദ്രങ്ങൾ തുടങ്ങിയവയിൽ ആകിരണം ചെയ്യപ്പെടുന്ന കാർബണിന്റെ അളവും തുല്യമാക്കുന്നതിനെയാണ് കാർബൺ തുലിതാവസ്ഥ അഥവാ കാർബൺ ന്യൂട്രൽ എന്ന് പറയുന്നത്. വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ കാർബൺ കുറയ്ക്കുന്ന വികസന രീതി ലോകരാജ്യങ്ങൾ സ്വീകരിച്ചാൽ ഒരു പരിധിവരെ വലിയ പദ്ധതികൾ കൊണ്ടുണ്ടാക്കുന്ന കാർബൺ ബഹിർഗമനത്തെ തടയാൻ സാധിക്കും.

പ്രകൃതിയിൽ ഓരോ നിമിഷവും വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ ഹരിതഗൃഹ വാതകങ്ങൾ അന്തരീക്ഷത്തിൽ പുറന്തള്ളുന്നു. ആഗോളതാപനത്തിന്റെ അടിസ്ഥാന കാരണമായ കാലാവസ്ഥാ വ്യതിയാനങ്ങളുടെ ഏറ്റവും വലിയ കാരണമായ ഹരിതഗൃഹ വാതകങ്ങൾ കുറയ്ക്കുന്നതിന് ആവശ്യമായിട്ടുള്ള നിർമ്മാണാത്മകമായ തീരുമാനങ്ങൾ ഈജിപ്റ്റിൽ നിന്നും വരുമെന്ന് ലോകത്തെ പ്രകൃതിസ്നേഹികൾ പ്രതീക്ഷിക്കുന്നു.

ഐപിസിസി റിപ്പോർട്ട് പ്രകാരം ലോകത്തെ 360 കോടി ജനങ്ങൾ കാലാവസ്ഥ വ്യതിയാനങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്നു. 2022 മെയ് മാസത്തിൽ ഡൽഹിയിലെ ചൂട് 49.2 ഡിഗ്രിയായത് നമുക്ക് മുമ്പിൽ ഒരു പാഠമാണ്. ഇന്ത്യൻ മഹാ സമുദ്രത്തിൽ 2022 ൽ മാത്രം വിവിധ പേരുകളിൽ പന്ത്രണ്ട് ചുഴലി കാറ്റുകൾ വീശിയടിച്ചു ഇതേ കാലയളവിൽ ജൂലൈയിൽ യൂറോപ്പിൽ രണ്ട് ഉഷ്ണക്കാറ്റുകളും നാശം വിതച്ചു. ഭൂമിയിലെ 80% ചൂട് കടലിലാണ് സൂക്ഷിക്കുന്നത് എന്നതിനാൽ കടലിലെ ചൂട് കരയിലെ ജനങ്ങളെ വളരെയേറെ ബാധിക്കുന്നു.

വാഹന സാന്ദ്രത കൂടുതൽ ഉള്ള കേരളം കാർബൺ ന്യൂട്രൽ ആകുവാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. കേരളത്തിൽ 1000 ജനങ്ങൾക്ക് 425 വാഹനങ്ങൾ ഉണ്ട്, ദേശിയ ശരാശരി 225 ആണ്, കേരളത്തിൽ 1.56 കോടി വാഹനങ്ങൾ ഉണ്ട് ഒരു ചരക്ക് ലോറി ഒരു കിലോമീറ്റർ പിന്നിടുമ്പോൾ 515 ഗ്രാം കാർബൺ ഡൈ ഓക്സൈഡും 3.6 ഗ്രാം കാർബൺ മോണോക്സൈഡും പുറം തള്ളുന്നു. ഇന്ത്യയിൽ കഴിഞ്ഞ 4 വർഷത്തിനിടയിൽ വിമാനങ്ങൾ പുറം തള്ളിയത് 84322 കിലോ ടൺ കാർബൺ ആണ്. പ്രതി ദിനം 4 ലക്ഷം യാത്രക്കാരാണ് വിമാനത്തിൽ ഇന്ത്യയിൽ സഞ്ചരിക്കുന്നത്. 2021 ൽ ലോകത്ത് ആദ്യമായി കാലവസ്ഥാ വ്യതിയാനം രോഗ കാരണമായി റിപ്പോർട്ട് ചെയ്യപ്പെട്ടു, മിനിട്ടിൽ 13 പേർ വീതം ലോകത്ത് വായു മലിനീകരണം കാരണം മരിക്കുന്നു. വായു മലീനീകരണം ശരാശരി ആയുസിന്റെ 2.2 വർഷം കുറയ്ക്കുന്നു എന്നതിനാൽ ലോകം ഗൗരവമായി കാണേണ്ട വിഷയമാണിത്. ഇതിനൊരു തീരുമാനമെടുക്കുവാൻ വേണ്ടിയാണ് ലോക രാജ്യങ്ങൾ ഈജിപ്റ്റിൽ ഒത്തുകൂടുന്നത്. □

*(ലേഖകൻ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.)*




# കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ്

## ഇ-ഗ്രാം പോർട്ടലിൽ നിലവിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഇ-ഗ്രാം പോർട്ടലുമായി ബന്ധപ്പെട്ട സംശയങ്ങൾ വീണ്ടും വളരെക്കൂടുതലായി പലകോണുകളിൽ നിന്നും ഉയർന്നു വരികയാണല്ലോ. നിലവിൽ എന്തൊക്കെയാണ് ഇ-ഗ്രാമിലെ പ്രശ്നങ്ങൾ, എങ്ങിനെ നമുക്ക് ഇവ ഒരു പരിധി വരെ പരിഹരിക്കാം എന്നൊക്കെയാണ് ഈ ലേഖനത്തിൽ വിശദീകരിക്കുന്നത്.

നിലവിൽ നമ്മൾ കടന്നുപോകുന്നത് 2022-23 വാർഷിക പദ്ധതിയിലൂടെയാണല്ലോ. 2021-22 ൽ നമ്മൾ ഇ-ഗ്രാമിൽ ആദ്യമായി പൂർണമായി പദ്ധതികൾ ഏറ്റെടുത്തു. ആദ്യ വർഷം ആയിരുന്നതുകൊണ്ടു തന്നെ ധാരാളം പ്രശ്നങ്ങളും നമ്മൾ നേരിട്ടിരുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ടൈഡ് ഗ്രാൻഡിൽ 50% കുടിവെള്ളത്തിലും 50% സാനിറ്റേഷനിലും ഏറ്റെടുക്കണം. ഇതനുസരിച്ച് എല്ലാ തദ്ദേശ സ്ഥാപനങ്ങളും 2021-22 മെയിൻ പ്ലാൻ ഏറ്റെടുത്തു. 50:50 എന്ന അനുപാതം മറികടക്കാനായി കുറച്ച് തദ്ദേശ സ്ഥാപനങ്ങൾ Saturation Certificate ഉം അപ്‌ലോഡ് ചെയ്തിരുന്നു. ഇതിനുശേഷം വാർഷിക പദ്ധതി ഭേദഗതി വന്നപ്പോൾ സുലേഖയിൽ പ്രൊജക്റ്റ് ഏറ്റെടുത്തു. അതനുസരിച്ചു ഇ-ഗ്രാം സ്വരാജിലും supplementary plan ഏറ്റെടുത്തു.

4 supplementary പ്ലാൻ ആണ് e-gram ൽ ഒരു സാമ്പത്തിക വർഷം പരമാവധി ഏറ്റെടുക്കാവുന്നത്. എന്നാൽ e-gram സ്വരാജിൽ ആദ്യ supplementary പ്ലാൻ ഏറ്റെടുക്കുമ്പോൾ 120% അധികം ആക്റ്റിവിറ്റി കൂടി ഏറ്റെടുക്കണം. അപ്പോൾ അവിടെ വന്നിരുന്ന പ്രശ്നം ടൈഡ് ഗ്രാൻഡിൽ ഒരു കുടിവെള്ള ആക്റ്റിവിറ്റി Abandoned ചെയ്താൽ അതിന്റെ പകുതി തുക സാനിറ്റേഷനും വയ്ക്കണം എന്നൊരു പ്രശ്നം 2021-22 ൽ ഉണ്ടായിരുന്നു. ഇത് യുക്തിസഹമല്ലാതിരുന്നു എന്നത് ഒരു പ്രശ്നമായിരുന്നു. ഈ പ്രശ്നം 2022-23 ൽ പരിഹരിച്ചുവെങ്കിലും നിലവിൽ 2021-22 ലെ Total Plan ൽ പ്രശ്നം സൃഷ്ടിച്ചിട്ടുണ്ട്. എന്തെന്നാൽ Total Approved Plan പരിശോധിക്കുമ്പോൾ സാനിട്ടേഷൻ-കുടിവെള്ളം എന്നീ സെക്ടറിൽ 50:50 എന്ന അനുപാതം വരുന്നില്ലെന്ന് കാണാം. അതായത് 50,000 രൂപയുടെ കുടിവെള്ള ആക്റ്റിവിറ്റി ഉപേക്ഷിക്കുന്ന ഒരു തദ്ദേശ സ്ഥാപനത്തിനു സംഭവിച്ചിരുന്നത് എന്താണെന്ന് നോക്കാം.



ആകെ ആ പഞ്ചായത്തിന് ലഭിക്കുന്ന ടൈഡ് ഫണ്ട് 1 ലക്ഷം ആണെന്ന് കരുതുക അപ്പോൾ ഒരു ലക്ഷത്തിന്റെ 20%, 20,000 രൂപ. കുടിവെള്ളത്തിന്റെ 50000 രൂപയുടെ ആക്ടിവിറ്റി ഉപേക്ഷിച്ചാൽ വീണ്ടും ആക്ടിവിറ്റി ഏറ്റെടുക്കുമ്പോൾ 50000+20000 =70000 രൂപയുടെ ആക്ടിവിറ്റി ഏറ്റെടുക്കണം. അതിൽ കുടിവെള്ളത്തിന് 35000 രൂപയുടെയും ബാക്കി 35000രൂപ സാനിറ്റേഷനും അലോക്കേറ്റ് ചെയ്യേണ്ടിയിരുന്നു. അതായത് നമുക്ക് ആവശ്യമില്ലെങ്കിലും സാനിറ്റേഷനിൽ 35000രൂപ കൂടുതൽ വെയ്ക്കേണ്ടി വന്നിരുന്നു. ഇതേപോലെ തിരിച്ചും. അന്ന് ഇത് സോഫ്റ്റ്‌വെയറിൽ അപാകത ഉണ്ടായിരുന്നു. അന്ന് പദ്ധതികൾ എങ്ങിനെയെങ്കിലും സമർപ്പിക്കുക എന്നതു കൊണ്ട് ഭേദഗതി ആവശ്യമുള്ള എല്ലാവരും ഈ രീതിയിൽ സമർപ്പിച്ചു. പിന്നീട് ഇതിൽ മാറ്റം വരുത്തി. സോഫ്റ്റ്‌വെയറിലുണ്ടായിരുന്ന ഈ അപാകത ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. പക്ഷെ നമുക്ക് വന്ന പ്രശ്നം ആദ്യം തെറ്റായിട്ടുള്ള രീതിയിൽ ആണ് സപ്ലിമെന്ററി ആക്ടിവിറ്റി ഏറ്റെടുത്തത് എന്നതായിരുന്നു.

2022-23 സാമ്പത്തിക വർഷം നിലവിൽ സോഫ്റ്റ്‌വെയറിൽ മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. Supplementary പ്ലാൻ എടുക്കുന്നതിൽ പ്രശ്നം ഇല്ല. അതായത് 120% mandatory അല്ല. ഒരു Supplementary പ്ലാൻ എടുത്ത് അതിൽ പ്രോസസ്സ് ഒന്നും നടന്നില്ല (AS/TS/Progress Reporting) എങ്കിൽ അത് Revert ചെയ്യുവാനുള്ള ഓപ്ഷൻ സ്റ്റേറ്റ് അഡ്മിൻ ലോഗിനിൽ ഉണ്ട്. പിന്നെ പ്രശ്നം എന്ന് പറഞ്ഞാൽ 2022-23 ൽ ടൈഡ് ഗ്രാന്റിൽ ആക്ടിവിറ്റിയുടെ പേര് Auto populated ആണ്. അവ ഡ്രോപ് ഡൌൺ മെനുവിൽ നിന്നും സെലക്ട് ചെയ്ത് കൊടുക്കുവാൻ മാത്രമേ കഴിയുകയുള്ളൂ. അതായത് Activity Name ടൈപ്പ് ചെയ്ത് നൽകുന്നതിന് സാധിക്കുകയില്ല. പകരം ആക്ടിവിറ്റി Component സെലക്ട് ചെയ്താൽ ആക്ടിവിറ്റി പേര് ഓട്ടോമാറ്റിക് ആയിട്ട് വരും. Activity description-ൽ നമുക്ക് ആവശ്യമായ പേര് ടൈപ്പ് ചെയ്ത് നൽകേണ്ടി വരും, അതുപോലെ തന്നെ Activicty Code കൂടി നോട്ട് ചെയ്ത് വയ്ക്കേണ്ടിവരും, അല്ലാത്ത പക്ഷം പെയ്മെന്റ് ചെയ്യുമ്പോ തെറ്റ് സംഭവിക്കാൻ സാദ്ധ്യതയുണ്ട്.

2022-23 ൽ പുതുക്കിയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ പ്രകാരം സപ്ലിമെന്ററി പ്ലാൻ എടുക്കുമ്പോൾ ഏത് സെക്ടറിൽ നിന്ന് ആക്ടിവിറ്റി abandon ചെയ്യുന്നുവോ അത്രയും തുക abandon ചെയ്യുന്ന അതേ സെക്ടറിൽ തന്നെ എടുക്കുവാൻ സാധിക്കും. അതായത് 2021-22 ൽ ചെയ്തതുപോലെ abandon ചെയ്ത് ലഭിക്കുന്ന തുകയെ വീണ്ടും Sanitation, Drinking Water സെക്ടറിൽ 50:50 ൽ വിഭജിക്കേണ്ടതില്ല. അതായത് 50000 രൂപയുടെ കുടിവെള്ള ആക്ടിവിറ്റി ഉപേക്ഷിച്ചാൽ ആ തുക കുടിവെള്ളത്തിന് മാത്രമായി ആക്ടിവിറ്റി ഏറ്റെടുക്കാം.

ഇപ്പോൾ നമ്മൾ നേരിടുന്ന പ്രശ്നങ്ങളിൽ ചിലത് നമുക്കിവിടെ പരിശോധിക്കാം

2022-23 ൽ സുലേഖയിൽ 3 തരത്തിലാണ് ധനകാര്യ കമ്മിഷൻ വിഹിതം ലഭിക്കുന്നത്.

**എ. 2020-21 ൽ ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുക**

ഈ തുക ട്രഷറിയിൽ ലഭിച്ച തുകയാണ്. ആയതുകൊണ്ട് തന്നെ ഈയിനത്തിൽ ബാക്കി നിൽക്കുന്ന മുഴുവൻ തുകയ്ക്കും പ്രോജക്ട് ഏറ്റെടുക്കേണ്ടിയിരുന്നു. പ്രസ്തുത പ്രോജക്ടുകളുടെ ബിൽ തുക മാറേണ്ടതും ട്രഷറി വഴി തന്നെയാണ്.

**ബി. 2021-22 ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുക**

2021-22 ൽ പിഎഫ്എംഎസ് വഴി ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് സുലേഖയിൽ പ്രോജക്ടുകൾ ഏറ്റെടുക്കാം. 2021-22 ൽ സേവിംഗ്സ് ഈ തുകയില്ലെങ്കിലും പ്രോജക്ടുകൾ ഈ സ്പിൽ ഓവർ അധിക വിഹിതത്തിൽ നമുക്ക് ഏറ്റെടുക്കാവുന്നതായിരുന്നു. മുഴവൻ തുകയ്ക്കും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിർബന്ധവുമില്ലായിരുന്നു.

ചില പ്രശ്നങ്ങൾ ഉണ്ടാകുന്നത് ഇവിടെയാണ്.

## കേസ് 1

Spill Over Amount Additional Allocation(2022-23) (2021-22 വർഷത്തെ 120% ബജറ്റ് തുകയിൽ നിന്നും ചെലവ് കുറച്ചിട്ടുള്ളതുക(ബാധകം-ജിപി/ബിപി/ഡിപി)) ഇപ്രകാരം സുലേഖയിൽ ലഭിച്ചിട്ടുള്ള മുഴുവൻ തുകയ്ക്കും ആക്ടിവിറ്റികൾ ഏറ്റെടുക്കേണ്ടതില്ല. ഇവിടെ 2021-22 വർഷം നമുക്ക് ലഭ്യമായ ബജറ്റ് വിഹിതത്തിൽ നിന്നും നാളിതുവരെ ചെലവാക്കിയ തുക കഴിച്ചുള്ള തുകയ്ക്ക് മാത്രം ആക്ടിവിറ്റികൾ ഏറ്റെടുത്താൽ മതിയാകും. അല്ലാത്തപക്ഷം 2021-22 ലെ ചെലവ് ശതമാനം 100% അധികരിക്കുന്നതിനും ഇപ്രകാരം അധികമായി ഏറ്റെടുക്കുന്ന ആക്ടിവിറ്റികൾക്ക് 2022-23 ൽ ലഭ്യമാകുന്ന CFC വിഹിതത്തിൽ നിന്നും ചെലവ് ചെയ്യേണ്ടിവരികയും 2022-23 ലെ ആക്ടിവിറ്റികൾക്ക് പണം ചെലവഴിക്കുന്നതിന് തുക തികയാതെ വരുന്ന സാഹചര്യമുണ്ടാകുകയും ചെയ്യും.

## കേസ് 2

2021-22 ൽ ഒരു തദ്ദേശ സ്ഥാപനത്തിന് 10 ലക്ഷം രൂപ ധനകാര്യ കമ്മിഷൻ വിഹിതമായി ലഭിച്ചിരുന്നുവെന്നും അവർക്ക് ഒരോ ലക്ഷം രൂപയുടെ 10 പ്രോജക്ടുകൾ ഉണ്ടായിരുന്നു വെന്നും കരുതുക. എല്ലാ

പ്രോജക്ടുകളും നിർവ്വഹണം നടന്നു. പദ്ധതികളുടെ സേവിംഗ്സ് ആയി 1 ലക്ഷം രൂപ ഉണ്ട് എന്നും കരുതുക. ഈ 1 ലക്ഷം രൂപ അവർക്ക് ഇ-ഗ്രാം പോർട്ടലിൽ 2022-23 ലേയ്ക്ക് ലഭിക്കുമെങ്കിലും ടി തുകയ്ക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാൻ കഴിയില്ല. എന്നാൽ ഈ തുക ബാലൻസ് കിടക്കുന്നതു കൊണ്ട് ഈ തുകയ്ക്ക് സുലേഖയിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും കഴിയും. സുലേഖയിൽ പ്രോജക്ട് തയ്യാറാക്കിയാലും ഇ-ഗ്രാമിൽ പ്രസ്തുത ആക്ടിവിറ്റി ഇല്ലാത്തതുകൊണ്ട് പേയ്മെന്റ് ചെയ്യുന്നതിനും കഴിയില്ല. ഈ പ്രശ്നം പരിഹരിക്കാൻ കഴിയുന്നത് 2022-23 ൽ ഇ-ഗ്രാമിലും സുലേഖയിലും 120 ശതമാനം ഫണ്ടിന്റെ പ്രോജക്ട് ചെയ്യാൻ ഓപ്ഷൻ ലഭിക്കുമ്പോൾ ടി തുകയ്ക്കുള്ള പ്രോജക്ട് കൂടി ചേർക്കുക എന്നത് മാത്രമാണ്.



### കേസ് 3

2021-22 ൽ ഒരു തദ്ദേശ സ്ഥാപനത്തിന് 10 ലക്ഷം രൂപ ധനകാര്യ കമ്മിഷൻ വിഹിതമായി ലഭിച്ചിരുന്നുവെന്നും അവർക്ക് ഒരോ ലക്ഷം രൂപയുടെ 10 പ്രോജക്ടുകൾ ഉണ്ടായിരുന്നു വെന്നും കരുതുക. പ്രോജക്ടുകളുടെ നിർവ്വഹണ ഘട്ടത്തിൽ തന്നെ ചില പ്രോജക്ടുകൾക്ക് അടങ്കൽ അത്രയും ആവശ്യമില്ലെന്ന് മനസിലാക്കി അവർ പ്രസ്തുത പ്രോജക്ടുകളെ അബാണ്ടൻ ചെയ്തു ആവശ്യമുള്ള തുകയ്ക്ക് മാത്രം പുതിയ പ്രോജക്ട് അതേ പേരിൽ എടുത്തു. അങ്ങിനെ കിട്ടിയ സേവിംഗ്സ് തുകയ്ക്ക് പുതിയ പ്രോജക്ടും സപ്ലിമെന്ററി ആയി എടുത്തു. ആ വർഷം എല്ലാ പ്രോജക്ടുകൾക്കും പേയ്മെന്റ് ആയില്ല. 2022-23 സാമ്പത്തിക വർഷം ആയി.

2022-23 ൽ ആ സാമ്പത്തിക വർഷത്തെ പുതിയ പ്രോജക്ടുകളും മുൻ വർഷത്തെ ഫണ്ട് ബാക്കിയുള്ള പ്രോജക്ടുകളും ഉണ്ട്. മുൻ വർഷം പേയ്മെന്റ് നടപടിയൊന്നും ആരംഭിക്കാത്ത ആക്ടിവിറ്റികളും തനത് വർഷം പേയ്മെന്റ് ചെയ്യാവുന്നതാണ്. 2021-22 ൽ പോയി AS TS എന്നിവ നൽകിയതിനു ശേഷം 2022-23 ൽ നിന്നും പേയ്മെന്റ് ചെയ്യാവുന്നതാണ്.

ഇവിടെ കഴിഞ്ഞ വർഷം കൊണ്ടു വന്ന ഒരു പ്രോജക്ടിനെ ഭേദഗതി ചെയ്യാനോ ഉപേക്ഷിക്കാനോ കഴിയുമോ എന്നതാണ് പലരുടെയും സംശയം. അതിനും വഴിയുണ്ട്. ഇ-ഗ്രാമിൽ ആക്ടിവിറ്റി ഭേദഗതി എന്നൊരു സൗകര്യം ഇല്ലാത്തതിനാൽ ഭേദഗതി ചെയ്യേണ്ട ആക്ടിവിറ്റിയെ ഉപേക്ഷിച്ച് ആവശ്യമായ രീതിയിൽ പുതിയ പ്രോജക്ട് എടുക്കാവുന്നതാണ്. 2021-22 ൽ സപ്ലിമെന്ററി പ്ലാൻ ബാക്കിയുണ്ടാവണം എന്ന് മാത്രം. അതായത് മുൻവർഷങ്ങളിൽ സപ്ലിമെന്ററി ചേർക്കേണ്ടതും അവയുടെ പ്രോഗ്രസ്സ് റിപ്പോർട്ടിംഗ് (AS, TS, Progress Reporting, Geo-tagging) നടത്തേണ്ടതും ആ വർഷത്തെ ലോഗിനിൽ നിന്ന് വേണമെന്ന് മാത്രം. ശ്രദ്ധിക്കേണ്ട ഒരു കാര്യം ഇ-ഗ്രാമിൽ എന്തു മാറ്റങ്ങൾ വരുത്തിയാലും സുലേഖ പോർട്ടലിലും ആ മാറ്റങ്ങൾ അതു പോലെ കൊണ്ടു വരണം. എങ്കിൽ മാത്രമേ രണ്ട് പോർട്ടലുകളിലും പേയ്മെന്റ് കാണിക്കാൻ കഴിയുകയുള്ളൂ. അതായത് സുലേഖയിൽ 15th Finance Commission ഉപയോഗിച്ച് ഏറ്റെടുത്തിട്ടുള്ള എല്ലാ പ്രോജക്ടുകളും eGS ൽ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### കേസ് 4

മുൻ വർഷത്തെ ബാക്കിയായി ഒരു തദ്ദേശ സ്ഥാപനത്തിന് 5 ലക്ഷം രൂപയുണ്ട്. അതായത് 2021-22 ൽ പൂർത്തിയാകാതെയുള്ള കുറച്ച് ആക്ടിവിറ്റികൾ ഉണ്ട്. അവയുടെ അടങ്കൽ 5ലക്ഷമാണ് എന്ന് കരുതുക. ഇവയ്ക്ക് 2022-23 ൽ പേയ്മെന്റ് ചെയ്യുന്നതിന് യാതൊരു തടസവുമില്ല. ഇതിൽ നിന്നും ഇ-ഗ്രാം പോർട്ടലിൽ സ്പിൽ ഓവർ പേയ്മെന്റുകൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യം നിങ്ങൾക്ക് മനസിലായിക്കാണും എന്ന് കരുതുന്നു. ആക്ടിവിറ്റികൾ പേയ്മെന്റ് ചെയ്യാൻ നിലവിൽ ഉണ്ടെങ്കിൽ പേയ്മെന്റ് ചെയ്യുന്നതിന് യാതൊരു തടസവുമില്ല.

നിലവിൽ നേരിടുന്ന മറ്റ് ചില പ്രശ്നങ്ങൾ നോക്കാം.

- **ആക്ടിവിറ്റികൾ പേയ്മെന്റിനായി ലിസ്റ്റ് ചെയ്യുന്നില്ല.**

പേയ്മെന്റ് ഭാഗത്ത് ആക്ടിവിറ്റികൾ ലിസ്റ്റ് ചെയ്യണമെങ്കിൽ അവയ്ക്ക് AS TS ഇവ നൽകി പ്രോഗ്രസ് റിപ്പോർട്ട് എന്റർ ചെയ്യണം. 2021-22 ലെ ആക്ടിവിറ്റിയാണ് 2022-23 ൽ പേയ്മെന്റിനായി ലിസ്റ്റ് ചെയ്യാത്തത് എങ്കിൽ അവയുടെ AS TS എന്നിവ 2021-22 ലോഗിനിൽ ചെയ്യണം. Stage change ഉം അവിടെ തന്നെയാണ് ചെയ്യേണ്ടത്. Asset രേഖപ്പെടുത്തിയിട്ടുള്ള ആക്ടിവിറ്റികൾ ആണെങ്കിൽ mAction Software ഉപയോഗിച്ച് Geo-Tag കൂടി ചെയ്യണം. ഇത്രയും കഴിഞ്ഞാൽ ഇവ 2022-23 ൽ പേയ്മെന്റ് ഭാഗത്ത് ലിസ്റ്റ് ചെയ്യുന്നതാണ്. ഇത്രയൊക്കെ ചെയ്ത് കഴിഞ്ഞാലും 2021-22, 2022-23 വർഷത്തെ ആക്ടിവിറ്റികൾ



പേയ്മെന്റിനായി ലിസ്റ്റ് ചെയ്യാത്തത് എന്തു കൊണ്ടായിരിക്കും.

Progress Report ൽ Change Activity Status Completed, അതേ പോലെ Physical Progress Report Completed നല്കിയിട്ടുണ്ടാകം. ഈ കാരണം കൊണ്ടും ആക്ടിവിറ്റികൾ ലിസ്റ്റ് ചെയ്യാതെ ഇരിക്കാം. ഇങ്ങനെ തെറ്റായിട്ട് ചെയ്താൽ ഈ സ്റ്റാറ്റസ് State Admin ലോഗിനിൽ reset ചെയ്യുവാനായി സാധിക്കും.

ഇനി താഴെ പറയുന്ന രീതിയിലെ എറർ മെസേജുകൾ സപ്ലിമെന്ററി പ്ലാൻ ചെയ്യുന്ന സമയത്ത് വരികയാണെങ്കിൽ എന്തു ചെയ്യണം എന്ന് നോക്കാം.

The Current Plan for Drinking water is of Rs 13,72,654. The Plan should be between Rs -3,02,370 (100 %) and Rs-2,16,800 (120 %).

ഇവിടെ ഈ ഒരു സപ്ലിമെന്ററി പ്ലാൻ ഏറ്റെടുക്കുമ്പോൾ കുടവെള്ളം സെക്ടറിൽ നിലവിൽ വകയിരുത്തിയിരിക്കുന്നത് 13,72,654/-രൂ. ആണെന്നാണ്. അതായത് ആ വർഷത്തെ എല്ലാ അപ്രൂവ്ഡ് പ്ലാനുകളിലുമായി കുടിവെള്ളം മേഖലയിൽ ഏറ്റെടുത്തിട്ടുള്ള എല്ലാ ആക്ടിവിറ്റികളുടെയും ആകെ തുകയാണത്. അത് ആ വർഷത്തെ ടൈഡ് ഗ്രാന്റിന്റെ 60% ശതമാനത്തേക്കാൾ 2,16,800/-രൂപ കൂടുതലാണെന്നാണ്. അതായത് കുടിവെള്ളം മേഖലയിൽ വകയിരുത്തേണ്ടതിനേക്കാൾ ഏറ്റവും കൂടിയ തുകയേക്കാൾ 2,16,800/-രൂപ വകയിരിത്തിയിരിക്കുന്നു എന്ന് മനസ്സിലാക്കാം. ഈ സാഹചര്യത്തിൽ കുടിവെള്ളം മേഖലയിൽ നിന്നും 2,16,800/-രൂപയുടെ ആക്ടിവിറ്റി ഉപേക്ഷിച്ചാൽ മാത്രമേ സപ്ലിമെന്ററി പ്ലാൻ അപ്രൂവ് ആകുകയുള്ളൂ.

ഇതെങ്ങനെ വേഗം കണ്ടുപിടിക്കാം എന്ന് നോക്കാം.

2021-22 വർഷത്തെ ടൈഡ്, ബേസിക്ക് ഗ്രാന്റുകളുടെ ബഡ്ജറ്റ് അലോക്കേഷൻ നോക്കുക.

egramswaraj –admin login – resource envelope –budget allocation

2021-22 വർഷത്തെ അപ്രൂവ്ഡ് പ്ലാൻ പരിശോധിക്കുക. അതിനായി 2 റിപ്പോർട്ടുകൾ പരിശോധിക്കേണ്ടതുണ്ട്.

1. **egramswaraj – Home page – Reports - Planning – Planning – List of Activities**

ഇതിൽ നിന്നും Abanoned ചെയ്ത ആക്ടിവിറ്റികൾ ഒഴിവാക്കി എടുക്കുക.

2. **egramswaraj – Home page- Reports - Planning- Reporting- Scheme wise Activity Status Report**

ഈ 3 റിപ്പോർട്ടുകളും പരിശോധിച്ച് ടൈഡ്, ബേസിക്ക് ഗ്രാന്റുകളിൽ വകയിരുത്തിയിരിക്കുന്ന ആകെ തുക കണ്ടുപിടിക്കുക.

- **പ്രോജക്ട് ഉപേക്ഷിക്കുമ്പോൾ വരുന്ന മെസേജ്**

For the scheme own funds and its scheme component own funds, allocated fund in the plan is exceeding the 120 % of allocated budget amount. kindly your plan and revise accordingly

2022-2023 ൽ Progress Report സെലക്ട് ചെയ്യുമ്പോൾ ആണ് ഈ എറർ വരുന്നത്. ഇങ്ങനെ വന്നാൽ ആദ്യം നോക്കേണ്ടത് 2022-23 ൽ Resource Envelope ൽ Own fund ചെക്ക് ചെയ്യണം. അതേ പോലെ അപ്രൂവ്ഡ് ആക്ഷൻ പ്ലാനിൽ Own fund ന് ആക്ടിവിറ്റികൾ ഉണ്ടോ എന്ന് ചെക്ക് ചെയ്യണം. മിക്കവാറും Own fund ന് ആക്ടിവിറ്റികൾ കാണില്ല ആയത്കൊണ്ട് Resource Envelopeൽ Own fund തുക ഉണ്ട് എങ്കിൽ അതിനെ "0" ആക്കി മാറ്റുക.

Current plan for sanitation is of Rs 380463. The plan should be between Rs 691270 ( 100 %) and Rs 1210450 ( 120 %)

ഈ ഒരു സപ്ലിമെന്ററി പ്ലാൻ ഏറ്റെടുക്കുന്നതിന് Abandoned ചെയ്ത Sanitation ആക്ടിവിറ്റികളുടെ തുക കൂടുതലും വകയിരുത്തിയത് കുറവും ആണ്. അതായത് 3,80,463 രൂപയുടെ ആക്ടിവിറ്റി ഏറ്റെടുത്തു ഇവിടെ 12,10,450 രൂപവരെ ഏറ്റെടുക്കാം. ☐

*തയ്യാറാക്കിയത്:*
*ദീപ്വ പി. സീനിയർ ക്ലർക്ക്,*
*മൈലപ്ര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.*
*അനിൽകുമാർ, ജൂനിയർ സൂപ്രണ്ട്,*
*മൂന്നാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി.*
*മനോജ് സി.കെ.*
*ഐ.കെ.എം., തിരുവനന്തപുരം*




## ഗ്രാമീണ അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താൻ

# 'ലോകോസ്'

## മൊബൈൽ ആപ്ളിക്കേഷൻ

**കുടുംബശ്രീ ദേശീയ മേഖലാതല ശിൽപ്പശാല തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു.**

■ **ആശ എസ്. പണിക്കർ**

ഗ്രാമീണ മേഖലയിലെ അയൽക്കൂട്ടങ്ങളുടെയും ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളും പ്രവർത്തനങ്ങളും രേഖപ്പെടുത്താൻ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം രൂപകൽപ്പന ചെയ്ത 'ലോകോസ്' എന്ന പുതിയ മൊബൈൽ ആപ്ളിക്കേഷനുമായി കുടുംബശ്രീ. കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം (എൻ.ആർ.എൽ.എം) പദ്ധതിയുമായി ബന്ധപ്പെട്ടാണിത്. കേരളം ഉൾപ്പെടെ ഏഴ് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിലാണ് പദ്ധതി നടപ്പാക്കുക. ഈ സംസ്ഥാനങ്ങളിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാർ എന്നിവർക്കായി 17 മുതൽ 20 വരെ സംഘടിപ്പിക്കുന്ന ത്രിദിന ദേശീയ ശിൽപശാലയുടെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമ്മിള മേരി ജോസഫ് അധ്യക്ഷത വഹിച്ചു.

കഴിഞ്ഞ 25 വർഷത്തെ പ്രവർത്തന ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹിക സാമ്പത്തിക സ്ത്രീ ശാക്തീകരണ രംഗത്ത് കുടുംബശ്രീ പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുമെന്ന് മന്ത്രി എം.ബി രാജേഷ് പറഞ്ഞു.





അയൽക്കൂട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച പൂർണ വിവരങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ രേഖപ്പെടുത്താൻ സാധിക്കുമെന്നതാണ് പുതിയ മൊബൈൽ ആപ്ലിക്കേഷന്റെ നേട്ടം. തിരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ മുഖേനയായിരിക്കും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. രണ്ടു വർഷത്തിനുള്ളിൽ ഗ്രാമീണ മേഖലയിലെ എല്ലാ അയൽക്കൂട്ട ഭാരവാഹികളെയും മൊബൈൽ ആപ്ളിക്കേഷൻ പരിശീലിപ്പിച്ചു കൊണ്ട് വിവരങ്ങൾ രേഖപ്പെടുത്താൻ സജ്ജമാക്കുകയാണ് ലക്ഷ്യം.

ആദ്യഘട്ടമായി തൃശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്കിൽ പൈലറ്റ് അടിസ്ഥാനത്തിലായിരിക്കും പദ്ധതി നടപ്പാക്കുക. രണ്ടാം ഘട്ടമായി ജില്ലയിലെ ബാക്കിയുള്ള 15 ബ്ലോക്കുകളിലും കൂടാതെ മറ്റ് ജില്ലകളിലെ ഓരോ ബ്ലോക്കിലും ഈ സാമ്പത്തിക വർഷത്തിൽ തന്നെ പദ്ധതി ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മൂന്നാംഘട്ടത്തിൽ മറ്റു ജില്ലകളിലെ ബാക്കിയുള്ള ബ്ലോക്കുകളിലും പദ്ധതി വ്യാപിപ്പിക്കും.

അയൽക്കൂട്ടം, അതിലെ അംഗങ്ങൾ, ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി(എ.ഡി.എസ്), കമ്മ്യൂണിറ്റി ഡെവലപ്മെന്റ്സൊസൈറ്റി(സി.ഡി.എസ്) എന്നിവയുടെ പ്രൊഫൈൽ എൻട്രിയാണ് ലോകോസ് മൊബൈൽ ആപ്ളിക്കേഷനിലെ ഒരു വിഭാഗം. ആധാറുമായി ബന്ധപ്പെടുത്തുന്നതിനാൽ ഒരാൾക്ക് ഒന്നിലധികം അയൽക്കൂട്ടങ്ങളിൽ അംഗത്വം നേടുന്ന സാഹചര്യം ഒഴിവാക്കാൻ സാധിക്കും.

സാമ്പത്തിക ഇടപാടുകളുടെ എൻട്രിയാണ് രണ്ടാമത്തേത്. കേരളത്തിൽ ഈ പ്രവർത്തനങ്ങൾക്കായി അമ്പത് അയൽക്കൂട്ടങ്ങൾക്ക് ഒരു റിസോഴ്സ് പേഴ്സൺ എന്ന കണക്കിൽ ആകെ 52 പേരെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് പ്രത്യേക ഐ.ഡിയും നൽകും.

നിലവിൽ സമ്പാദ്യവും വായ്പാ തിരിച്ചടവും ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും രജിസ്റ്ററിലും നോട്ട് ബുക്കിലും എഴുതി സൂക്ഷിക്കുന്ന പരമ്പരാഗതശൈലി പിന്തുടരുന്ന അയൽക്കൂട്ടങ്ങൾക്ക് പുതിയ മുഖച്ഛായ നൽകുന്നതാണ് പദ്ധതി. മൊബൈൽ ആപ്ലിക്കേഷൻ പരിചിതമാകുന്നതോടെ അയൽക്കൂട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും എല്ലാ അംഗങ്ങൾക്കും വിരൽത്തുമ്പിൽ ലഭ്യമാകും എന്നതാണ് പ്രധാന സവിശേഷത. ഓരോ അയൽക്കൂട്ടത്തിന്റെയും ബാങ്ക് അക്കൗണ്ട്, സമ്പാദ്യം, വായ്പ തുടങ്ങി എല്ലാ വിവരങ്ങളും അറിയാൻ കഴിയുമെന്നതും നേട്ടമാണ്. പ്രവർത്തന പുരോഗതി തൽസമയം വിലയിരുത്തുന്നതിനും പുതിയ പദ്ധതി ഏറെ സഹായകരമാകും. അയൽക്കൂട്ടത്തിന്റെ സാമ്പത്തിക ക്രയവിക്രയങ്ങൾ സംബന്ധിച്ച കണക്കുകൾ എഴുതി സൂക്ഷിക്കേണ്ടി വരുന്ന ഭാരവാഹികളുടെ ജോലി ഭാരം കുറയ്ക്കാനും പ്രവർത്തനങ്ങൾക്ക് കൂടുതൽ കാര്യക്ഷമതയും സുതാര്യതയും കൈവരുത്താനും ഇതു വഴി സാധിക്കും.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് സ്വാഗതം ആശംസിച്ചു. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം ജോയിന്റ് സെക്രട്ടറി നീതാ കേജ്രിവാൾ ആമുഖ പ്രഭാഷണം നടത്തി. കുടുംബശ്രീ ചീഫ് ഫിനാൻസ് ഓഫീസർ കൃഷ്ണ പ്രിയ, എൻ.ആർ.എൽ.എം ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ എ.എസ് ശ്രീകാന്ത്, തൃശ്ശൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നിർമ്മൽ എസ്.സി എന്നിവർ ആശംസാ പ്രസംഗം നടത്തി. എറണാകുളം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പ്രീത എം.ബി കൃതജ്ഞത അറിയിച്ചു. ശിൽപ്പശാല 20ന് സമാപിക്കും. □

*ലേഖിക കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പബ്ലിക് റിലേഷൻസ് വിഭാഗം എഡിറ്റോറിയൽ അസിസ്റ്റന്റാണ്.*




# ലോക ശുചിമുറി ദിനം
## (വേൾഡ് ടോയ്‌ലറ്റ് ഡേ) നവംബർ 19

ലോകത്ത് ശുചിമുറികളെ ഓർക്കുന്ന തിനും ഒരു ദിനം ഉണ്ട് നവംബർ 19 ആണ് ആ ദിനം. ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ നവംബർ 19 ലോക ശുചിമുറി ദിനമായി 2013 മുതൽ ആചരിക്കുന്നു. ലോക ശുചിമുറി സംഘടനയുടെ ആഭിമുഖ്യത്തിൽ 2001 മുതൽ സിംഗപ്പൂരിലെ മനുഷ്യസ്നേഹി യായ ജാക്ക് സിമ്മിന്റെ നേതൃത്വത്തിൽ ആചരിക്കുന്ന ദിനം സിംഗപ്പൂർ സർക്കാറിന്റെ അഭ്യർത്ഥനപ്രകാരമാണ് ഐക്യരാഷ്ട്രസഭ ലോകത്തെ എല്ലാ രാജ്യങ്ങളോടും ആചരി ക്കുവാൻ ആവശ്യപ്പെട്ടത്.

മനുഷ്യ ജീവിതവുമായി ഇഴചേർന്ന് നിൽക്കുന്നതും ആരോഗ്യം, അഭിമാനം എന്നിവയുമായി അഭേദ്യ ബന്ധമുള്ളതു മായ ശുചിമുറികൾ ജീവിതത്തിന്റെ തിര ക്കിനിടയിലും ശ്രദ്ധിക്കേണ്ടതും നിസ്സാര വത്കരിച്ച് തള്ളിക്കളയേണ്ടതുമല്ല എന്ന് വ്യക്തമാക്കുന്നതാണ് ലോക ടോയ്‌ലറ്റ് ഡേ ദിനാചരണം. ശുചിമുറി ശുചിത്വത്തിന്റെ ആദ്യപടിയാണ്. ശരിയായ ശുചീകരണത്തി ന്റെ പ്രാധാന്യം വെളിവാക്കുകയും വൃത്തിയു ള്ളതും സുരക്ഷിതവുമായ ശുചിമുറികൾ പ്രാ പിക്കാൻ ജനങ്ങളെ ഈ ദിനം ആഹ്വാനം ചെയ്യുന്നു.

ലോകത്ത് 58% വയറിളക്ക രോഗത്തി ന്റെ കാരണം വൃത്തിയില്ലാത്ത കക്കൂസ് ഉപയോഗിക്കുന്നത് കൊണ്ടാണ്. ലോകത്ത് മൂന്നിലൊന്ന് ആളുകൾക്കും വൃത്തിയുള്ള തും ശുചിത്വപൂർണ്ണവുമായ ശുചിമുറികൾ ലഭ്യമല്ല. ശുചിത്വ പൂർണ്ണമല്ലാത്ത ജീവിതം കാരണം പ്രതിദിനം അഞ്ച് വയസ്സിനു താഴെയുള്ള 1000കുട്ടികൾ ലോകത്ത് മരണ പ്പെടുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്. കാലാവസ്ഥാവ്യതിയാനം, വെള്ളപ്പൊക്കം, വരൾച്ച എന്നിവ കാരണം ജനങ്ങൾക്ക് മതിയായ ശുചിമുറി സൗകര്യം ലഭിക്കുന്നി ല്ല. ലോകത്ത് 360 കോടി ജനങ്ങൾക്ക് നല്ല സുരക്ഷിതമായ വൃത്തിയുള്ളതുമായ ശുചുമറി സംവിധാനമില്ല എന്ന് ഐക്യരാഷ്ട്രസഭ കണക്കാക്കിയിട്ടുണ്ട്.

2022ലെ ലോക ശുചിമുറി ദിനത്തി

ന്റെ സന്ദേശം making the invisible visible (അ ദൃശ്യമായതിനെ ദൃശ്യമാക്കു ) എന്നാണ്. നമ്മുടെ ചുറ്റുവട്ടത്തിലും അദൃശ്യമായ രീതിയിൽ കക്കൂസ് മാലിന്യം അടക്കമുള്ള മാലിന്യങ്ങൾ ശുദ്ധ ജല സ്രോതസുകളിലേക്കും നദികളിലേക്കും ഒഴുകി പോകുന്നത് തടയേണ്ടതായിട്ടുണ്ട്. ഭൂമിയിൽ ലഭ്യമായ ശുദ്ധജലത്തിന്റെ 99% ഭൂഗർഭജലം ആയതിനാൽ വലിയ രീതിയിൽ മലിനപ്പെട്ടുപോകുന്ന ഭൂഗർഭജലത്തിന്റെ ഇന്നത്തെ അവസ്ഥ ലോകത്തിനു മുമ്പിൽ വരച്ചുകാട്ടുകയാണ് ഈ സന്ദേശം കൊണ്ട് ഉദ്ദേശിക്കുന്നത്. കക്കൂസ് മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിച്ചില്ലെങ്കിൽ അത് നമ്മുടെ ശുദ്ധജലസ്രോതസ്സുകളെ മലിനപ്പെടുത്തുവാൻ സാധ്യതയുണ്ട് എന്ന ഓർമ്മപ്പെടുത്തലും ഈ സന്ദേശത്തിന്റെ പിറകിലുണ്ട്. കണ്ണുകൾ തുറന്ന വച്ച് ചുറ്റവട്ടവും നിരീക്ഷിച്ച് സ്വന്തം വീട്ടിലെ ശുചിമുറികളിലെ മാലിന്യങ്ങൾ പ്രകൃതിക്ക് അദൃശ്യമായ രീതിയിൽ പ്രയാസം ഉണ്ടാക്കുന്നുണ്ടോ എന്ന് നോക്കുവാൻ ഈ വർഷത്തെ ശുചിമുറി സന്ദേശം ജനങ്ങളെ ഓർമിപ്പിക്കുന്നു. ലോകം 2030 ൽ നേടിയെടുക്കാനുള്ള സുസ്ഥിര ലക്ഷ്യങ്ങളിൽ ആറാമത്തെ ലക്ഷ്യത്തിൽ രണ്ടാം സ്ഥാനമായി വരുന്ന സുരക്ഷിതമായ കക്കൂസ് എല്ലാ ജനങ്ങൾക്കും ലഭ്യമാക്കുക എന്നത് യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിച്ചാൽ മാത്രമേ ശുചിത്വപൂർണ്ണമായ ശുചിമുറി ലോകത്തെ 4.2 ബില്യൺ ജനങ്ങൾക്ക് ലഭ്യമാവുകയുള്ളൂ. ലോകത്തിലെ 200 കോടി ജനങ്ങളും മലിനജലം ആണ് കുടിക്കാൻ ഉൾപ്പെടെ ഉപയോഗിക്കുന്നത് എന്നത് ശുചിമുറിയിൽ ലഭ്യമാകുന്ന വെള്ളത്തിന്റെ അവസ്ഥ സൂചിപ്പിക്കുന്നു. 673 ദശലക്ഷം പേർ തുറസ്സായ സ്ഥലത്ത് ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ കാര്യം സാധിക്കുന്നു.

മനുഷ്യന്റെ ആരോഗ്യത്തിന്റെയും അഭിമാനത്തിന്റെയും അടയാളമായ സുരക്ഷിതമായ ശുചിമുറി എന്നത് ജീവിതാവസ്ഥയിൽ ലഭിക്കാത്തവർ ഭൂരിഭാഗവും ദരിദ്രരാണ് എന്നത് നമ്മെ ദുഃഖിപ്പിക്കുന്നു. കാരണം പരസ്യമായ മലമൂത്ര വിസർജനം ദാരിദ്ര്യത്തിന്റെ മൂല കാരണങ്ങളിൽ ഒന്നാണ്. ശുചിമുറി കൃത്യമായി ഉപയോഗിച്ചാൽ 37.5% വയറിളക്കവും ലോകത്ത് ഇല്ലാതാക്കാൻ കഴിയുന്നതാണ്. ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ ഒരു വർഷം 5 ലക്ഷം പേർ ലോകത്ത് വയറിളക്കം കാരണം മരണപ്പെടുന്നു എന്നത്




ശരിയായ ശുചിമുറി ഉപയോഗത്തിന്റെയും ശുചീകരണത്തിന്റെയും പ്രാധാന്യം ജനങ്ങളെ ഓർമ്മപ്പെടുത്തുന്നു. കക്കൂസ് ഇല്ലാത്തതിനാൽ പ്രയാസപ്പെടുന്ന ജനങ്ങൾ ലോകത്ത് ജീവിക്കുന്ന ഘട്ടത്തിലാണ് 2022 ലെ ലോക ശുചിമുറി ദിനം ആചരിക്കുന്നത്.

2019 ൽ ഇന്ത്യ വെളിയിട വിസർജന മുക്തമായി പ്രഖ്യാപിച്ചെങ്കിലും, പരസ്യമായ മലമൂത്ര വിസർജനത്തിന് രാജ്യത്ത് വിലക്കുണ്ടെങ്കിലും 2019/ 21 ലെ ദേശീയ കുടുംബാരോഗ്യ സർവ്വേ പ്രകാരം ഇന്ത്യയിലെ 19%കുടുംബങ്ങൾക്കും കക്കൂസ് ഇല്ല എന്നത് കണ്ണുതുറപ്പിക്കേണ്ട വസ്തുതയാണ്. 81% ന് കക്കൂസ് ഉണ്ടെങ്കിലും ആരോഗ്യ വിഭാഗം നിഷ്കർഷിക്കുന്ന രീതിയിലുള്ള ശുചിമുറികൾ ഇല്ലാത്തവരാണ് ഗ്രാമീണ മേഖലയിലുള്ളവരിൽ 25% ൽ ഏറെയും. ബീഹാറിൽ 62% പേർക്കും ജാർഖണ്ഡിൽ 70% പേർക്കും ഒഡീഷ്യയിൽ 71% പേർക്കും മാത്രമാണ് ശുചിമുറി ഉള്ളത്.

ശുചിത്വത്തിന്റെ കാര്യത്തിൽ ലോകത്തിനു മുമ്പിൽ തല ഉയർത്തി നിൽക്കുന്ന കേരളത്തിൽ അടുത്തിടെ സർക്കാർ നടത്തിയ സർവ്വേയിൽ പറയുന്ന കാര്യങ്ങൾ നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. കേരളത്തിലെ 62% ജനങ്ങളും ശുദ്ധജലത്തിനായി ആശ്രയിക്കുന്ന 78.6% കിണറുകളിലും ഇ -കോളി ബാക്ടീരിയകളുണ്ട് എന്നത് വലിയ വെല്ലുവിളിയാണ് സൃഷ്ടിച്ചിട്ടുള്ളത്. കൂടാതെ 62398 പൊതു ജലാശയങ്ങളിലെ സാമ്പിളുകളിലും ഇ -കോളി ബാക്ടീരിയകളുടെ സാന്നിധ്യം ഉണ്ട് എന്നത് കക്കൂസ് മാലിന്യം ശുദ്ധ ജല സ്രോതസുകളിലേക്ക് എത്തുന്നു എന്നതിന്റെ തെളിവാണ്. സ്വന്തം വീട്ടിലെ ടോയ്‌ലറ്റ് കൊണ്ട് പ്രകൃതിക്ക് ഉപദ്രവം ഇല്ല എന്ന് ഉറപ്പുവരുത്താനുള്ള അവസരമാണ് ലോക ശുചിമുറി ദിനം കൊണ്ട് സംജാതമായിട്ടുള്ളത്. ജനസാന്ദ്രത കൂടുതലുള്ള കേരളത്തിൽ ഒരു സ്ക്വയർ കിലോമീറ്ററിൽ 859 പേർ ജീവിക്കുന്നതുകൊണ്ട് കിണറുകളും സെപ്റ്റിക്ക് ടാങ്കും തമ്മിലുള്ള ദൂരം ഏഴര മീറ്ററായി ചുരുക്കിയത് കൊണ്ടും കിണറിലേക്ക് കക്കൂസ് മാലിന്യങ്ങൾ ഒഴുകിവരുന്നതും ഭൂഗർഭജലത്തിലേക്ക് വ്യാപിക്കുന്നതും തടയാനുള്ള ജാഗ്രത ഓരോരുത്തരും സ്വീകരിക്കുവാൻ ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.



# ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങളും അവകാശങ്ങളും

■ **അജിത് വെണ്ണിയൂർ**

ദേശീയ ആഭ്യന്തര ഉല്പാദനമാണ് (GDP) ഒരു രാജ്യത്തിന്റെ വളർച്ചയുടെ മുഖ്യ മാനദണ്ഡമായി ലോക സാമ്പത്തിക വിദഗ്ദ്ധർ ഇന്നും വിലയിരുത്തുന്നത്. അതിൽ നിന്ന് മാറിചിന്തിച്ച രാഷ്ട്രമാണ് ഭൂട്ടാൻ. ദേശീയ മൊത്ത സന്തോഷം (GDP) ആണ് തങ്ങളുടെ ലക്ഷ്യമെന്ന് ആ രാജ്യം 1972 ൽ പ്രഖ്യാപിച്ചപ്പോൾ അത് ലോകമെങ്ങും ചർച്ചാ വിഷയമായി. ജനങ്ങൾക്ക് സന്തോഷവും സംതൃപ്തിയും നൽകാത്ത വളർച്ച യഥാർത്ഥ വളർച്ചയല്ലെന്ന മഹാത്മാഗാന്ധിയുടെ ദർശനമാണ് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നത്.

സ്വാതന്ത്ര്യത്തിനു ശേഷം നാം രൂപംനൽകിയ ദാരിദ്ര്യനിർമ്മാർജന പദ്ധതികളെല്ലാം തന്നെ പ്രതിശീർഷവരുമാനമുയർത്തി പട്ടിണിയില്ലാതാക്കുന്നതിന് മുൻതൂക്കം നൽകുന്നതാണ്. ആ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ നാം വളരെയേറെ മുന്നോട്ടുപോകുകയും ചെയ്തു. എന്നാൽ അതുകൊണ്ടുമാത്രം ദാരിദ്ര്യനിർമ്മാർജനം പൂർണമാകുന്നില്ല.

"കേവല സാമ്പത്തിക പരാധീനതകൾക്കപ്പുറം ഒരുകൂട്ടം ഇല്ലായ്മകൾ സൃഷ്ടിക്കുന്ന ക്ലേശകരമായ അവസ്ഥയാണ് ദാരിദ്ര്യം" എന്ന കാഴ്ചപ്പാട് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീപുരുഷ വിവേചനം, ഗുരുതരമായ രോഗങ്ങൾ, സാമൂഹിക തടസ്സങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവയ്ക്കൊപ്പം ശാരീരിക-മാനസിക-ബൗദ്ധിക വെല്ലുവിളികൾ മനുഷ്യ മനസ്സുകളിൽ സൃഷ്ടിക്കുന്ന വ്യഥകളും ഒറ്റപ്പെടലുകളും ദാരിദ്ര്യത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ പ്രധാന ക്ലേശഘടകങ്ങളിൽ ഉൾപ്പെടുന്നു.

ദാരിദ്ര്യം ഇല്ലാതാക്കുന്നതിന് മറ്റ് ഭൗതിക ക്ലേശഘടകങ്ങൾക്കൊപ്പം ഇത്തരം സാമൂഹിക സാഹചര്യങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് മാനസിക-ബൗദ്ധിക വെല്ലുവിളികൾ അനുഭവിക്കുന്ന കുട്ടികളുടേയും കുടുംബങ്ങളുടേയും പുനരധിവാസത്തിനായി സർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജന മിഷനായ കുടുംബശ്രീയിലൂടെ 'ബഡ്സ്'എന്ന പേരിൽ സംസ്ഥാനത്തുടനീളം സ്പെഷ്യൽ സ്കൂളുകളും പ്രത്യേക അയൽക്കൂട്ടങ്ങളും രൂപകല്പന ചെയ്തത്.

മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസമാണ് ദാരിദ്ര്യനിർമ്മാർജന പ്രവർത്തനങ്ങളിൽ ഇന്ന് നേരിടുന്ന ഒരു മുഖ്യ വെല്ലുവിളി. അത്തരം വ്യക്തികളുടെ പരിചരണത്തിനൊപ്പം കുടുംബാംഗങ്ങളുടെ തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കാൻ

സാഹചര്യമൊരുക്കേണ്ടതുണ്ട്.

മാനസിക-ബൗദ്ധിക വെല്ലുവിളികളുടെ കാരണവും പരിഹാരവും അജ്ഞാതമായിരുന്ന കാലഘട്ടത്തിൽ അതു ബാധിച്ചവരെ മനോരോഗികളായും വീടിന്റെയും നാടിന്റെയും ശാപമായും അപരിഹാര്യമായ പ്രശ്നങ്ങളുള്ളവരായും കണക്കാക്കി അവർക്ക് സർവ അവകാശങ്ങളും സ്വാതന്ത്ര്യവും നിഷേധിച്ചിരുന്ന ചരിത്രം ലോകമെമ്പാടുമുണ്ട്.

1908 ൽ ആൽഫസ് ബീൻ ബുദ്ധിമാപന സമ്പ്രദായത്തിന് രൂപം നൽകിയതോടെയാണ് ആദ്യം യൂറോപ്പിലും ക്രമേണ ഇന്ത്യയിലുൾപ്പെടെയുള്ള മറ്റ രാജ്യങ്ങളിലും ഇത്തരം വ്യക്തികളുടെ പ്രശ്നപരിഹാരത്തിനുള്ള ശാസ്ത്രീയ അന്വേഷണങ്ങൾ ആരംഭിച്ചത്. ജനിതക സാങ്കേതികവിദ്യയുടെ വളർച്ച ഈ പ്രക്രിയയെ ത്വരിതപ്പെടുത്തി. വൈദ്യശാസ്ത്രപരമായ അപഗ്രഥനത്തിലൂടെ മാനസിക-ബൗദ്ധിക വെല്ലുവിളിയുടെ തോത് നിർണയിക്കാനും തരംതിരിവിനും പരിഹാര മാർഗങ്ങൾക്കും അത് വഴിയൊരുക്കി.

യൂറോപ്പിലും അമേരിക്കയിലും ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ പ്രത്യേക വിദ്യാഭ്യാസ സമ്പ്രദായവും പരിശീലനങ്ങളും ആരംഭിച്ചെങ്കിലും ഇന്ത്യയിൽ മാനസിക-ബൗദ്ധിക വൈകല്യമുള്ളവരുടെ പുനരധിവാസം ഗൗരവമായി എടുത്തത് സ്വാതന്ത്ര്യത്തിനു ശേഷമാണ്. 1965 ആയപ്പോഴേക്കും അതൊരു ദേശീയ പ്രസ്ഥാനമായി മാറി. എങ്കിലും 1981 ലെ അന്താരാഷ്ട്ര വികലാംഗവർഷ പ്രഖ്യാപനത്തോടെയാണ് അതൊരു പുനരധിവാസ പദ്ധതിയായി വികാസം പ്രാപിച്ചത്. എന്നാൽ ഇത്തരക്കാർക്കുള്ള പാഠ്യപദ്ധതി ഇനിയും പൊതുവിദ്യാഭ്യാസധാരയിൽ സന്നിവേശിപ്പിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. അതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചുവെന്നത് പ്രതീക്ഷയ്ക്ക് വകനൽകുന്നു.

ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നീ നാലുതരം വൈഷമ്യങ്ങൾ അനുഭവിക്കുന്നവരെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ബുദ്ധിമാന നിലവാരം ശരാശരിയിൽ താഴെയാണെന്നതിനൊപ്പം ജീവിതനൈപുണിയിലുള്ള പരിമിതികളും ഇത്തരക്കാരുടെ സ്വതന്ത്ര ജീവിതവും സാമ്പത്തിക സുരക്ഷയും ഗണ്യമായ തോതിൽ പരിമിതപ്പെടുത്തുന്നു. ശാരീരിക ചാലകശേഷി, ഗ്രാഹ്യശേഷി, എഴുത്ത്, വായന, ഗണിതം,




യൂറോപ്പിലും അമേരിക്കയിലും ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ പ്രത്യേക വിദ്യാഭ്യാസ സമ്പ്രദായവും പരിശീലനങ്ങളും ആരംഭിച്ചെങ്കിലും ഇന്ത്യയിൽ മാനസിക-ബൗദ്ധിക വൈകല്യമുള്ളവരുടെ പുനരധിവാസം ഗൗരവമായി എടുത്തത് സ്വാതന്ത്ര്യത്തിനു ശേഷമാണ്. 1965 ആയപ്പോഴേക്കും അതൊരു ദേശീയ പ്രസ്ഥാനമായി മാറി.


ചിത്രരചന, നൈപുണി സമ്പാദനക്ഷമത, ധനവിനിമയം, സ്വലക്ഷ്യബോധം, ശ്രദ്ധ, ഓർമ്മശക്തി, യുക്തിചിന്തനം, പഠനസന്നദ്ധത, ആശയ വിനിമയം, ചുമതലാബോധം, സാമൂഹിക ബന്ധം, സ്വശ്രുശ്രൂഷ, ദിനചര്യ സ്വയംനിർവ്വഹണം സുരക്ഷാ കരുതലുകൾ എന്നിങ്ങനെ സാധാരണ ജീവിതം നയിക്കാനാവശ്യമായ പ്രധാന ശേഷികളുടെ അഭാവമാണ് ഇത്തരക്കാരെ വേറിട്ട നിർത്തുന്നത്. അമിതഭയം, ദുർവാശി, നശീകരണ സ്വഭാവം, അനുചിതപെരുമാറ്റം, സ്വയംപീഡനം തുടങ്ങിയ സ്വഭാവവൈകല്യങ്ങളും ഇതോടൊപ്പം കാണപ്പെടുന്നു. എന്നാൽ ഇത്തരക്കാരിൽ സംഗീതം, കല, ചില സവിശേഷ നൈപുണികൾ എന്നിവ ജന്മസിദ്ധമായി ലഭിച്ചവരുമുണ്ട്.

ബുദ്ധിപരമായ ന്യൂനതകളുണ്ടെങ്കിലും സാധാരണ മനുഷ്യന്റെ വികാരങ്ങളും ശാരീരികാവശ്യങ്ങളും ഉള്ളവരാണ് ഈ വിഭാഗത്തിൽപ്പെട്ടവരെന്നും മാനസിക-ബൗദ്ധിക അസന്തുലിതാവസ്ഥ സാമൂഹിക പ്രശ്നമായി കണക്കിലെടുത്ത് ഇവരുടെ അവകാശ സംരക്ഷണത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും 1981 -ൽ ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്തിട്ടുണ്ട്.

വിഭിന്നശേഷിയുള്ളവരുടെ പങ്കാളി



ത്തം, തുല്യത, സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനായി 1982-ൽ ഐക്യരാഷ്ട്രസഭ പ്രമേയം പാസ്സാക്കി. ഇത് പ്രാവർത്തികമാക്കാൻ 1983-92 വികലാംഗ ദശവർഷമായി ലോകമെങ്ങും ആചരിക്കുകയും ചെയ്തു.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 15, 41 എന്നിവ, പ്രത്യേക പരിരക്ഷ ആവശ്യമുള്ളവർക്ക് അതുറപ്പാക്കുന്നുവെങ്കിലും അവ പ്രാവർത്തികമാക്കുന്നതിനുള്ള ഊർജിത നടപടികൾ ആരംഭിച്ചത് 1995-ൽ വികലാംഗജന നിയമം പാസ്സാക്കിയതോടെയാണ്.

അംഗീകാരം, സ്നേഹം, സ്വാതന്ത്ര്യം, സുഹൃത്തുകൾ, തൊഴിൽ, വരുമാനം, ആരോഗ്യം, കുടുംബം എന്നിങ്ങനെ സ്വതന്ത്ര ജീവിതത്തിന് അനിവാര്യമായ ഘടകങ്ങളെല്ലാം ഈ വിഭാഗത്തിൽപ്പെട്ടവരുടെ അവകാശമായി ഉൽക്കൊണ്ട് ഭക്ഷണം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, തൊഴിൽ, വീട്, തുല്യപരിഗണന, പൊതുകേന്ദ്രങ്ങൾ, സുരക്ഷിതത്വം, കൂട്ടായ്മ എന്നിവ ഉറപ്പുവരുത്തണമെന്ന് അന്തർദേശീയ-ദേശീയ നിയമങ്ങൾ അനുശാസിക്കുന്നു.

മേൽപ്പറഞ്ഞ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളിലൊന്ന് മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ കുടുംബങ്ങളിൽ നിലനിൽക്കുന്ന ദാരിദ്ര്യമാണ്. ഇത്തരം വ്യക്തികളുള്ള കുടുംബങ്ങൾ ദാരിദ്ര്യത്തിലേക്ക് വേഗം കൂപ്പുകുത്താനുള്ള സാഹചര്യവും സഹജമാണ്. ഈ വസ്തുത ഉൾക്കൊണ്ടാണ് ദാരിദ്ര്യ നിർമ്മാർജന പരിപാടികളിൽ ഈ വിഭാഗത്തിലുൾപ്പെട്ടവരുടെ സാമൂഹ്യാധിഷ്ഠിത പങ്കാളിത്ത പുനരധിവാസം (Community Based Participatory Rehabilitation) ഒരു പൊതു സമീപനമായി കേരളം സ്വീകരിച്ചിരിക്കുന്നത്.

2015ലെ ഡിസബിലിറ്റി സെൻസസ് പ്രകാരം സംസ്ഥാനത്ത് ഭിന്നശേഷിയുള്ളവരുടെ എണ്ണം 7,93,937 ആണ്. ഇവരിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ 2,23,969 (28.2 ശതമാനം) മാണ്. അതിൽ 1,42,813 (18 ശതമാനം) വിദ്യാർഥികളുമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അവരിൽ 1,28,347 പേർ (89.88 ശതമാനം) സർക്കാർ സ്കൂളുകളിലാണ് പഠിക്കുന്നത്. ഒരു ഗ്രാമപഞ്ചായത്തിൽ ഇത്തരം ശരാശരി നൂറു കുടുംബങ്ങൾ ഉണ്ടെന്നാണ് അനുമാനം.

സംസ്ഥാനത്ത് മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായി സന്നദ്ധ സംഘടനകൾ നടത്തുന്ന മുന്നൂറോളം വിദ്യാലയങ്ങൾ ഇപ്പോഴുണ്ട്. കൂടാതെ 62 തദ്ദേശഭരണസ്ഥാപനങ്ങൾ കുടുംബശ്രീ രൂപം നൽകിയ അംഗീകൃത ബഡ്സ് സ്കൂളുകൾ നടത്തുന്നു. രണ്ടായിരത്തോളം പേർ ഇപ്പോൾ ബഡ്സ് സ്കൂൾ സേവനം പ്രയോജനപ്പെടുത്തുന്നു. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പ് ഇപ്പോൾ 'കെ.ഇ.ഡി' പദ്ധതിയുടെ ഭാഗമായി മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ സർക്കാർ സ്കൂളിൽ പ്രവേശിപ്പിക്കുകയും അവർക്ക് പ്രത്യേക പരിശീലനം ലഭിച്ച 'റിസോഴ്സ് അധ്യാപകരു'ടെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നു.

മാനസിക-ബൗദ്ധിക വെല്ലുവിളികൾ അനുഭവിക്കുന്നവർ സമൂഹത്തിന് വെറും ബാധ്യതയല്ലെന്നും സാമൂഹികാധിഷ്ഠിത പുനരധിവാസത്തിലൂടെ അവരുടെ വിഭിന്ന ശേഷി കുടുംബത്തിനും സമൂഹത്തിനും പ്രയോജനപ്പെടുത്താനാകുമെന്നും ഈ മേഖലയിലെ നിരന്തരമായ ഇടപെടലുകളിലൂടെ ആർജിച്ച അറിവും അനുഭവങ്ങളും സാക്ഷ്യപ്പെടുത്തുന്നു. □

*ലേഖകൻ തിരുവനന്തപുരം ഭാരതീയ വിദ്യാഭവൻ കോളേജ് ആന്റ് കമ്യൂണിക്കേഷനിലെ കോഴ്സ് ഡയറക്ടറാണ്.*

2015ലെ ഡിസബിലിറ്റി സെൻസസ് പ്രകാരം സംസ്ഥാനത്ത് ഭിന്നശേഷിയുള്ളവരുടെ എണ്ണം 7,93,937 ആണ്. ഇവരിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ 2,23,969 (28.2 ശതമാനം) മാണ്. അതിൽ 1,42,813 (18 ശതമാനം) വിദ്യാർഥികളുമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അവരിൽ 1,28,347 പേർ (89.88 ശതമാനം)




# മണ്ണിനും മനുഷ്യനും കാവലായ്

**സിന്ധു തോമസ്**

കേരളത്തിലെ ഗ്രാമങ്ങളിൽ നിന്നും നമുക്ക് വികസനത്തിന്റെയും കരുതലിന്റേയും നിരവധി മാതൃകകൾ കണ്ടെത്തുവാൻ കഴിയും. പശ്ചാത്തല വികസനം, ജൈവ കൃഷി, തണ്ണീർത്തട സംരക്ഷണം തുടങ്ങി മനുഷ്യനേയും പ്രകൃതിയേയും ഒരുപോലെ പരിഗണിച്ചു കൊണ്ടുള്ള കാലം ആവശ്യപ്പെടുന്ന പദ്ധതികൾക്ക് വലിയ പ്രസക്തിയുണ്ട്.

കല്ല്, മണ്ണ്, മരം, ലോഹം എന്നീ പ്രകൃതിദത്തമായ നിർമ്മാണ പദാർത്ഥങ്ങളുടെ പട്ടികയിൽ മനുഷ്യൻ കൂട്ടിച്ചേർത്ത ഇനമാണ് പ്ലാസ്റ്റിക്. നിത്യജീവിതത്തിന് ഉപയുക്തമായ നിരവധി വസ്തുക്കൾ നിർമ്മിക്കുന്നതിനുപയോഗിക്കുന്ന പ്ലാസ്റ്റിക്, പൊതുവായി പ്രകൃതിയുടെ ജൈവരാസ പ്രക്രിയക്ക് വിധേയമാകുന്നില്ല. ഈ കാരണത്താൽ പരിസരമലിനീകരണത്തിന് ഹേതുവാകുന്നു.പ്ലാസ്റ്റിക്കിന്റെ ഉപയോഗം മനുഷ്യരാശിയെ മാത്രമല്ല ജീവജാലങ്ങളെയും ദോഷകരമായി ബാധിക്കുന്നു. വലിച്ചെറിയുന്ന പ്ലാസ്റ്റിക്കും കുഴിച്ചു മൂടുന്ന പ്ലാസ്റ്റിക്കും പരിസ്ഥിതിയെ വളരെയധികം ബാധിക്കുമെന്നു മാത്രമല്ല പ്ലാസ്റ്റിക് കത്തുമ്പോഴുണ്ടാകുന്ന പുക ക്യാൻസറിനു വരെ കാരണമാകുകയും ചെയ്യുന്നു. പ്ലാസ്റ്റിക് ദോഷകരമാകുന്നത് അവ യോഗ്യമല്ലാതാകുമ്പോഴാണ്. 1912 ൽ ആരംഭിച്ച പ്ലാസ്റ്റിക് ചരിത്രം ഭാരതത്തിൽ എത്തിയത് 1940 കളിലാണ്. പ്ലാസ്റ്റിക് സംസ്കാരം തിരുത്തിക്കുറിക്കാനൊരുങ്ങുകയാണ് ഹൈറേഞ്ച് മേഖലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്ത്.

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ 2018 മുതലാണ് ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിക്കുന്നത്. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് വളരെയേറെ പ്രതിസന്ധി തീർത്തിരുന്നു.

കൊന്നത്തടി ഗ്രാമ പഞ്ചായത്തിൽ 19 വാർഡുകളാണുള്ളത്. പ്ലാസ്റ്റിക് ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങൾ ആരംഭിച്ച കാലത്ത് വളരെ പ്രതിസന്ധിയിലൂടെയാണ് പ്രവർത്തനം നടന്നത്. ആളുകൾക്ക് സേനാംഗങ്ങളോട് അവഗണന മാത്രമായിരുന്നു ഉണ്ടായിരുന്നത്. എല്ലാ വാർഡുകളിലും ഹരിതകർമ്മസേനാംഗങ്ങളെ വിന്യസിച്ചിരുന്നു എങ്കിലും കാര്യക്ഷമമായ പ്രവർത്തനം ഉണ്ടായിരുന്നില്ല. ആദ്യകാലഘട്ടങ്ങളിൽ പ്ലാസ്റ്റിക് സംഭരിക്കുന്നതിനു സേനാംഗങ്ങൾ യൂസർ ഫീസ് ആയി ഇരുപതു രൂപയാണ് ഈടാക്കിയിരുന്നത്.

ആദ്യകാലങ്ങളിൽ വീടുകളിൽ നിന്നു ശേഖരിച്ചുകൊണ്ടു വരുന്ന പ്ലാസ്റ്റിക് സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നി

ല്ല. 2019 ൽ എം സി എഫ് പണികഴിപ്പിച്ചു. പിന്നീട് 2020 ഡിസംബർ മാസത്തിൽ ഇപ്പോഴത്തെ ഭരണസമിതി നിലവിൽ വരുകയും, കുടിവെള്ളം, ശുചിത്വം, എന്നീ മേഖലകൾക്ക് മുൻഗണന നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഹരിത കർമ്മ സേനാംഗങ്ങളെ വിളിച്ചു ചേർത്ത് പ്രവർത്തനങ്ങൾ വിലയിരുത്തി.മുൻ ഭരണ സമിതിയുടെ കാലത്ത് കേവലം 6 വാർഡുക ളിലാണ് (രണ്ടായിരത്തി ഇരുപതു കാലഘ ട്ടത്തിൽ ) സേനാംഗങ്ങളുടെ പ്രവർത്തനം ഭാഗികമായെങ്കിലും ഉണ്ടായിരുന്നത്. പുതിയ ഭരണസമിതി അധികാരമേറ്റശേഷം 19 പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും സേനാംഗങ്ങളുടെ ഭരണ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ആരാഞ്ഞു.അംഗങ്ങൾ ആവശ്യപ്പെട്ടതനുസ രിച്ച് യൂണിഫോം, റെയിൻകോട്ട് വാഹനം ,മിനി എം സി എഫ് ബോട്ടിൽ ബൂത്തുകൾ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുക യും ചെയ്തു.

കർമ്മസേന അംഗങ്ങളില്ലാതിരുന്ന വാർഡുകളിലേയ്ക്ക് പുതിയ സേനാംഗങ്ങളെ തെരഞ്ഞെടുക്കുകയും വാർഡു മെമ്പർമ്മാർ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് പ്രവർത്തന ങ്ങൾ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്തു. വാർഡുതല യോഗങ്ങൾ, ഗ്രാമ സഭകൾ പഞ്ചായത്തുതല യോഗങ്ങൾ വികസന സെമിനാറുകൾ, എന്നിവിടങ്ങളിലെല്ലാം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങ ളെപ്പറ്റി സംസാരിച്ചുകൊണ്ടേയിരുന്നു.

പഞ്ചായത്തുതലത്തിൽ ഭരണസമിതി അംഗങ്ങൾ,ഉദ്യോഗസ്ഥർ, ഹരിതകേരള മിഷൻ, ശുചിത്വമിഷൻ, ഹരിത സഹായ സ്ഥാപനമായ സോഷ്യോ ഇക്കണോ മിക് യൂണിറ്റ് ഫൗണ്ടേഷൻ, കുടുംബശ്രീ, വ്യാപാരി വ്യവസായി ഏകോപന സമിതി എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തന ങ്ങൾ ഊർജ്ജിതമാക്കി.

സേനയുമായി സഹകരിക്കാത്ത ആളുകളെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും നേരിൽ കാണുകയും കാര്യങ്ങൾ പറഞ്ഞു മനസ്സി ലാക്കി സഹകരിപ്പിക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ ശക്തമായ നടപടിയാണ് പഞ്ചായത്ത് നൽകിവരു ന്നത്. ആഴ്ചയിൽ ഒരു ദിവസം പഞ്ചായ ത്തിന്റെയും, ആരോഗ്യവകുപ്പിന്റെയും നേതൃ ത്വത്തിൽ പഞ്ചായത്തിൽ പരിശോധന നടത്തിവരുന്നു. ഇതുവരെ 90,000 രൂപ പിഴ



ഈടാക്കിയിട്ടുണ്ട്.

ജൈവ മാലിന്യ സംസ്കരണത്തിനായി ബയോകമ്പോസ്റ്റ് ബിൻ, റിംഗ് കമ്പോസ്റ്റ് എന്നിവ നൽകി. തൊഴിലുറപ്പ് പദ്ധതിയി ലൂടെ സോക്ക് പിറ്റ് നൽകിവരുന്നു. സേനാം ഗങ്ങളെ സാമ്പത്തികമായി ശാക്തീകരി ക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മിക്കുന്നതിനുള്ള ട്രെയിനിംഗുകൾ നൽകി. കുടുംബശ്രീ സംരംഭമായി രജിസ്റ്റർ ചെയ്തുകൊണ്ട് 3,00,000 രൂപ സംരംഭത്തിനു നൽകി. ജി എസ് ടി രജിസ്ട്രേഷനുൾപ്പെടെ എടുത്തു നൽകുകയും ചെയ്തു.

സേനാംഗങ്ങൾക്ക് പേപ്പർ ക്യാരി ബാഗ് നിർമ്മാണത്തിനുള്ള പരിശീലനം നൽകുന്നതിനായി തയ്യാറെടുക്കുകയാണ്. 15 പേരടങ്ങുന്ന തുണി സഞ്ചി നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയും പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് നിരോധനം വന്ന ഈ സാഹ ചര്യത്തിൽ എല്ലാ കടകളിലും ആവശ്യമായ തുണി സഞ്ചികൾ തയ്ച്ചു കൊടുക്കുകയും ചെയ്യുന്നു.

പാറത്തോട് ടൗണിൽ തുമ്പൂർമുഴി കമ്പോസ്റ്റിനുള്ള പദ്ധതി പ്രകാരം ഒരെണ്ണം പൂർത്തിയാക്കുകയും, മറ്റൊരെണ്ണത്തിനു തുട ക്കമിടുകയും ചെയ്തിട്ടുണ്ട്. എല്ലാ വീടുകളിലും നൽകിയിരിക്കുന്ന ഗ്രീൻ കാർഡിലെ കലണ്ടർ പ്രകാരമുള്ള പാഴ്വസ്തു ശേഖരണം നടത്തുന്നതിനായി വാഹനം വാങ്ങി ഹരി തകർമ്മസേനയ്ക്ക് നൽകി. ഓരോ മാസവും വീടുകളിൽ നിന്നും ലഭിക്കുന്ന പ്ലാസ്റ്റിക് പഞ്ചായത്തിലെ 3 എം സി എഫുകളിലും 10 മിനി എം സി എഫുകളിലും ഉൾകൊള്ളാ വുന്നതിലും അധികമാണ്. ഇതിൽ നിന്നും ഹരിതകർമ്മ സേനാംഗങ്ങൾ നമുക്കു ചെയ്യുന്ന സേവനത്തിന്റെ പ്രാധാന്യം മനസിലാക്കാം.

ആധുനിക ജീവിത സൗകര്യങ്ങളെ അനുഭവിക്കുന്നതിനോടൊപ്പം പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ചുമതല നമുക്ക് ഓരോരുത്തർക്കുമുണ്ട്. അതിനാൽ പ്ലാ സ്റ്റിക് മലിനീകരണം പൂർണമായും തടയു കയെന്നത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്.

മാലിന്യ സംസ്കരണം എന്ന ലക്ഷ്യം അതാണ് പ്രധാനം എന്ന് കരുതുന്ന ഒരു ഭരണസമിതിയാണ് നിലവിലുള്ളത്. അതു കൊണ്ടുതന്നെ ഹരിത കർമ്മ സേനയുടെ പ്രവർത്തനമാണ് ഭരണ സമിതി ഇതിനായി തെരഞ്ഞെടുത്തത്. മാലിന്യ സംസ്കരണ സംവിധാനത്തോടൊപ്പം 6344 വീടുകളിൽ നിന്നും 422 കടകളിൽ നിന്നും പ്ലാസ്റ്റിക്




പൂർണ്ണമായും മാറ്റുന്നതിനായി ഹരിത കർമ്മ സേനയെ ട്രെയിനിങ്ങിലൂടെ സജ്ജരാക്കി. മുഴുവൻ വീടുകളിലും കടകളിലും പൊതു സ്ഥാപനങ്ങളിലും ഹരിതകർമ്മസേനയുടെ സാന്നിധ്യം ഉറപ്പുവരുത്തി. ഹരിതകർമ്മ സേനയുടെ കവറേജ് 100% എന്ന പ്രഖ്യാപനവും കളക്ഷൻ കവറേജും നടത്താൻ 2022 ജൂലൈയിൽ പഞ്ചായത്തിന് കഴിഞ്ഞു.

കൂടാതെ തൊഴിലുറപ്പ് പദ്ധതിയിലൂടെ സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ നിർമ്മിച്ചു നൽകാനുംസാധിച്ചു. കൂടാതെ ബയോ കമ്പോസ്റ്റ് ബിൻ, റിംഗ് കമ്പോസ്റ്റ് എന്നിവ ആവശ്യക്കാരനിലേക്ക് എത്തിക്കാനുംസാധിച്ചു.തുമ്പൂർമുഴിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ രണ്ട് ടേക്ക് ബ്രേക്ക് പദ്ധതികളും പഞ്ചായത്തിൽ ആരംഭിച്ചു. പഞ്ചായത്തിന്റെ ഗ്രാമീണ സിറ്റികളിൽ പൊതു ശൗചാലയങ്ങളും പ്രവർത്തന സജ്ജമാക്കി.

എല്ലാ പ്രധാന ഇടങ്ങളിലും മിനി എംസിഎഫുകൾ സ്ഥാപിച്ചു. മിനി എംസിഎഫുകളിൽ നിന്നും തരം തിരിച്ചാണ് പ്രധാന മൂന്ന് എംസിഎഫുകളിലേക്കും അവിടെ നിന്നും ക്ലീൻ കേരള കമ്പനിയിലേക്കും കൈമാറുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങിച്ചു നൽകാനും പഞ്ചായത്തിന് കഴിഞ്ഞു.

പൂർണ്ണമായും പ്ലാസ്റ്റിക്കും മാലിന്യങ്ങൾ ഒഴിവാക്കണം എന്നുള്ള കർശന നടപടിയിലേക്ക് പഞ്ചായത്ത് ശ്രദ്ധ കേന്ദ്രീകരിച്ചതോടെ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പൊതു ഇടങ്ങളിലും കടകളിലും പ്ലാസ്റ്റിക് കത്തിക്കുന്നില്ല എന്നും ഒപ്പം പ്ലാസ്റ്റിക് വിൽക്കുന്നില്ല എന്നും ഉറപ്പുവരുത്തുന്നതിനായി ആഴ്ചയിൽ ഒരു ദിവസം പരിശോധന നടത്തുന്നു. ചിട്ടയായ പ്രവർത്തനത്തിലൂടെ ഘട്ടം ഘട്ടമായി പ്ലാസ്റ്റിക്കും പരിസ്ഥിതിക്ക് ദോഷകരമായി വരുന്ന എല്ലാ വസ്തുക്കളെയും പഞ്ചായത്തിൽ നിന്ന് ഒഴിവാക്കാൻ കഴിയും എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്തിന്റെ എല്ലാ സംവിധാനങ്ങളെയും ഉപയോഗപ്പെടുത്തി കൊണ്ടാണ് ചെയ്യുന്നത്

ഇക്കാര്യങ്ങൾക്ക് ലഭിച്ച ഒരംഗീകാരമാണ് പൂനയിലെ ക്ലീൻ ആൻഡ് ഗ്രീൻ ഗ്രാമ പഞ്ചായത്ത് സമ്മേളനത്തിലേക്ക് കൊന്നത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ക്ഷണം ലഭിച്ചത്.

ഐക്യരാഷ്ട്ര സഭ നിശ്ചയിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി സെപ്റ്റംബർ 22 മുതൽ 24 വരെ പൂനയിൽ വച്ച് നടന്ന ദേശീയ തല ശില്പശാലയിൽ പങ്കെടുക്കുന്നതിനുള്ള ക്ഷണമാണ് ലഭിച്ചത്.

ക്ലീൻ ആൻഡ് ഗ്രീൻ ഗ്രാമ പഞ്ചായത്ത് പ്രമേയം അടിസ്ഥാനമാക്കി നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ക്ഷണം ലഭിച്ച ജില്ലയിലെ ഏക ഗ്രാമ പഞ്ചായത്താണ് കൊന്നത്തടി. അജൈവ മാലിന്യ സംസ്കരണത്തിൽ പഞ്ചായത്തിന്റെ മികച്ച പ്രവർത്തനമാണ് നേട്ടത്തിന് അർഹമാക്കിയത്. വാതിൽപ്പടി ശേഖരണത്തിലും യൂസർഫീ ശേഖരണത്തിലും നൂറ് ശതമാനം വിജയം കൈവരിക്കുകയും പ്രഖ്യാപനം നടത്തുകയും ചെയ്ത സംസ്ഥാനത്തെ തന്നെ ആദ്യ പഞ്ചായത്ത് എന്ന നേട്ടവും കൊന്നത്തടി പഞ്ചായത്തിന് സ്വന്തമാണ്. 2022 ഓഗസ്റ്റിലാണ് ഈ നേട്ടം കൈവരിച്ചത്.

ജല പര്യാപ്തത, ക്ലീൻ ആൻഡ് ഗ്രീൻ എന്നീ രണ്ട് പ്രമേയങ്ങൾ അടിസ്ഥാനമാക്കി മികച്ച നിലവാരം പുലർത്തുന്ന സംസ്ഥാനത്തെ പത്ത് ഗ്രാമ പഞ്ചായത്തുകൾക്കാണ് സമ്മേളനത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. ക്ലീൻ ആൻഡ് ഗ്രീൻ പ്രമേയം അടിസ്ഥാനത്തിൽ ഖര, ദ്രവ്യ മാലിന്യ പരിപാലനം, ഹരിതകർമ്മ സേനയുടെ മികച്ച പ്രകടനം, മാതൃകാ മാലിന്യ സംസ്കരണ സാങ്കേതിക വിദ്യകൾ, ജൈവവൈവിധ്യ പരിപാലനം, സ്വന്തമായി സസ്യ നഴ്സറികൾ /പാർക്കുകൾ, കാർബൺ ന്യൂട്രൽ പ്രവത്തനങ്ങൾ, സൗരോർജ്ജ പദ്ധതികൾ തുടങ്ങിയ അടിസ്ഥാന ഘടകങ്ങളാണ് തെരഞ്ഞെടുപ്പിനായി പരിഗണിച്ചത്. ജല പര്യാപ്ത പ്രമേയത്തിൽ പൈപ്പ് വെള്ളം കണക്ഷനുകൾ, സ്വന്തം കുടിവെള്ള പദ്ധതികൾ, ജലപരിശോധനാ സൗകര്യങ്ങൾ, ഭൂഗർഭജല പുനഃസ്ഥാപനം, മഴവെള്ള സംഭരണം, ജലവിഭവ ഉപകരണങ്ങളുടെ പരിപാലനം, കുടിവെള്ള പ്ലാന്റുകൾ, മാതൃകാപരമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയുമാണ് അടിസ്ഥാന മാനദണ്ഡമായി കണക്കാക്കിയത്.

ക്ഷണം സ്വീകരിച്ച് പ്രസിഡന്റ് ശ്രീമതി രമ്യ റെനീഷ് യോഗത്തിൽ പങ്കെടുത്തു. ഇത് ഈ പദ്ധതിയുടെ ആലോചനകൾ മുതൽ നടപ്പാക്കൽ വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിസ്വാർത്ഥമായി പ്രവർത്തിച്ചവർക്കുള്ള അംഗീകാരമായി.

ഇച്ഛാശക്തിയുള്ള ഒരു ഭരണ സമിതിയും കാര്യശേഷിയുള്ള നിർവ്വഹണ വിഭാഗവും എല്ലാവരേയും കൂട്ടിയോജിപ്പിച്ചു കൊണ്ടു നടത്തുന്ന ശ്രമങ്ങൾക്ക് ജനപിന്തുണയും വിജയവുമുണ്ടാകുമെന്ന യാഥാർത്ഥ്യത്തിന് പ്ലാസ്റ്റിക്ക് സംസ്കരണത്തിന്റെ കൊന്നത്തടി മാതൃക അടിവരയിടുന്നു. □

*ലേഖിക റീബിൾഡ് കേരള ഇനിഷ്യേറ്റീവ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം അടിമാലി ബ്ലോക്ക് മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റാണ്.*



# ആത്മഹത്യ

## കാരണങ്ങളും പരിഹാരങ്ങളും

■ കെ.പി. രാധാകൃഷ്ണൻ

നമ്മുടെ രാജ്യത്ത് ഇന്ന് ആത്മഹത്യകൾ പൊതുവേ കൂടിക്കൊണ്ടിരിക്കുകയാണ്. കേരളം ഉൾപ്പെടെയുള്ള മിക്ക സംസ്ഥാനങ്ങളിലും പഴയ കാലഘട്ടത്തെക്കാൾ ജീവിത നിലവാരം വളരെ മുന്നോട്ടു പോയിട്ടുള്ളതാണ്. സാമ്പത്തികമായും വിദ്യാഭ്യാസപരവും സംസ്കാരികവുമായി നാം മുന്നേറുമ്പോഴും നമ്മുടെ നാട്ടിൽ ആത്മഹത്യ എന്ന വിപത്ത് അനുദിനം കൂടി വരുന്നതിന്റെ കാരണം എന്താണ്. സ്വയം ജീവനെടുക്കുവാൻ ആർക്കും അവകാശമില്ല. ഇന്ത്യൻ ശിക്ഷാ നിയമം 309 വകുപ്പ് പ്രകാരം ആത്മഹത്യാ ശ്രമം കുറ്റകരമാകുന്നു. എല്ലാ മതവിശ്വാസങ്ങളും ആത്മഹത്യക്ക് എതിരാണ്. എന്നിട്ടും എന്തുകൊണ്ടാണ് ആത്മഹത്യകൾ വർദ്ധിക്കുന്നത് എന്ന് ചിന്തിച്ചിട്ടുണ്ടോ? ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം ലോകത്ത് ഒരു വർഷം 7 ലക്ഷം പേർ ആത്മഹത്യ ചെയ്യപ്പെടുന്നു എന്നുള്ളതാണ് വസ്തുത. നാഷണൽ ക്രൈം റെക്കോർഡ് സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2020 ൽ ഇന്ത്യയിൽ 153052 പേർ ആത്മഹത്യ ചെയ്യപ്പെട്ടു. 2009 ൽ ഇന്ത്യയിൽ 139123 പേരാണ് ആത്മഹത്യ ചെയ്യപ്പെട്ടത്. ഏതാണ്ട് 11.3 ശതമാനം വർദ്ധനയാണ് 2020ൽ ഉണ്ടായത്. നമ്മുടെ രാജ്യത്ത് എല്ലാ ദിവസവും 420 പേർ ആത്മഹത്യ ചെയ്യുന്നു എന്നുള്ള ദുഃഖസത്യം നാം വിസ്മരിച്ചു കൂടാ 2019ൽ ഭാരതത്തിൽ പതിനായിരത്തി മുന്നൂറ്റി മുപ്പത്തിയഞ്ച് വിദ്യാർത്ഥികളാണ് ആത്മഹത്യ ചെയ്യപ്പെട്ടത്. 2020ൽ അത് 14825 വിദ്യാർത്ഥികളായി ഉയർന്നു. വിദ്യാർത്ഥികളുടെ ആത്മഹത്യാ നിരക്കിൽ 21.20% വർധനയുണ്ടായി. സംസ്ഥാനങ്ങളുടെ കാര്യമെടുത്താൽ മഹാരാഷ്ട്രയിലാണ് ഏറ്റവും കൂടുതൽ ആത്മഹത്യകൾ 2020ൽ നടന്നത്. 19909 കേസുകൾ. തൊട്ടടുത്ത് തമിഴ്നാട് 16883 കേസുകൾ. ആത്മഹത്യയുടെ കാര്യത്തിൽ നമ്മുടെ കൊച്ചു കേരളവും ഒട്ടും പിന്നിൽ അല്ല. 2020ൽ 8543 പേരാണ് കേരളത്തിൽ ആത്മഹത്യ ചെയ്യപ്പെട്ടത്. കൊല്ലം പട്ടണമാണ് ഭാരതത്തിലെ ഏറ്റവും കൂടുത



ലാളുകൾ ആത്മഹത്യ ചെയ്യപ്പെട്ട സിറ്റി. 2019 ലെ കണക്കുപ്രകാരം 457 പേരാണ് കൊല്ലം സിറ്റിയിൽ മാത്രം ആത്മഹത്യ ചെയ്തത്. 2020 കേരളത്തിൽ ഏറ്റവും കൂടുതൽ പേർ ആത്മഹത്യ ചെയ്തതിന്റെ പ്രധാന കാരണം കുടുംബ പ്രശ്നങ്ങളായിരുന്നു. ഇക്കാരണത്താൽ ആത്മഹത്യ ചെയ്യപ്പെട്ടവർ 365 പേർ. വിവിധ രോഗങ്ങൾ കാരണം ആത്മഹത്യ ചെയ്യപ്പെട്ടവർ 1925 പേർ. മാനസിക രോഗം മൂലം മറ്റും ആത്മഹത്യ ചെയ്തവർ 1924. മദ്യപാനം തുടങ്ങിയ സ്വഭാവത്തിൽ അടിമപ്പെട്ട മരണപ്പെട്ടവർ 792 പേർ. കടബാധ്യത മൂലം മരണപ്പെട്ടവർ 259. പ്രേമനൈരാശ്യം പ്രണയ പരാജയം മുതലായ കാരണങ്ങളാൽ ജീവൻ പൊലിഞ്ഞത് 230 പേർ. പട്ടിണി മൂലം ആത്മഹത്യ ചെയ്തത് ഒരാൾ മാത്രമാണ് എന്ന കാര്യം കൂടി നാമോർക്കുക. ഇനി നമുക്ക് ആത്മഹത്യയുടെ വിവിധ വശങ്ങളെക്കുറിച്ചും കാരണങ്ങളെപ്പറ്റിയും പരിഹാരങ്ങളെപ്പറ്റിയും നോക്കാം. ജീവിക്കുന്നത് കൊണ്ട് പ്രയോജനം ഒന്നുമില്ല എന്നുള്ള ആശയം രൂപപ്പെടുന്നതാണ് ആത്മഹത്യയ്ക്കുള്ള പ്രധാന കാരണം. ഇത് സ്വയം സൃഷ്ടിക്കപ്പെട്ട മിഥ്യാ ബോധമാണ്... മിഥ്യാ ബോധത്തിന് അടിമപ്പെട്ടാൽ സ്വയം നശിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു തുടങ്ങുന്നു.

എന്താണ് ആത്മഹത്യ?

ഒരുവൻ അഥവാ ഒരുവൾ സ്വയം ജീവത്യാഗം ചെയ്യുന്ന പ്രവർത്തിയാണ് ആത്മഹത്യ. ആത്മഹത്യ ചെയ്യുന്ന വ്യക്തിക്ക് മാത്രമല്ല അയാളുടെ ജീവിച്ചിരിക്കുന്ന ബന്ധുക്കൾക്കും വേദനയും കളങ്കവും ഉണ്ടാകും. ഇന്ന് സംഭവിക്കുന്ന ആത്മഹത്യക്ക് പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

1. പരീക്ഷ പരാജയഭീതി അഥവാ പരീക്ഷ തോൽവി.
2. പ്രണയം നൈരാശ്യം.
3. നിരാശാബോധവും ശുഭപ്രതീക്ഷയില്ലായ്മയും.
4. തൊഴിലില്ലായ്മ.
5 ഇഷ്ടമില്ലാത്ത വിവാഹത്തിന് നിർബന്ധിക്കുക.
6. കുടുംബശൈഥില്യം.
7. കടബാധ്യത കടക്കെണി.
8. പരസ്ത്രീബന്ധം, പരപുരുഷബന്ധം.
9. ഭർതൃ പീഡനം.
10. അഭിമാനക്ഷതം.
11. വിട്ടുമാറാത്ത രോഗം.
12. മദ്യപാനം, മയക്കമരുന്ന് ഉപയോഗം.
13. രക്ഷകർത്താക്കളുടെ പീഡനം.
14. അധ്യാപകരുടെ പീഡനം.
15. മനോരോഗം അഥവാ മാനസിക വൈകല്യം തുടങ്ങിയ കാരണങ്ങളാൽ ആണ് പലപ്പോഴും ആത്മഹത്യ നടക്കാറുള്ളത്.

ആത്മഹത്യ സംബന്ധിച്ച് ചില മുന്നറിയിപ്പുകൾ ലഭിക്കാറുണ്ട്. ആത്മഹത്യയുടെ വക്കിൽ നിൽക്കുന്ന ചില ആളുകൾ അവരുടെ വാക്കിലും പ്രവർത്തിയിലും ചില സൂചനകൾ നൽകാറുണ്ട്. അങ്ങനെയുള്ള മുന്നറിയിപ്പ് സൂചനകൾ നാം മനസ്സിലാക്കി പ്രതിവിധികൾ കണ്ടെത്തിയാൽ കുറെയൊക്കെ ആത്മഹത്യകൾ ഒഴിവാക്കാൻ നമുക്ക് സാധിക്കും. അപ്രകാരം നൽകുന്ന ചില സൂചനകളെപ്പറ്റി താഴെ പ്രതിപാദിക്കുന്നു.

1. ആത്മഹത്യാ പ്രവണതയുള്ള ചില ആളുകൾ മിക്കപ്പോഴും മരണത്തെപ്പറ്റിയും ആത്മഹത്യയെപ്പറ്റിയും പറയുകയും ചില ഡയറിക്കുറിപ്പുകളും മറ്റും എഴുതുകയും ചെയ്യുന്നു.
2. ചിലർ സ്വയം കുറ്റപ്പെടുത്തുകയും ആശയറ്റ രീതിയിലും നിസ്സഹായരായും അഭിപ്രായങ്ങൾ പറയുകയും ചിന്തിക്കുകയും ചെയ്യുന്നു.
3. ജീവിക്കുന്നതിൽ ഒരു അർത്ഥവുമില്ല ജീവിതത്തിന് ഒരു ലക്ഷ്യവും ഇല്ല, ഞാൻ ഈ ഭൂമിയിൽ ഇല്ലാത്തതാണ് ഭേദം എന്നെക്കൊണ്ട് വീട്ടുകാർക്കും നാട്ടുകാർക്കും പ്രയോജനമില്ല എന്നൊക്കെ ചിന്തിക്കുകയും ആരോടെങ്കിലും ഒക്കെ പറയുകയും ചെയ്യുന്നു.
4. അമിതമായി മദ്യമോ മറ്റു ലഹരി വസ്തുക്കളായ കഞ്ചാവ് കറുപ്പ് മുതലായ ഉപയോഗിക്കുകയോ ചെയ്യുന്ന
5 വീട്ടുകാരിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും സമൂഹത്തിൽ നിന്നും അകന്ന് ഒറ്റപ്പെട്ട് ഏകനായി കാണപ്പെടുക.
6. അപകടകരമായ പ്രവർത്തികളിൽ ഏർപ്പെടുക ചിന്തിക്കാതെയുള്ള പെരുമാറ്റം വാഹനങ്ങൾ അപകടകരമായ രീതിയിലും അമിതവേഗത്തിലൂടെ ഓടിക്കുക,
7. സഹപ്രവർത്തകരോടും സുഹൃത്തുക്കളോടും വീട്ടുകാരോടും പരുഷമായ രീതിയിൽ പെരുമാറുക
8. നാടകീയമായ രീതിയിൽ മനസ്സും പ്രവർത്തിയും മാറിക്കൊണ്ടിരിക്കുകയാണ്,
9. മാനസികമായും സാമ്പത്തികമായും ഉണ്ടായിട്ടുള്ള നഷ്ടങ്ങളെ സംബന്ധിച്ച് സദാസമയം പറഞ്ഞുകൊണ്ടിരിക്കുക,
10. ചെയ്യുന്ന ജോലികളിൽ ഒന്നും ശ്രദ്ധയോടെ ആത്മാർത്ഥതയില്ലാതെ യാന്ത്രികമായി പ്രവർത്തിക്കുക,
11. സദാസമയം ഒറ്റപ്പെട്ട് മൂകമായും ഇരിക്കാൻ താല്പര്യപ്പെടുക.

മേൽ വിവരിച്ച കാര്യങ്ങൾ ചില വ്യക്തികളെ സംബന്ധിച്ച് ആത്മഹത്യ സൂചനകൾ നൽകുന്ന വസ്തുതകളാണ്. ഇപ്രകാരം സൂചനകൾ നൽകുന്ന വ്യക്തികളെ നാം മനസ്സിലാക്കി അവർക്ക വേണ്ട ഉപദേശവും കൗൺസിലിംഗും തക്കസമയത്ത് നടത്തുകയാണെങ്കിൽ പലരെയും ആത്മഹത്യയുടെ വക്കിൽ നിന്നും ജീവിതത്തിലേക്ക്.. തിരിച്ചുകൊണ്ടുവരാൻ നമുക്ക് കഴിഞ്ഞേക്കും. ☐

*ലേഖകൻ വിരമിച്ച പോലീസ് ഉദ്യോഗസ്ഥനും അഭിഭാഷകനുമാണ്.*




# ലോകത്ത് സ്ത്രീകൾ സുരക്ഷിതരോ?

**■ ടി. ഷാഹുൽ ഹമീദ്**

സ്ത്രീകൾക്ക് എതിരെ അതിക്രമങ്ങൾ തടയുന്നതിനുള്ള ദിനം നവംബർ 25 - സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഇന്ന് ഒരു ആഗോള പ്രതിസന്ധിയായി മാറിയിരിക്കുന്നു. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ അതിക്രമങ്ങൾ വർദ്ധിക്കുകയും സ്ത്രീ സുരക്ഷ ഒരു വലിയ വെല്ലുവിളിയായി തീർന്നിരിക്കുകയുമാണ്. ലോകത്തെ സ്ത്രീകളിൽ മൂന്നിലൊന്നും അവരുടെ ജീവിത ദശകത്തിനിടയിൽ ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്നു. സ്നേഹ പ്രകടനങ്ങളുടെ പരിസമാപ്തി ക്രൂരമായ കൊലപാതകങ്ങളിലേക്ക് പര്യവസാനിക്കുകയാണ്. 35 കഷ്ണങ്ങളാക്കി സ്ത്രീ ശരീരത്തെ വെട്ടിനുറുക്കി ഹിംസാത്മകതയുടെ ആധുനികരൂപം കഴിഞ്ഞ ദിവസം ഡൽഹിയിൽ അരങ്ങേറിയതിന്റെ ദുരന്തമുഖത്ത് നിന്നാണ് ലോകം ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ നവംബർ 25 സ്ത്രീകൾക്കെതിരെയും പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ദിനമായി ആചരിക്കുന്നത്. ലോകത്ത് ഒരു മിനിറ്റിൽ ഒരു സ്ത്രീ ആക്രമിക്കപ്പെടുന്നു, 45% സ്ത്രീകളും വീടുകളിൽ ബന്ധുക്കളാൽ പ്രയാസം നേരിടുന്നു.

ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ രാഷ്ട്രീയപ്രവർത്തകരായ മൂന്ന് മിറാബൽ സഹോദരിമാർ സ്വച്ഛാധിപതിയായ റാഫേൽ ട്രൂജില്ലോവിന്റെ ഉത്തരവിനാൽ കൊല്ലപ്പെട്ടതിന്റെ സ്മരണാർത്ഥമാണ് 2000 മുതൽ നവംബർ 25 UN ന്റെ ആഭ്യമുഖ്യത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ദിനമായി ആചരിക്കുന്നത്. നവംബർ 25 മുതൽ മനുഷ്യാവകാശ ദിനമായ ഡിസംബർ 10 വരെ വിപുലമായ പരിപാടികളോടെയാണ് ഈ ദിനം ആചരിക്കുന്നത്. 2014 ൽ ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറലിന്റെ യുണൈറ്റഡ് ക്യാമ്പയിൻ ആരംഭിച്ചതോടെ ഈ ദിനം ആഗോള ശ്രദ്ധ പിടിച്ചുപറ്റി. ലോകത്ത് കഴിഞ്ഞ ആറ് വർഷം മുമ്പ് ആക്ടിവിറ്റിസ്റ്റ് തരാനാ ബുർക്കേ ആരംഭിച്ച മീ ടൂ ക്യാമ്പയിൻ സ്ത്രീകൾ നേരിടുന്ന അതിക്രമത്തിന്റെ നേർ ചിത്രം ലോകത്തിന് മുൻപിൽ വരച്ചു കാട്ടി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത പേരുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിനെതിരെ വലിയ മുന്നേറ്റങ്ങൾ രൂപപ്പെട്ടു വന്നിട്ടുണ്ട്. 2022ലെ ഈ ദിനത്തിന്റെ സന്ദേശം ഒന്നിച്ചു നിന്ന് സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമം തടയാം എന്നാണ്. ലോക ജനസംഖ്യയുടെ






50 %ത്തിന് അടുത്തു  വരുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് ഭരണ കർത്താക്കളുടെ ഉത്തരവാദിത്വം ആണ്. ലോകത്ത് 100 സ്ത്രീകൾക്ക് 101.7 പുരുഷന്മാർ ഉണ്ടെങ്കിലും ഇന്ത്യ ചൈന രാജ്യങ്ങളിലെ ജനസംഖ്യ ഒഴിവാക്കിയാൽ ലോകത്ത് സ്ത്രീകളാണ് കൂടുതലുള്ളത്.

ലോക സാമ്പത്തിക ഫോറത്തിന്റെ ആഗോള ലിംഗ വിടവ് (Gender Gap Report ) 2022 പ്രകാരം 146 രാജ്യങ്ങളിലെ അവസ്ഥ പരിശോധിച്ചതിൽ ലോകത്ത് സ്ത്രീകൾക്ക് തുല്യത എല്ലാ രംഗത്തും കൈവരിക്കണമെങ്കിൽ ഇനിയും 132 വർഷം വേണ്ടിവരും എന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. സ്ത്രീശാക്തീകരണത്തിന്റെ ഏറ്റവും വലിയ ഘടകമായ സാമ്പത്തിക രംഗത്ത് ഇടപെടാനുള്ള അവസരം ലോകത്ത് 60.3% സ്ത്രീകൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. രാഷ്ട്രീയ രംഗത്ത് 22% മാത്രമേ സ്ത്രീകൾ നിലവിൽ ഇടപെടുന്നുള്ളൂ.

ലോകത്ത് 240 കോടി തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് തുല്യവേതനം ലഭിക്കുന്നില്ല, 178 രാജ്യങ്ങളിൽ സ്ത്രീകൾക്ക് സാമ്പത്തിക പങ്കാളിത്തവും ഇല്ല. ലോക ബാങ്കിന്റെ 2022ലെ റിപ്പോർട്ട് പ്രകാരം ലോകത്തെ 86 രാജ്യങ്ങളിൽ സ്ത്രീകൾ തൊഴിലെടുക്കുന്നതിന് വിലക്കുണ്ട്, യുഎൻ റിപ്പോർട്ട് പ്രകാരം 736 ദശലക്ഷം സ്ത്രീകൾ ശാരീരിക മാനസിക പീഡനങ്ങൾക്ക് ഇരയാകുന്നു. അർജന്റീനയിൽ അത് 42 % തുർക്കിയിൽ 38 %അമേരിക്കയിൽ 36 %ഡെന്മാർക്ക് 32 % സ്ത്രീകൾ അതിക്രങ്ങൾക്ക് ഇരയാകുന്നു. ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ 15 വയസ്സ് മുതൽ 49 വയസ്സ് വരെയുള്ള സ്ത്രീകളിൽ 30% സ്ത്രീകളും മാനസിക ശാരീരിക പീഡനം ഏറ്റുവാങ്ങുന്നു. ലോകത്ത് ആകമാനം ഉള്ള അതിക്രമങ്ങളിൽ സ്ത്രീകൾക്ക് പരിക്ക് പറ്റുന്ന കേസുകളിൽ 42% സ്വന്തം കുടുംബക്കാരിൽ നിന്നാണ്. 6% സ്ത്രീകൾക്ക് മാത്രമേ അപരിചിതരാൽ ആക്രമം നേരിടേണ്ടി വരുന്നുള്ളൂ. യുഎൻ വിമൺ 13 രാജ്യങ്ങളിൽ ഏറ്റവും ഒടുവിലായി നടത്തിയ പഠനത്തിൽ ആ രാജ്യങ്ങളിലെ മൂന്നിൽ രണ്ട് സ്ത്രീകളും ഭക്ഷണത്തിനും വിവേചനം നേരിടുന്നു. ലോകത്ത് സ്ത്രീകൾക്കെതിരെ അതിക്രമങ്ങളിൽ പത്തിൽ ഒന്നു മാത്രമേ വെളിച്ചത്തു വരുന്നുള്ളൂ . കൂടാതെ പ്രശ്നങ്ങളിൽ പെട്ടുപോകുന്ന സ്ത്രീകളിൽ 40% ത്തിന് മാത്രമേ കൃത്യമായ നിയമസഹായം ലഭിക്കുന്നുള്ളൂ. ലോകത്തെ മൂന്നിലൊന്ന് സ്ത്രീകളും ജീവിക്കുന്നത് ബലാത്സംഗം വലിയ കുറ്റമല്ലാത്ത രാജ്യങ്ങളിലാണ്., ലോകത്ത് കഴിഞ്ഞ വർഷം 81000 സ്ത്രീകൾ /പെൺകുട്ടികൾ കൊല്ലപ്പെട്ടു അതിൽ (47000 )58%സ്വന്തക്കാരാലാണ് കൊല്ലപ്പെട്ടത്. ലോകത്ത് ഓരോ 11 മിനിറ്റിലും ഒരു സ്ത്രീ /പെൺകുട്ടി കൊല്ലപ്പെടുന്നു. പ്രതിദിനം 137 സ്ത്രീകൾ ഉറ്റ ബന്ധുക്കളാൽ ലോകത്ത് കൊല്ലപ്പെടുന്നു. ലോകത്ത് 158 രാജ്യങ്ങളിൽ ഗാർഹിക പീഡന നിയമങ്ങൾ ഉദാരമാക്കി. കഴിഞ്ഞ കുറച്ചു വർഷങ്ങളായി ലോകത്തുണ്ടാക്കിയ 760 നിയമങ്ങളിലും 50%സ്ത്രീകൾക്കെതിരായ

നിയമങ്ങളാണ്. ലോകത്ത് മനുഷ്യകട ത്തിൽ പത്തിൽ അഞ്ചു കേസുകളിലും സ്ത്രീ കളെയാണ് കടത്തിയത് അതിൽ 92% വും വേശ്യാവൃത്തിക്ക് വേണ്ടിയായിരുന്നു സ്ത്രീകളെ കടത്തിക്കൊണ്ടു പോയത്. ലോകം ഡിജിറ്റൽ യുഗത്തിലൂടെ കടന്നുപോ കുമ്പോൾ 15 വയസ്സാകുമ്പോഴേക്കും പെൺ കുട്ടികളിൽ പത്തിൽ ഒന്നിനും സൈബർ ഇടങ്ങളിൽ നിന്നും അതിക്രമങ്ങൾ നേരി ടേണ്ടിവരുന്നു. വികസിത രാജ്യമായ അമേ രിക്കയിൽ പത്തിൽ രണ്ട് പെൺകുട്ടികൾ അതിക്രമം നേരിടുന്നു. യുഎൻ വിമണിന്റെ അഭിപ്രായത്തിൽ ഉക്രൈൻ, അഫ്ഗാനി സ്ഥാൻ, എത്യോപ്യ, മ്യാന്മാർ, റഷ്യ, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ വലിയ രീതിയിൽ സ്ത്രീകൾ അതിക്രമങ്ങൾ നേരിടുന്നു.

ലോകത്ത് STEM (സയൻസ്, ടെക്നോളജി, എൻജിനീയറിങ്, മാത്തമാറ്റി ക്സ് )എന്നീ മേഖലകളിൽ 35% സ്ത്രീകളെ പ്ര വർത്തിക്കുന്നുള്ളൂ. വിവരസാങ്കേതികവിദ്യ യിൽ അഞ്ച് ശതമാനത്തിൽ മാത്രമേ സ്ത്രീകൾ പ്രവർത്തിക്കുന്നുള്ളൂ. 2022ൽ അതി ദാരിദ്ര്യം നേരിടുന്ന സ്ത്രീകളുടെ എണ്ണം 368 ദശലക്ഷമായി വർദ്ധിച്ചു. ലോകത്ത് 938





**ലോക സാമ്പത്തിക ഫോറത്തിന്റെ ആഗോള ലിംഗ വിടവ് (Gender Gap Report ) 2022 പ്രകാരം 146 രാജ്യങ്ങളിലെ അവസ്ഥ പരിശോധിച്ചതിൽ ലോകത്ത് സ്ത്രീകൾക്ക് തുല്യത എല്ലാ രംഗത്തും കൈവരിക്കണമെ ങ്കിൽ ഇനിയും 132 വർഷം വേണ്ടിവരും എന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്.**

ദശലക്ഷം സ്ത്രീകൾക്ക് പ്രതിദിനം 3.20 അമേ രിക്കൻ ഡോളർ വരുമാനമേ ലഭിക്കുന്നുള്ളൂ, 170 കോടി സ്ത്രീകൾക്ക് 5.50 ഡോളറിൽ താഴെ മാത്രം വരുമാനമേ ലഭിക്കുന്നുള്ളൂ. ലോകത്തെ 44.9% സ്ത്രീകളും പ്രസവാനന്തരം സാമ്പത്തിക വിവേചനം നേരിടുന്നു, ലോകത്ത് 37.5 ശതമാനം സ്ത്രീകളും ഭക്ഷ്യ പ്രതിസന്ധി നേരിടുന്ന 36 രാജ്യങ്ങളിലാണ് ജീവിക്കുന്നത്. 120 കോടി സ്ത്രീകൾക്കും സുര ക്ഷിതമായ ഗർഭഛിദ്രത്തിന് അവസരം ലഭിക്കുന്നില്ല, 120 ദശലക്ഷം സ്ത്രീകളും ഗർഭ ഛിദ്രം നിയമവിരുദ്ധമായ രാജ്യങ്ങളിൽ



ജീവിക്കുന്നു. ഉഗാണ്ട, പെറു, മെക്സിക്കോ, സൗത്ത് ആഫ്രിക്ക, കെനിയ എന്നിവിടങ്ങളിൽ പ്രസവ സമയത്ത് അമ്മമാർ വലിയ രീതിയിൽ മരണപ്പെടുന്നു, സ്ത്രീകളുടെ ആയുർദൈർഘ്യം 2019 നേക്കാൾ 2021ൽ 1.6 വർഷം കുറഞ്ഞു സൗത്ത് ആഫ്രിക്കയിൽ 4.1 ഒമാനിൽ 4.3 വർഷമായി ഇത് കുറഞ്ഞു.

ഡിജിറ്റൽ യുഗത്തിൽ നൊടിയിടക്കുള്ളിൽ തന്റേതല്ലാത്ത കാരണത്താൽ ശാരീരിക മാനസിക ആരോഗ്യ പ്രശ്നങ്ങൾ സ്ത്രീകൾ നേരിടുന്നു, ഇത് കാരണം ജീവനോപാധി, കുടുംബബന്ധം, അഭിമാനം പ്രശസ്തി, എന്നിവയെല്ലാം നഷ്ടമാകുന്നു. നിറം നോക്കി സ്ത്രീകൾക്കെതിരെ അതിക്രമം വർദ്ധിക്കുന്നു 84 % കറുത്ത വർഗ്ഗക്കാരായ സ്ത്രീകൾക്കും ട്വിറ്ററിലൂടെ മോശമായി ട്വീറ്റ് ലഭിക്കുന്നു. ആംനസ്റ്റി ഇന്റർനാഷണലിന്റെ അഭിപ്രായത്തിൽ സ്ത്രീകളുടെ കൂട്ടുത്തരവാദിത്വ ബോധം ഓൺലൈൻ അതിക്രമങ്ങളിലൂടെ നഷ്ടപ്പെടുന്നു, മറ്റൊരു സ്ത്രീയെ സഹായിക്കാൻ ശ്രമിക്കുന്ന സ്ത്രീകൾ, സംഘടനകൾ വ്യാപകമായി ആക്രമിക്കപ്പെടുന്നു. സൂം ബോംബ് എന്ന പ്രതിഭാസം കോവിഡ് കാലത്തെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ വ്യാപരിക്കപ്പെട്ടിട്ടുണ്ട്. യുഎൻ വിമണിന്റെ അഭിപ്രായത്തിൽ ലോകത്ത് 38% സ്ത്രീകൾക്കും ഓൺലൈനിൽ മോശമായി അതിക്രമങ്ങൾ നേരിടേണ്ടിവരുന്നു മോശമായ അതിക്രമത്തിന് ഇരയാകുന്ന സ്ത്രീകളെ സഹായിക്കാതെ 85% മറ്റുള്ള സ്ത്രീകൾ നോക്കിനിൽക്കുന്നു. ലോകത്ത് 73% വനിതാ പത്രപ്രവർത്തകർക്കും 58% വനിതാ പാർലമെന്റ് അംഗങ്ങൾക്കും ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഓൺലൈനിൽ തിക്താനുഭവം നേരിട്ടതിനെ തുടർന്ന് 44% സ്ത്രീകളും ഓഫ് ലൈനിലേക്ക് മാറി, സ്ത്രീകൾ ആഗ്രഹിക്കാത്ത തെറ്റായ വിവരങ്ങൾ, ലൈംഗികതയുള്ള സംസാരങ്ങൾ, അടയാളങ്ങൾ, ചിത്രങ്ങൾ, ട്രാക്കിംഗ് എന്നിവയ്ക്ക് വിധേയമാകുന്നു, ഇതൊക്കെ സംഭവിക്കുന്നുണ്ടെങ്കിലും ഇത് എങ്ങനെ തടയാം എന്നതിനെക്കുറിച്ച് ലോകം ഇരുട്ടിൽ തപ്പുന്നു.

ട്രാവൽ ഇൻഡസ്ട്രി അസോസിയേഷൻ ഒറ്റക്ക് സ്ത്രീകൾ സഞ്ചരിക്കാൻ പാടില്ല എന്ന് പറഞ്ഞ് ചില രാജ്യങ്ങളുടെ പട്ടിക പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തിയിട്ടുണ്ട്. സൗത്ത് ആഫ്രിക്ക, ബ്രസീൽ, റഷ്യ മെക്സിക്കോ, ഇറാൻ, മൊറോക്കോ, എന്നീ രാജ്യങ്ങളുടെ പേരാണ് പട്ടികയിൽ ഉള്ളത്. സൗത്ത് ആഫ്രിക്കയിൽ 40% സ്ത്രീകളും ഒരു തവണയെങ്കിലും ജീവിതത്തിൽ ബലാത്സംഗത്തിന് ഇരയാകുന്നു.

സ്ത്രീ ശാക്തീകരണത്തിന്റെ പ്രധാന ഘടകമായ പങ്കാളിത്തത്തിൽ മൂന്നിലൊന്ന് സ്ത്രീകൾക്ക് മാത്രമേ അവസരം ലഭിക്കുന്നുള്ളൂ, ലോകത്ത് 571 ദശലക്ഷം സ്ത്രീകൾ വിളർച്ച നേരിടുന്നു. കാർഷിക മേഖലയിൽ സ്ത്രീകളാണ് കൂടുതൽ ജോലി ചെയ്യുന്നത് എങ്കിലും 14% സ്ത്രീകൾക്ക് മാത്രമേ ഭൂ ഉടമസ്ഥാവകാശം ഉള്ളൂ. 75% പാർലമെന്ററി സ്ഥാനങ്ങളും ലോകത്ത് കയ്യടക്കി വെച്ചിരിക്കുന്നത് പുരുഷന്മാരാണ്, ലോകത്ത് ഉയർന്ന പോസ്റ്റ് കൈവശം വച്ചിരിക്കുന്നത് 73% പുരുഷന്മാരാണ്. 1996 ൽ ലോകാരോഗ്യസംഘടന സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യ പ്രശ്നമായി പ്രഖ്യാപിച്ചു.

**ട്രാവൽ ഇൻഡസ്ട്രി അസോസിയേഷൻ ഒറ്റക്ക് സ്ത്രീകൾ സഞ്ചരിക്കാൻ പാടില്ല എന്ന് പറഞ്ഞ് ചില രാജ്യങ്ങളുടെ പട്ടിക പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തിയിട്ടുണ്ട്. സൗത്ത് ആഫ്രിക്ക, ബ്രസീൽ, റഷ്യ മെക്സിക്കോ, ഇറാൻ, മൊറോക്കോ, എന്നീ രാജ്യങ്ങളുടെ പേരാണ് പട്ടികയിൽ ഉള്ളത്.**

## ഇന്ത്യയുടെ അവസ്ഥ

ഇന്ത്യയിൽ ഒരു ലക്ഷം സ്ത്രീകളിൽ 58 സ്ത്രീകൾ അതിക്രമത്തിനിരയാകുന്നു, ആസാമിൽ അത് 144 ഉം ഡൽഹിയിൽ 131ഉം ആണ്. 2021ലെ ദേശീയ ക്രൈം റെക്കോർഡ് ബ്യൂറോ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ സ്ത്രീകൾക്ക് എതിരായ അതിക്രമം 15.3%വർദ്ധിച്ചു. 2020ൽ 371503 കേസുകൾ ആയിരുന്നുവെങ്കിൽ 2021ൽ അത് 428278 ആയി വർദ്ധിച്ചു. 31.8 % വും അടുത്ത ബന്ധുക്കളിൽ നിന്നാണ് പ്രയാസങ്ങൾ നേരിടേണ്ടി വന്നിട്ടുള്ളത്. പട്ടണങ്ങളിലെ അതിക്രമങ്ങളുടെ വിവരങ്ങൾ പുറത്തു വന്നപ്പോൾ ഇന്ത്യയിലെ ജയ്പൂർ, ഡൽഹി, ഇൻഡോർ, ലക്നൗ എന്നിവിടങ്ങളിൽ

വലിയ രീതിയിൽ സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ വർദ്ധിക്കുന്നു. ചെന്നൈ കോയമ്പത്തൂർ എന്നിവിടങ്ങളിൽ കേസുകൾ കുറവാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേസുകളുടെ കാര്യത്തിൽ ഇന്ത്യയിൽ ഉത്തർപ്രദേശ്, ആസാം, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ ബലാത്സംഗവും അതേ തുടർന്നുള്ള കൊലയും വർദ്ധിക്കുന്നു. ഗാർഹിക പീഡന കേസുകളിൽ ഇന്ത്യയിലെ ഏറ്റവും കൂടുതൽ കേസുകൾ കേരളത്തിലാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2021ൽ ഇന്ത്യയിൽ ഭർത്താക്കന്മാരുടെ ഉപദ്രവം കാരണം 137986 സ്ത്രീകൾ പോലീസിൽ പരാതിയുമായി എത്തി. ഇന്ത്യയിൽ ഓരോ നാലു മിനിറ്റിലും ഒരു സ്ത്രീ ഭർത്താവിനാൽ ഉപദ്രവിക്കപ്പെടുന്നു. 2021ൽ 107 ആസിഡ് അക്രമങ്ങൾസ്ത്രീകൾക്ക് എതിരെ ഉണ്ടായി. 15 പെൺകുട്ടികളെ വിൽപ്പന നടത്തി. ലോക ബാങ്കിന്റെ റിപ്പോർട്ട് പ്രകാരം ഗ്രാമീണ മേഖലയിൽ നടക്കുന്ന കല്യാണങ്ങളിൽ പാരിതോഷികങ്ങൾ വലിയ രീതിയിൽ കൈമാറുന്നുണ്ട്. 1983ൽ ഇന്ത്യൻ പീനൽ കോഡിൽ 498 എ വകുപ്പ് കൂട്ടിച്ചേർത്തെങ്കിലും ഗാർഹിക പീഡന മരണങ്ങൾക്ക് യാതൊരു കുറവും ഇന്ത്യയിലുണ്ടായിട്ടില്ല. 2021ൽ 6795 ഗാർഹിക പീഡന മരണം ഇന്ത്യയിൽ ഉണ്ടായി. സ്ത്രീ സമാധാന സുരക്ഷിത സൂചികയിൽ 2019 /20 ൽ ഇന്ത്യയുടെ സ്ഥാനം 133 ആണ്. നോർവേ ഒന്നാം സ്ഥാനം നേടിയപ്പോൾ അഫ്ഗാനിസ്ഥാൻ ഏറ്റവും പിറകിലായി 166 സ്ഥാനവും പാക്കിസ്ഥാൻ 164 സ്ഥാനത്തും ആണ്.

ലിംഗ സമത്വ സൂചികയിൽ ഇന്ത്യ 156 ൽ 140 ആം സ്ഥാനത്താണ്. തമിഴ്നാട്ടിൽ ബസിൽ യാത്ര ചെയ്യുമ്പോൾ സ്ത്രീകളെ തുറിച്ചു നോക്കിയാൽ കേസെടുക്കും എന്ന നിയമ ഭേദഗതി വലിയ രീതിയിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറയാൻ സാധിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഓരോ 16 മിനിറ്റിലും ഒരു സ്ത്രീ ബലാത്സംഗത്തിനിരയാകുന്നു.

2021ൽ കേരളത്തിൽ 16199കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സ്വന്തം ജീവിതത്തിന്റെ കടിഞ്ഞാൺ ഏറ്റെടുക്കുകയും സ്നേഹവും ബഹുമാനവും പരസ്പര മര്യാദയും അനുഭവപ്പെടുന്ന ബന്ധങ്ങളിൽ മാത്രം ജീവിതം നിക്ഷേപിക്കുകയും ചെയ്യേണ്ടത് പ്രയാസങ്ങൾ ദൂരീകരിക്കുവാൻ ഉപകാരപ്പെടും.

സ്ത്രീകളുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കേണ്ടത് ഒരു പരിഷ്കൃത ജനാധിപത്യ






സമൂഹത്തിന്റെ അനിവാര്യമായ കടമയാണ്.

വിശ്വ സുന്ദരി പട്ടം 2021ൽ കരസ്ഥമാക്കിയ ഹർനസ് സന്ധു പറഞ്ഞതുപോലെ അവനവനിലുള്ള ആത്മവിശ്വാസം നഷ്ടപ്പെടുന്നതാണ് സ്ത്രീകൾ നേരിടുന്ന പ്രധാന പ്രശ്നം. വിപുലമായ നിയമ സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്ത്രീകൾക്ക് എതിരെ അതിക്രമങ്ങൾ വർധിക്കുന്നത് രാജ്യ പുരോഗതിക്ക് തടസ്സമായി നിൽക്കും.

# വാർത്തകൾ വിശേഷങ്ങൾ

### വികേന്ദ്രീകൃതാസൂത്രണം - ഉത്തരവ് പുറപ്പെടുവിച്ചു.
കേരള കളിമൺ പാത്രനിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷനിൽ നിന്ന് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കളിമൺ ഉൽപ്പന്നങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.2388/2022/ത.സ്വ.ഭ.വ തീയതി 30.09.2022

### തെരുവ് നായ നിയന്ത്രണം - ഉത്തരവ് പുറപ്പെടുവിച്ചു.
സംസ്ഥാനത്തെ തെരുവ്നായ നിയന്ത്രണം സമഗ്രമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അധിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.2376/2022 /ത.സ്വ.ഭ.വ തീയതി 29.09.2022

### തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ കാലികമാക്കൽ - ഉത്തരവ് പുറപ്പെടുവിച്ചു.
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തി രജിസ്റ്റർ കാലികമാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ഇതിന്റെ രീതിശാസ്ത്രം നിശ്ചയിക്കുന്നതിനുമായി കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.22379/2022/ത.സ്വ.ഭ.വ തീയതി 29.09.2022

### സാമൂഹ്യസുരക്ഷ പെൻഷൻ - ഉത്തരവ് പുറപ്പെടുവിച്ചു.
സർക്കാർ ധനസഹായം ലഭിക്കുന്ന തനത്ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ,അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്ന ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ എന്നിവർക്ക് സാമൂഹ്യസുരക്ഷ പെൻഷന് അർഹതയില്ലായെന്ന വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(എം.എസ് ) നം.162/2022/ധന തീയതി 22.09.2022

### സാമൂഹ്യസുരക്ഷ പെൻഷൻ - ഉത്തരവ് പുറപ്പെടുവിച്ചു.
കായിക യുവജനക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സർക്കസ് പെൻഷൻ അവശ കായികതാര പെൻഷൻ സാംസ്കാരിക വകുപ്പ് മുഖേന വിതരണം ചെയ്യുന്ന കലാകാര പെൻഷൻ അവശ കലാകാരപെൻഷൻ എന്നിവ ലഭിക്കുന്നവർക്ക് അർഹമായ സാമൂഹ്യസുരക്ഷ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു
സ.ഉ(കൈ) നം.170/2022/ധന തീയതി 03.10.2022

### സാമൂഹ്യസുരക്ഷ പെൻഷൻ -- ഉത്തരവ് പുറപ്പെടുവിച്ചു.
വിവിധ കാരണങ്ങളാൽ സാമൂഹ്യ സുരക്ഷ പെൻഷന് ക്ഷേമനിധി ബോർഡ് പെൻഷൻ കുടിശ്ശിക ആയവർക്ക് കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു
സ.ഉ(കൈ) നം.174/2022/ധന തീയതി 07.10.2022

### വസ്തു നികുതി - ഉത്തരവ് പുറപ്പെടുവിച്ചു.
സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടവാക്കേണ്ടുന്ന വസ്തുനികുതിയുടെ പിഴപലിശ 31.12.2022 വരെ ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു
സ.ഉ(സാധ) നം.2476/2022/ത.സ്വ.ഭ.വ തീയതി 12.10.2022

### ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി – ഉത്തരവ് പുറപ്പെടുവിച്ചു.
തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാധി 31.03.2022 വരെ ദീർഘിപ്പിച്ച് സർക്കാർഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.2518/2022/ത.സ്വ.ഭ.വ തീയതി 18.10.2022

### മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പുറപ്പെടുവിച്ചു.
തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിർമ്മാണപ്രവൃത്തികൾക്കും കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി 10 ശതമാനം ടെണ്ടർ എക്സസ് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.2497/2022/ത.സ്വ.ഭ.വ തീയതി 18.10.2022

### കേരളോത്സവം – ഉത്തരവ് പുറപ്പെടുവിച്ചു.
കേരളോത്സവം 2022 സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയും ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് / പ്ലാൻഫണ്ട് ൽ നിന്നും തുക ചെലവഴിക്കുന്നതിനും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.2522/2022/ത.സ്വ.ഭ.വ തീയതി 19.10.2022

### കെട്ടിടനിർമ്മാണ അനുമതി - സർക്കുലർ പുറപ്പെടുവിച്ചു.
കെട്ടിടനിർമ്മാണ അപേക്ഷകളിൽ കണ്ടെത്തുന്ന ന്യൂനതകൾ പൂർണ്ണമായും ഒറ്റത്തവണയായി നോട്ടീസ് മുഖാന്തിരം അപേക്ഷകനെ അറിയിക്കുന്നതും ശേഷിക്കുന്ന നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതും സംബന്ധിച്ച് പൊതു നിർദ്ദേശം നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.
നം ആർ.ബി3/.259/2019/തസ്വഭവ തീയതി 31.10.2022

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

# അടൂർ

ഡോ. വിളക്കുടി രാജേന്ദ്രൻ

പത്തനംതിട്ട ജില്ലയിലെ ഒരു താലൂക്കും അതിന്റെ ആസ്ഥാനമായ മുനിസിപ്പൽ നഗരവും. അടൂർ റവന്യൂ ഡിവിഷന്റെ ആസ്ഥാനം കൂടിയാണിത്. പന്തളം മുനിസിപ്പൽ നഗരം ഈ താലൂക്കിൽപ്പെടുന്നു. അടൂർ, കടമ്പനാട്, പള്ളിക്കൽ, ഏഴംകുളം, ഏനാദിമംഗലം, കൊടുമൺ, തുമ്പമൺ തുടങ്ങിയ പതിനാല് വില്ലേജുകൾ താലൂക്കിലുണ്ട്. 'അടൂർ' എന്ന സ്ഥലനാമപ്പിറവിയെപ്പറ്റി പല അഭിപ്രായങ്ങളുണ്ട്. അടു+ഊർ ആവാം അടൂർ ആയത്. 'അടു'വിന് നൽകുക എന്നർഥം. കൊട്ടാരക്കര ആസ്ഥാനമായിരുന്ന ഇളയിടത്തു സ്വരൂപത്തിൽ നിന്ന് മണ്ണടി വാക്കവഞ്ഞിപ്പുഴ മഠത്തിന് അട്ടിപ്പേറായി (വിലയാധാരം)നൽകിയ സ്ഥലമാണ് അടൂർ. മഠത്തിൽ നിന്നു കണ്ടെടുത്ത രേഖ ഇതിനു തെളിവാണ്. അടവുകളുടെ (അഭ്യാസരീതി, യുദ്ധമുറ) ഊർ അടൂർ ആയെന്നാണ് സ്ഥലപുരാണം. അടുത്തൂർ (അടുത്ത ഗ്രാമം) എന്നു പറഞ്ഞുവന്നത് ഉച്ചാരണഭേദത്താൽ അടൂർ ആയെന്ന് മറ്റൊരഭിപ്രായം. 'താണ പ്രദേശം' (അട്+ഊർ) എന്ന അർഥത്തിലുണ്ടായ പേരെന്ന് ചട്ടമ്പി സ്വാമികൾ പറയുന്നു. കായംകുളം-പുനലൂർ റോഡും ചവറ-പത്തനംതിട്ട റോഡും എം.സി.റോഡും സന്ധിക്കുന്ന 'സെൻട്രൽ ടോൾ' മുഖ്യ നഗര കേന്ദ്രം. ചെന്നീർക്കര സ്വരൂപത്തിന്റെ ഭരണസീമയിലിരുന്ന സ്ഥലങ്ങളാണ് അടൂർ ഉൾപ്പെട്ട ചില ദേശങ്ങൾ എന്ന് അനുമാനിക്കുന്നു. ഹാസസാഹിത്യ സാമ്രാട്ടായിരുന്ന ഇ.വി.കൃഷ്ണപിള്ളയുടെയും അഭിനയ ചക്രവർത്തിയായിരുന്ന അടൂർ ഭാസിയുടെയും ജന്മദേശം. □



മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്

# പാട്ട്

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

മണിപ്രവാള ലക്ഷണഗ്രന്ഥമായ 'ലീലാതിലക'ത്തിൽ പാട്ടിന്റെ ലക്ഷണവും ഉണ്ടെന്നു നേരത്തേ സൂചിപ്പിച്ചു.

ദ്രമിഡസംഘാതാക്ഷര നിബദ്ധമെതുകാ.
മോനവൃത്തവിശേഷം പാട്ട്

എന്നാണ് ലീലാതിലകകാരൻ പറയുന്നത്. ദ്രമിഡ സംഘാതാക്ഷരങ്ങൾ ഉപയോഗിച്ചും എതുകാ, മോന എന്നീ വൃത്തവിശേഷങ്ങളോടും എഴുതിയതാണ് പാട്ട് എന്നർത്ഥം. അ, ആ, ഇ, ഈ, ഉ, ഊ, എ, ഏ, ഐ, ഒ, ഓ, ഔ എന്നീ പന്ത്രണ്ടു സ്വരങ്ങളും ക, ങ, ച, ഞ, ട, ണ, ത, ന, പ, മ, യ, ര, ല, വ, ള, ഴ, റ, ന എന്നീ പതിനെട്ടു വ്യഞ്ജനങ്ങളും ചേർന്നതാണ് ദ്രമിഡസംഘാതം. ദ്വിതീയാക്ഷരപ്രാസമാണ് എതുക, ഒരു വരി രണ്ടാക്കിയാൽ ആദ്യ പകുതിയിലെ ആദ്യാക്ഷരവും രണ്ടാം പകുതിയിലെ ആദ്യാക്ഷരവും സമാനമാകുന്നതു മോന. സംസ്കൃതവൃത്തങ്ങളല്ല, ദ്രാവിവൃത്തങ്ങളാണ് പാട്ടിന് ഉപയോഗിക്കുന്നത്.

ഭാരതീയ ഭാഷകളെയെല്ലാം സമ്പന്നമാക്കിയ ഭാഷയാണ് സംസ്കൃതം. വാൽമീകി രാമായണം, മഹാഭാരതം, ഭാഗവതം തുടങ്ങിയ ഇതിഹാസ പുരാണങ്ങൾ എല്ലാ ഭാഷകളിലും കടന്നുചെന്നു. ഇതിഹാസ പുരാണാദികൃതികളുടെ പരിഭാഷയായും സംഗ്രഹമായും അനുകരണമായും സ്വതന്ത്രാനുവാദമായും നിരവധി കൃതികൾ മലയാളത്തിലുണ്ടായി. നമ്മുടെ മണിപ്രവാള ശാഖയെ എന്നതു പോലെ പാട്ടുശാഖയെയും സമ്പുഷ്ടമാക്കാൻ ഇതിനു സാധിച്ചു. പാട്ടു



ശാഖയിലെ രാമചരിതം, കണ്ണശ്ശ (നിരണം) കൃതികൾ, കൃഷ്ണഗാഥ, രാമകഥാപ്പാട്ട് എന്നിവയെപ്പറ്റിയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

പാട്ടുപ്രസ്ഥാനത്തിന്റെ ലക്ഷണങ്ങളെല്ലാം ഒത്തിണങ്ങിയ കൃതിയാണ് രാമചരിതം. പതിമൂന്നാം ശതകമാകണം രചനാകാലം. അജ്ഞാതകർത്തൃകമായ ഈ കൃതി ഊഴിയിൽ ചെറിയവർക്ക് അറിയുമാറ് രചിച്ചിട്ടുള്ളതാണ്. രാമായണത്തിലെ യുദ്ധകാണ്ഡമാണ് ഇതിവൃത്തം 164. ഭാഗങ്ങളിലായി 1814 ശീലുകളാണ് രാമചരിതത്തിലുള്ളത്. ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ള രാമചരിതപദ്യം താഴെച്ചേർക്കുന്നു.

തരതലന്താന ഉന്താ ! പിളന്താ ! പൊന്നൻ
തനകചെന്താർ, വരുന്താമൽ വാണൻ തന്നെ
ക്കരമരിന്താ, പൊതുന്താനവരുന്മാരുടെ
കരളിരന്താ പുരാനേ മുരാരീ കണ്ടാ !
ഒരു വരന്താ പനന്താമമേ നീ കനി-
ന്തുരകയായി പിണിപ്പൌവം നീന്താവണ്ണം
ചിരതരം താൾ പണിന്തേനയ്യോ ! താങ്കെന്നെ
ത്തിരുവനന്താപുരം... തങ്കമാനന്തനേ !

(സാരം തിരുവനന്തപുരത്ത് ഇരുന്നരുളുന്ന ആനന്ദസ്വരൂപാ, അവിടുന്ന് ഭൂമി അളന്നു ഹിരണ്യകശിപുവിന്റെ മാറുപിളർന്നു, ബാണന്റെ കൈകൾ അരിഞ്ഞു, ദാനവന്മാരുടെ കരൾ എരിയുമാറാക്കി, ഞാൻ വളരെക്കാലമായി അങ്ങയുടെ പാദസേവ ചെയ്യുകയാണ്. ദുഃഖസാഗരത്തിൽ നീന്താതെയിരക്കാൻ എനിക്കു വരംതരണേ !)

പാട്ടും മണിപ്രവാളവും തമ്മിലുള്ള അകലം കുറയ്ക്കാൻ ബോധപൂർവ്വം ശ്രമിച്ച കവികളാണ് കണ്ണശ്ശകവികൾ (പതിനഞ്ചാം ശതകം). ഇവരെ നിരണം കവികൾ എന്നും പറയുന്നു. തിരുവല്ലയിൽ കടപ്ര എന്ന ദേശത്തിനടുത്ത് കണ്ണശ്ശൻ പറമ്പ് ആണ് ഇവരുടെ ജന്മദേശം എന്നു കരുതുന്നു. ഇവരുടെ കാവ്യരീതി സമാനസ്വഭാവമുള്ളതാണ്. നിരണത്തു രാമപ്പണിക്കർ, വെള്ളാങ്ങല്ലൂർ ശങ്കരപ്പണിക്കർ, മലയിൻകീഴ് മാധവപ്പണിക്കർ എന്നിവരാണ് നിരണം കവികൾ. ഇവർ ബന്ധുക്കളാണെന്നും അല്ലെന്നും പറയുന്നവരുണ്ട്. രാമപ്പണിക്കരുടെ കണ്ണശ്ശരാമായണവും ശങ്കരപ്പണിക്കരുടെ ഭാരതമാലയും മാധവപ്പണിക്കരുടെ ഭാഷാഭഗവദ്ഗീതയും വിഖ്യാതമായിരിക്കുന്നു.




മണിപ്രവാളത്തിലെ സംസ്കൃതരൂപങ്ങൾ മാറ്റി ധാതുക്കളോടൊപ്പം ഭാഷാപ്രത്യയങ്ങൾ ചേർത്ത് അവയെ മലയാളരീതിയിലാക്കി എന്നതാണ് ഇവർ ആവിഷ്കരിച്ച പുതുമ. ഈ പരിഷ്കൃതവൃത്തവിശേഷത്തെ അവർ നിരണം വൃത്തം എന്ന നാമകരണം ചെയ്തു.

സംസ്കൃതത്തിലെ ഭഗവദ്ഗീതയ്ക്ക് ഭാരതീയ ഭാഷകളിലുണ്ടായ ആദ്യത്തെ പരിഭാഷയാണ് ഭാഷാഭഗവദ്ഗീത. അതിൽ നിന്ന് ഒരു പദ്യം.

ഒരു നാൾ വന്നു പിറക്കും, പിന്നേയുടൽ
വളരും ബാലപ്രായം പോം.
തെരുതെരെ മുറ്റും, തേയും മായും
തേറുകിലാറും ദേഹപ്രകൃതികൾ
ഒരു കാലവുമൊരു നാശം വാരാതുടലി
ലിറപ്പു പിറപ്പില്ലാതൊരു
പൊരുളുതു നിത്യ, മരൂപമതിൻ നില
പോർ വിജയാ കേളെന്നരുൾ ചെയ്താൻ

കണ്ണശ്ശകൃതികൾ, വിശേഷിച്ചും വെള്ളാങ്ങല്ലൂർ ശങ്കരപ്പണിക്കരുടെ ഭാരതമാല എഴുത്തച്ഛനു പ്രചോദനം നൽകി.

കൃഷ്ണഗാഥ അഥവാ കൃഷ്ണപ്പാട്ട്, ചെറുശ്ശേരി നമ്പൂതിരിയുടെ കൃതിയാണ്. 1446 മുതൽ 1465 വരെ കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമ്മയുടെ ആജ്ഞയനുസരിച്ചു രചിച്ചതാണ് ഈ കൃതി. ഗാഥാവൃത്തം എന്നു പ്രസിദ്ധമാണ് 'മഞ്ജരി' വൃത്തം. കൃഷ്ണന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥ നാൽപ്പത്തിയേഴ് അദ്ധ്യായങ്ങളിലായി വിവരിക്കുന്നു. 'ഉത്പ്രേക്ഷാ കൃഷ്ണഗാഥായാം' എന്ന ചൊല്ല് പ്രസിദ്ധമാണ്. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ മഹാകാവ്യമാണ് 'കൃഷ്ണഗാഥ'. രമണീയമായ വർണ്ണനകൾ കൊണ്ട് സമ്പുഷ്ടവുമാണ് 'കൃഷ്ണഗാഥ'.

ഒരു ഭാഗം :

മാൺപെഴുന്നോ ചില മാൻപേടകളെല്ലാം
ചാമ്പിമയങ്ങിയ കൺമിഴിയും
ഒട്ടൊട്ടു ചിമ്മിക്കൊണ്ടിഷ്ടത്തിലമ്പോടു
വട്ടത്തിൽ മേവീതേ പെട്ടെന്നപ്പോൾ
മന്ഥരമായൊരു കന്ധരം തന്നെയും
മന്ദം നുറുങ്ങു തിരിച്ചുയർത്തി...

ഔവാടുതുറ അയ്യിപ്പിള്ള ആശാൻ രചിച്ച രാമകഥാപ്പാട്ടാണ് പാട്ടുശാഖയിലെ ശ്രദ്ധേയമായ മറ്റൊരു കൃതി. തിരുവനന്തപുരത്തിനടുത്തുള്ള കോവളത്ത് ഔവാടുതുറയിൽ മുണ്ടുവിള പുരയിടത്തിലെ തെക്കേവീട്ടിൽ 1350 നും 1450 നും ഇടയ്ക്ക് ജീവിച്ചിരുന്ന കവിയാണ് അയ്യിപ്പിള്ള ആശാൻ. അനുജൻ അയ്യിനിപ്പിള്ള ആശാനെയും ചേർത്ത് കോവളം കവികൾ എന്നു പറയുന്നു. അയ്യിനിപ്പിള്ള ആശാന്റെ കൃതിയാണ് ഭാരതം പാട്ട്. ദ്രാവിഡവൃത്തത്തിലാണ് രചന, ഗാനാത്മകതയുമുണ്ട്. എന്നാൽ ലീലാതിലകകാരന്റെ പാട്ടു ലക്ഷണങ്ങളെ ഈ കവികൾ നിഷേധിക്കുന്നുണ്ട്.

*(തുടരും)*




# മലംഭൂതം വരുന്നേ നാട്ടാരെ

■ **രേഷ്മ ചന്ദ്രൻ**

ഒരുപക്ഷേ 'മലംഭൂതം' എന്ന പേര് കേൾക്കുമ്പോൾ ആദ്യം നമുക്ക് അത്ഭുതം തോന്നിയേക്കാം. പേര് സൂചിപ്പിക്കുന്നതു പോലെ തന്നെ കക്കൂസ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്താനായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും ശുചിത്വമിഷന്റെയും ആഭിമുഖ്യത്തിൽ ആരംഭിച്ച വിപുലമായ ബഹുജന വിദ്യാഭ്യാസ പരിപാടിയാണ് 'മലംഭൂതം'.

ഇന്ന് കേരളത്തിലെ ജലാശയങ്ങളിൽ മിക്കതിലും കോളിഫോം ബാക്ടീരിയ പടരുകയാണ്. ഇത് തടയാനായി ആദ്യം വേണ്ടത് നല്ല രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളാണ്. എന്നാൽ പലപ്പോഴും ഇതിന് പൊതുജനങ്ങളുടെ എതിർപ്പ് നേരിടേണ്ടിവരുന്നു. കൃത്യമായ മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത പൊതുജനങ്ങളിൽ എത്തിക്കൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്.

മുന്നേ ശുചിത്വമിഷന്റെ തന്നെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് തെളിനീര് ഒഴുകും നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ കേരളത്തിലെ പൊതു ജലാശയങ്ങളിൽ 80 ശതമാനവും മനുഷ്യവിസർജത്താൽ മലിനപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. അത് പൊതു ജലാശയങ്ങളിൽ അല്ലേ എന്ന് കരുതി കണ്ണടയ്ക്കുന്നവരോടാണ്, വീടുകളിലെ കിണറിന്റെ അവസ്ഥയും ഇതൊക്കെ തന്നെയാണ്. ഈ സാഹചര്യത്തിൽ അടിയന്തര പരിഹാരം കാണുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സംസ്ഥാന സർക്കാർ 'മലംഭൂതം' എന്ന പരിപാടി ആവിഷ്കരിക്കുന്നത്.

## മലംഭൂതത്തിന്റെ പ്രാധാന്യം ശൗചാലയ ദിനത്തിലും

ഈ കഴിഞ്ഞ നവംബർ 19 നമ്മൾ ലോക ശൗചാലയ ദിനമായി ആചരിച്ചു. ആഗോള ശുചീകരണ പ്രതിസന്ധിയെ നേരിടാനുള്ള പ്രവർത്തനത്തെ പ്രചോദിപ്പിക്കുന്നതിനായി നവംബർ 19-ന് ഐക്യരാഷ്ട്രസഭയുടെ ഔദ്യോഗിക അന്താരാഷ്ട്ര ആചരണ ദിനമാണ് വേൾഡ് ടോയ്‌ലറ്റ് ദിനം അഥവാ ലോക ശൗചാലയ ദിനം.

സുസ്ഥിര വികസന ലക്ഷ്യം ആറ് കൈവരിക്കാനായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ ദിവസം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇനി എന്താണ് സുസ്ഥിര വികസന ലക്ഷ്യം ആറ് എന്നല്ലേ?

## സുസ്ഥിരവികസന ലക്ഷ്യം ആറ് (Sustainable Development Goal 6)

### ശുദ്ധമായ വെള്ളവും ശുചിത്വവും

സുസ്ഥിരവികസന ലക്ഷ്യം ആറ് ലക്ഷ്യമിടുന്നത് ജലത്തിന്റെയും ശുചിത്വത്തിന്റെയും ലഭ്യതയും സുസ്ഥിര പരിപാലനവും എല്ലാവർക്കും ഉറപ്പാക്കുക എന്നതാണ്. ഇനി ഇതിന്റെ പരിധിയിൽ വരുന്ന ഘടകങ്ങൾ ഏതൊക്കെയെന്ന് നോക്കാം.

- സുരക്ഷിതവും ഓരോ ആൾക്കും താങ്ങാനാവുന്നതുമായ കുടിവെള്ളം
- തുറസായ മലമൂത്രവിസർജ്ജനം അവസാനിപ്പിക്കുക
- ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ
- മലിനജല സംസ്കരണം
- സുരക്ഷിതമായ പുനരുപയോഗം
- ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കൽ
- ശുദ്ധജല വിതരണം ഉറപ്പാക്കൽ
- ജലവുമായി ബന്ധപ്പെട്ട ആവാസവ്യവസ്ഥകളെ സംരക്ഷിക്കൽ

ഇനി ഇത്തവണത്തെ ശൗചാലയ ദിന സന്ദേശം എന്തായിരുന്നു എന്ന് നോക്കാം.

### അദൃശ്യത്തെ ദൃശ്യമാക്കുന്നു - Making the Invisible Visible

നല്ലതല്ലാത്ത ശുചീകരണ സംവിധാനങ്ങൾ ഭൂഗർഭ ജലത്തിനേൽപ്പിക്കുന്ന ആഘാതങ്ങൾ, അപര്യാപ്തമായ ശുചീകരണ സംവിധാനങ്ങൾ മനുഷ്യ മാലിന്യങ്ങൾ നദികളിലേക്കും തടാകങ്ങളിലേക്കും മണ്ണിലേക്കും എങ്ങനെ വ്യാപിപ്പിക്കുന്നു, അവ ഭൂഗർഭ ജലസ്രോതസ്സുകളെ എങ്ങനെ മലിനമാക്കുന്നു എന്നിവയാണ് ഇത്തവണത്തെ ശൗചാലയ ദിനം പ്രധാനമായും ഊന്നൽ നൽകുന്ന വിഷയങ്ങൾ.

ഈ സന്ദേശത്തിൽ സൂചിപ്പിക്കുന്നത് പോലെ തന്നെ മോശമായ ശുചീകരണ സംവിധാനങ്ങൾ കാരണം വരാൻ സാധ്യതയുള്ളതും എന്നാൽ പെട്ടെന്ന് ദൃശ്യമല്ലാത്തതുമായ ധാരാളം ആഘാതങ്ങൾ ഉണ്ട്. അവയിൽ ചിലത് നോക്കാം.

തുറന്ന പ്രദേശങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നതിലൂടെ മണ്ണും വെള്ളവും മലിനീകരണപ്പെടുന്നു. ഇവ മണ്ണിലൂടെ ഊർന്നിറങ്ങി ഭൂഗർഭജലത്തിൽ എത്തുന്നതോടുകൂടി ജലം മലിനീകരണപ്പെടുന്നു. ഇത് മണ്ണിലൂടെയും വെള്ളത്തിലൂടെയും മറ്റും രോഗങ്ങൾ പടരാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

ഒരുപക്ഷേ രോഗം പിടിപെട്ട് കഴിയുമ്പോഴാകും അതിന്റെ സ്രോതസ്സ് മനസ്സിലാകുന്നത്. ഈ പ്രശ്നം പരിഹരിക്കാൻ ഏറ്റവും ആദ്യം വേണ്ടത് ശുചിത്വപൂർണമായ ശുചീകരണ സംവിധാനങ്ങളാണ്.

*തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലെ മറ്റ് പ്രധാന ഇടപെടലുകൾ*

ശുചിത്വ മാലിന്യ സംസ്കരണവും ശുചീകരണവും ഉറപ്പാക്കാനായി മലംഭൂതം പോലെ തന്നെ ധാരാളം വികേന്ദ്രീകൃത




മാലിന്യ സംസ്കരണ സംവിധാനങ്ങളും പദ്ധതികളും ഇതിനോടകം കേരളത്തിലുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വികസിപ്പിച്ച് കഴിഞ്ഞു. അതിൽ ചിലത് നോക്കാം.

### ടേക്ക്എ ബ്രേക്ക് (Take a Break)

പൊതുവേ പൊതുശൗചാലയങ്ങളിൽ പോകാൻ മടിയുള്ളവരാണ് മലയാളികളിൽ അധികം. ഇതിനു പ്രധാന കാരണം വൃത്തിയില്ലായ്മയും അതിലൂടെ പടരാൻ സാധ്യതയുള്ള രോഗങ്ങളുമാണ്. പ്രത്യേകിച്ച് സ്ത്രീകളുടെ കാര്യം കഷ്ടമാണ്. അവരുടെ ആർത്തവ ദിനം ആണെങ്കിൽ പറയുകയും വേണ്ട.

എന്നാൽ ഇതിനൊക്കെ താൽക്കാലിക പരിഹാരം എന്ന രീതിയിൽ സംസ്ഥാന സർക്കാർ കൊണ്ടുവന്ന പരിപാടിയാണ് 'ടേക്ക് എ ബ്രേക്ക്' എന്ന വഴിയോര വിശ്രമകേന്ദ്രം. പുരുഷന്മാർക്കും സ്ത്രീകൾക്കും ഭിന്നശേഷിക്കാർക്കും പ്രത്യേകം ശുചിമുറികൾ എന്നതിനു പുറമെ മുലയൂട്ടാനായി പ്രത്യേക മുറികളും ഇവിടെ സജ്ജമാണ്. ഒരു ലഘു ഭക്ഷണശാലയും പല വിശ്രമ കേന്ദ്രങ്ങളിലും ലഭ്യമാണ്. വെറും അഞ്ച് രൂപയാണ് ശുചിമുറി ഉപയോഗിക്കുന്നതിനുള്ള ഫീസ്. മിക്ക സ്ഥലങ്ങളിലും കുടുംബശ്രീക്കാണ് ഇതിന്റെ പ്രവർത്തന ചുമതല. അതിലൂടെ അവർക്ക് ചെറിയൊരു വരുമാന മാർഗം കണ്ടെത്താനും ആകുന്നു. ശുചിത്വ മിഷന്റെ കണക്ക് പ്രകാരം ഇതിനോടകം 640 'ടേക്ക് എ ബ്രേക്ക്' പദ്ധതികൾ പൂർത്തിയായിക്കഴിഞ്ഞു.

### ഫീക്കൽ സ്ലഡ്ജ് മാനേജ്മെന്റ് പ്ലാന്റുകൾ

ഇന്ന് തിരുവനന്തപുരം കോർപ്പറേഷൻ, കൊച്ചി കോർപ്പറേഷൻ, കൽപ്പറ്റ മുൻസിപ്പാലിറ്റി എന്നിവയുടെ കീഴിൽ ഓരോ ഫീക്കൽ സ്ലഡ്ജ് മാനേജ്മെന്റ് പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. പലസ്ഥലങ്ങളിലും ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് നേരെ വരുന്ന പ്രതിഷേധങ്ങൾ പോലെ തന്നെ ഫീക്കൽ സ്ലഡ്ജ് മാനേജ്മെന്റ് പ്ലാന്റുകൾക്ക് നേരെയും പ്രതിഷേധങ്ങൾ വരാറുണ്ട്. ഓരോ ജില്ലയിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ ഓരോ ഫീക്കൽ സ്ലഡ്ജ് മാനേജ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കാനാണ് കേരളം ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം യാഥാർത്ഥ്യമാക്കണമെങ്കിൽ പൊതുജനങ്ങളുടെ ഭാഗത്ത് നിന്നും സഹകരണം ആവശ്യമാണ്. അതിനായി പൊതു വിദ്യാഭ്യാസ പരിപാടികൾ അനിവാര്യമാണ്.

ഇത്തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പുതിയ പരിപാടികൾ ആവിഷ്കരിച്ചാൽ മാത്രം മതിയോ? പോരാ. അതിനൊപ്പം നാം ഓരോരുത്തരും മാറണം.

### നമുക്ക് ചെയ്യാനാവുന്നത്

ആദ്യം തന്നെ നമ്മുടെ ചില ശീലങ്ങളും മാറണം. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ നാം ശ്രദ്ധിക്കണം. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് വൃത്തിയാക്കി അവ ശേഖരിക്കാൻ വരുന്നവരെ ഏൽപ്പിക്കണം. സാനിറ്ററി പാഡുകളും ഡയപ്പറുമൊക്കെ കഴിവതും പുനരുപയോഗ സാധ്യമായത് നാം തിരഞ്ഞെടുക്കണം. ഇത്തരത്തിൽ വലിയൊരു ശതമാനം മാലിന്യം ഓവുചാലുകളിലോട്ടും സെപ്റ്റിക് ടാങ്കുകളിലോട്ടും പോകുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കും. അതോടൊപ്പം തന്നെ തുറസായ സ്ഥലങ്ങളിൽ മൂത്രവിസർജനം പൂർണമായും ഒഴിവാക്കുക.

"എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം" എന്നത് നാം ഇനിയെങ്കിലും പൂർണമായും ഉൾക്കൊള്ളണം. ഇതിലൂടെയൊക്കെ ഒരുപാട് തോട്ടിക്കാരെ മാലിന്യ കുഴിയിൽനിന്നും പ്രതീക്ഷയുടെ ലോകത്തേക്ക് കൈപിടിച്ചു കയറ്റാം. കേരളത്തിൽ ഇന്ന് ഈ രംഗത്തു ഒരുപാട് മാറ്റങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അവ മറ്റ് സംസ്ഥാനങ്ങളിലോട്ടും വ്യാപിക്കട്ടെ എന്ന് ആശിക്കാം. ☐

*ലേഖിക ഐ.ഐ.ടി. മദ്രാസിലെ ഗവേഷകയാണ്.*



# പ്രകൃതിയുടെ ജീവധമനികളായ
# കുളങ്ങളും നീർച്ചാലുകളും

■ മുരളീധരൻ തഴക്കര

വലിയ വയൽപരപ്പ് നോക്കെത്താദൂരത്തോളം പച്ചയുടെ തരംഗമാലകൾ. ഓരോ വയലേലകളോടു ചേർന്നും മേക്കണ്ടത്തിന് മേലെയായി തലക്കുളങ്ങളും പാടശേഖരങ്ങളുടെ താഴേയറ്റത്ത് വാൽക്കുളങ്ങളും ഉണ്ടായിരുന്നു. വയൽപ്പരപ്പിന് നടുവിലൂടെ ഒഴുകുന്ന തോട്, നിർമ്മലമായ ജലം! അതിൽ നിറയെ മാനത്തുകണ്ണികൾ. അറിയുമോ ആവോ മാനത്തുകണ്ണിയെ. വർണ്ണാഭമായ കണ്ണാടിക്കൂട്ടിലെ അലങ്കാര മത്സ്യങ്ങളെ മാത്രമല്ലേ നമുക്കിപ്പോഴറിയൂ! നിലം തൊടാത്തജലം! വെള്ളം മണ്ണുതൊട്ടൊഴുകുമ്പോൾ അതിന് ജീവൻ വെയ്ക്കുന്നു. അഗാധ തടങ്ങളിൽ നിന്ന് മണ്ണടരുകളുടെ ശ്വസനഭൂമിയിലൂടെ തിങ്ങിയും ഞെരുങ്ങിയും വന്ന് ഉപരിതലത്തിലേക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന ഉറവകൾ! അതിലാണ് നാടൻ മീനുകളുടെ വിഹാരം. കാരിയും കൂരിയും വരാലും ആരകനും കല്ലേമുട്ടിയും, കോലായും തുടങ്ങി മറ്റനേകം മീനുകൾ കുളത്തിലും തോട്ടിലുമായി. കാര്യക്ഷമവും ഫലപ്രദവുമായ ജലസേചനത്തിന് പ്രായോഗികതയുടെ സാങ്കേതികവിദ്യയും എഞ്ചിനീയറിംഗും മനഃപ്പാഠമായിരുന്ന കാരണവന്മാർ ഒരുക്കിയ ജലസേചന ജലനിർഗ്ഗമന സംവിധാനം.

ഇതേപോലെ തന്നെ വീട്ടുവളപ്പുകളിൽ ചെറുതും വലുതുമായ കുളങ്ങൾ ഉണ്ടായിരുന്നു. ഓണാട്ടുകരയിലും കരപ്പുറത്തും വള്ളുവനാട്ടിലും മറ്റും കുളങ്ങൾ സാർവത്രികമായുണ്ടായിരുന്നു. കുളങ്ങൾ കൊണ്ട് ഏറെ സമ്പന്നമായ പ്രദേശമായിരുന്നു ഓണാട്ടുകര. ഓരോ വീട്ടുവളപ്പിലും മൂന്നും നാലും കുളങ്ങൾ സംരക്ഷിച്ച് പോന്നിരുന്നു. പുരകെട്ടിമേയുന്നതിനുള്ള ഓല കുതിർക്കുവാനും, കന്നുകാലികളെ കുളിപ്പിക്കുവാനും, കുടുംബാംഗങ്ങൾക്ക് മുങ്ങികുളിക്കുവാനും പ്രത്യേകം പ്രത്യേകം കുളങ്ങൾ പരിപാലിച്ച നാടാണ് ഓണാട്ടുകര. വർഷംതോറും ഇത് വെട്ടി വൃത്തിയാക്കി കടവുകൾ നവീകരിക്കുകയും ചെളിയും മണ്ണും നീക്കം ചെയ്യുകയും ചെയ്തിരുന്നു. ഓണാട്ടുകരയിൽ 'കുളം വെട്ടി വൃത്തിയാക്കൽ' ഒരാഘോഷമായിരുന്നു-കൂട്ടായ്മയുടെയും ഊഷ്മളമായ അയൽപക്ക ബന്ധങ്ങളുടെയും നന്മനിറഞ്ഞ ഒരുമ! അദ്ധ്വാനം പരസ്പരം പങ്കുവെയ്ക്കുകയാണ്. ആരും പണം വാങ്ങി ചെയ്യുന്ന പ്രവൃത്തിയല്ല മറിച്ച് സേവന സന്നദ്ധതയോടെയുള്ള അയൽപക്ക സൗഹൃദം! കുംഭം-മീനം മാസങ്ങളിൽ വേനൽ കത്തിനില്ക്കുമ്പോഴാണ് കുളം വെട്ടി വൃത്തിയാക്കുക- ഈ ജോലികളെല്ലാം







പൂർത്തിയായിക്കഴിയുമ്പോൾ എല്ലാവരും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കും. ഓണാട്ടുകരക്കാർക്കിത് കുളം വെട്ടുസദ്യയാണ്. കഠിനാദ്ധ്വാനത്തിനു ശേഷമുള്ള പന്തിഭോജനം!

കൃഷിയുമായും പരിസ്ഥിതിയുമായും ആവാസവ്യവസ്ഥയുമായും ഇഴചേർന്ന ഈ കുളങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ടായിരുന്നു. വേനൽ വറുതിയുടെ ഉച്ചഃസ്ഥായിയിൽ ജലസംരക്ഷണത്തെക്കുറിച്ചും മഴവെള്ള സംഭരണത്തെക്കുറിച്ചും മഴക്കുഴികളുണ്ടാക്കി ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനെക്കുറിച്ചുമൊക്കെ സെമിനാറുകളിലും ശില്പശാലകളിലും വിദഗ്ധർ പ്രസംഗിക്കുന്നത് നാം നിരന്തരം കേൾക്കുന്നു. പക്ഷേ ഇതിനൊക്കെ എത്രയോ പതിറ്റാണ്ടുകൾക്ക് മുമ്പ് തന്നെ നമ്മുടെ പൂർവികർ ഏറെ പ്രായോഗികതയോടെ കുളങ്ങൾ സംരക്ഷിച്ചുപോന്നിരുന്നു. എല്ലാക്ഷേത്രങ്ങളോടു ചേർന്നും വിശാലമായ കുളങ്ങളുണ്ടായിരുന്നു, ക്ഷേത്രക്കാവുകൾക്കുള്ളിലും ചെറിയ കുളങ്ങൾ നിലനിർത്തിയിരുന്നു. മാത്രമല്ല പഞ്ചായത്തുകളുടെ അധീനതയിൽ പഞ്ചായത്ത് കുളങ്ങളും പൊതുക്കുളങ്ങളും ചിറകളും ജലാശയങ്ങളും ഒരു കാലത്ത് സംരക്ഷിച്ചിരുന്നു.

വരൾച്ചയും ജലക്ഷാമവും അത്രയൊന്നുമില്ലാതിരുന്ന കാലത്ത് പഴയ തലമുറ ഓരോ വീട്ടുവളപ്പിലും കുളങ്ങളുണ്ടാക്കി അത് സംരക്ഷിച്ചിരുന്നു. മഴവെള്ളം ഊർന്നും ചോർന്നും നഷ്ടമാകാതെ സംഭരിക്കുകയാണ് യഥാർത്ഥത്തിൽ അവർ ചെയ്തത്. മഴവെള്ളം കുടിവെള്ളമാക്കി മാറ്റണമെന്നും, പെയ്തുവീഴുന്ന ഓരോ തുള്ളിയും പാഴാക്കാതെ മണ്ണിൽ കിനിഞ്ഞിറങ്ങാൻ അനുവദിക്കണമെന്നും പറയുന്ന നമ്മൾ തന്നെയാണ് ഈ പുതിയ കാലത്ത് എല്ലാ വിനാശങ്ങൾക്കും വഴിയൊരുക്കുന്നത്. കുളങ്ങൾ മണ്ണിട്ട് മൂടുമ്പോഴും, കുളങ്ങൾ എല്ലാവിധ മാലിന്യങ്ങളും വലിച്ചെറിയുന്ന കുപ്പത്തൊട്ടിയായി മാറുമ്പോഴും ഈ ആവാസവ്യവസ്ഥയിലെ പരമപ്രധാനമായ ഭൂമിയുടെ 'വൃക്കകളാണ്' നാശോന്മുഖമാകുന്നതെന്ന തിരിച്ചറിവാണ് നമുക്കുണ്ടാകേണ്ടത്.

കാർഷിക വ്യവസ്ഥയുടെ നട്ടെല്ലായിരുന്ന-ആവാസവ്യവസ്ഥയുടെ കാവലാളായിരുന്ന ഈ തണ്ണീർത്തടങ്ങൾ അതിവർഷത്തിലും കൊടിയ വേനലിലും നമ്മുടെ സന്തുലിത കാലാവസ്ഥയ്ക്ക് താങ്ങായി നിന്നു. അറ്റ വേനൽക്കു വറ്റിപ്പോയ കുളത്തിന്റെ അവസ്ഥയെക്കുറിച്ച് പ്രിയകവി പി.കുഞ്ഞിരാമൻ നായർ ഇങ്ങനെയാണ് പറയുന്നത്.

"മറന്നു നാട്ടുകാർ മുമ്പ്
മുട്ടുതീർത്ത കുളങ്ങളെ
കിണറ്റിൻ കരകളിൽ ശോക -
പ്പുള്ളി ശേഷിച്ചു നിൽക്കയായ്".

വേനലിൽ മാത്രമല്ല എന്നെന്നേക്കുമായി നാം കുളങ്ങളെ മറന്നു കളഞ്ഞു.

പുരാതന ഭാരതീയർ കുളങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ഏറെ ബോധവാന്മാരായിരുന്നു. പത്തു കിണറുകൾക്ക് തുല്യമാണ് ഒരു കുളം എന്ന കരുതലോടെയാണ് അവർ ഈ ജലാശയങ്ങളെ കണ്ടതും സംരക്ഷിച്ചതും. എന്തായാലും ഇനി അവശേഷിക്കുന്ന കുളങ്ങളെങ്കിലും സംരക്ഷിക്കാൻ കഴിഞ്ഞാൽ അതൊരു നന്മയും പുണ്യവുമായിരിക്കും. വീടിനുള്ളിലെ ഇത്തിരി ഇല്ലാത്ത ബാത്റൂമിലെ ടാപ്പിന് ചുവട്ടിൽ കുളിക്കുന്ന ഈ പുതിയ കാലത്ത് വെള്ളം നിറഞ്ഞു കിടക്കുന്ന ജലാശയങ്ങളിൽ മുങ്ങിക്കുളിച്ച് മദിക്കുകയെന്നത് ചെറുപ്പക്കാർക്ക് ഒരു ഹൃദ്യമായ അനുഭൂതിയാണ്. ഇനി ഒരല്പം ഫ്ളാഷ് ബാക്ക്, പഴയകാലത്ത് മുങ്ങിമരണം അപൂർവ്വമായിരുന്നു. നമ്മുടെ ഗ്രാമ -ഗ്രാമാന്തരങ്ങളിലെല്ലാം കുളങ്ങളും ചിറകളും തോടുകളും പുഞ്ചപ്പാടങ്ങ

## ...എന്ന് വായനക്കാർ

കേരളത്തിൽ അഞ്ച് വകുപ്പുകളെ യോജിപ്പിച്ചുകൊണ്ട് ഏകീകൃത തദ്ദേശസ്വയംരണവകുപ്പും പൊതു സർവ്വീസും രൂപീകരിച്ചുകൊണ്ടും ഇതുമായി ബന്ധപ്പെട്ട വിശേഷൽചട്ടങ്ങളും നിയമഭേദഗതിയും യാഥാർത്ഥ്യമായ പശ്ചാത്തലത്തിൽ പുതിയ സാഹചര്യം വികേന്ദ്രീകൃത ആസൂത്രണപ്രവർത്തനങ്ങളുടെ വിവിധ തലങ്ങളിലുള്ള കോ-ഓർഡിനേഷൻ എങ്ങനെ ലളിതവും ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമാകുന്ന എന്നും വിശദീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ എം.ബി. രാജേഷ് അവർകൾ പ്രസിദ്ധീകരിച്ച, അധികാരവികേന്ദ്രീകരണത്തിന്റെ പൂർണതയ്ക്ക് ഏകീകൃത തദ്ദേശ സ്വയംഭരണവകുപ്പ് എന്ന ലേഖനം വളരെ മികച്ചതായിരുന്നു. കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ചരിത്രവും തദ്ദേശസ്വയംഭരണവകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങളുടെ നാൾവഴികളും അദ്ദേഹം തന്റെ ലേഖനത്തിലൂടെ സമഗ്രമായി പ്രതിപാദിക്കുന്നു. വകുപ്പ് ഏകീകരണം യാഥാർത്ഥ്യമാകുന്നതോടെ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ എങ്ങനെ കൂടുതൽ ലളിതവും സുതാര്യവുമാക്കാം എന്ന സർക്കാരിന്റെ നയപരമായ സമീപനം കൂടി അദ്ദേഹം തന്റെ ലേഖനത്തിൽ എടുത്ത് കാട്ടുന്നുണ്ട്. അദ്ദേഹത്തിന്റെ ലേഖനം മികച്ചതും കാലികപ്രസക്തവുമായിരുന്നുവെന്ന് പറയട്ടെ. എടുത്തു പറയട്ടെ. കാർബൺ പദമുദ്രയും ഹരിതകർമ്മസേനയും എന്ന തലക്കെട്ടിൽ രേഷ്മചന്ദ്രൻ പ്രസിദ്ധീകരിച്ച ലേഖനം കാലാവസ്ഥാമാറ്റത്തെ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങളിൽ ഹരിതകർമ്മസേന വഹിക്കുന്ന പങ്ക് ചൂണ്ടികാണിക്കുന്നതും ഈ സംവിധാനത്തെ പരിപോഷിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും വലിയ പങ്കിനെകുറിച്ചും ഊന്നിപറയുന്നതോടൊപ്പം തന്നെ വിഷയവുമായി ബന്ധപ്പെട്ട് മികച്ച അറിവ് പ്രദാനം ചെയ്യുന്നതുമായിരുന്നു. ചുരുക്കത്തിൽ 2022 സെപ്തംബർ മാസത്തെ പഞ്ചായത്ത് രാജ് മാസികയിൽ പ്രസിദ്ധീകരിച്ച എല്ലാ ലേഖലനങ്ങളും മികച്ചതും ആകർഷകവുമായിരുന്നു. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാപേർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**എം. സുധീഷ്,**
പാലക്കാട്

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ളും ധാരാളമുണ്ടായിരുന്നു. ചില പ്രദേശങ്ങൾ കുളങ്ങളുടെ കാര്യത്തിൽ വളരെ സമ്പന്നമായിരുന്നു. അമ്പലക്കുളങ്ങളും പഞ്ചായത്ത് കുളങ്ങളുമടക്കം നിരവധി കുളങ്ങൾ കയ്യെത്തും ദൂരത്ത് തന്നെയുണ്ടാകും. ഈ കുളങ്ങളിലും ജലാശയങ്ങളിലും ഇറങ്ങി കുളിക്കുകയും വസ്ത്രങ്ങൾ കഴുകുകയും ചെയ്യുന്നതിനാൽ വെള്ളവുമായുള്ള സാമിപ്യവും സമരസപ്പെടലും നന്നേ കുട്ടിക്കാലത്ത് തന്നെ ആരംഭിക്കും.

മിക്കവാറും രാവിലെയുള്ള കുളി തോട്ടിലോ, അമ്പലക്കുളത്തിലോ തന്നെയാകുകയും, അങ്ങനെ നിരന്തരം വെള്ളത്തിലിറങ്ങേണ്ടി വരികയും ചെയ്യുമ്പോൾ എവിടെയെങ്കിലും ഒരു ജലാശയം കാണുമ്പോൾ വലിയ ആർത്തിയോടെ ഇറങ്ങിച്ചാടുന്ന മാനസികാവസ്ഥ ഉണ്ടാകില്ല. എന്നാൽ ഇന്നിതാ എല്ലാ ജലാശയങ്ങളും വറ്റിച്ചുകളയുകയും അങ്ങിങ്ങവശേഷിക്കുന്നവ മലിനപ്പെടുത്തുകയും ചെയ്തിരിക്കുന്നു. തോടുകളെല്ലാം റോഡായി മാറി. പുഴകളും തടാകങ്ങളും കയ്യേറി റിസോർട്ടുകളാക്കി. പുഞ്ചപ്പാടങ്ങളിലേറെയും നികത്തുകയോ അല്ലെങ്കിൽ ഇഷ്ടികച്ചൂളകളിലേക്ക് മണ്ണെടുത്ത് പാതാളക്കുഴികളായി മാറ്റുകയോ ചെയ്തു. വലിയ വിശാലമായ കുളങ്ങളിൽ ഏറെയും മണ്ണിട്ട് ഷോപ്പിംഗ് മാളുകൾ പണിതു. പുഴകളിലേറെയും നിരന്തരമായ മണലൂറ്റിന് വിധേയമായി അഗാധഗർത്തങ്ങളായി മാറി അങ്ങനെ സ്വാഭാവിക മരണത്തിന് കീഴ്പ്പെട്ടു. അങ്ങിങ്ങ് അവശേഷിക്കുന്ന ജലാശയങ്ങൾ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന കുപ്പത്തൊട്ടികളായി മാറി. ചുരുക്കത്തിൽ ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾക്ക് ഒരു ചെറിയ ജലസ്രോതസ്സെങ്കിലും കാണുവാനോ, ഒന്നു വെള്ളത്തിലിറങ്ങി കുളിക്കുവാനോ നീന്തൽ പഠിക്കുവാനോ ഉള്ള സ്വാഭാവികമായ അവസരങ്ങളെല്ലാം എന്നെന്നേക്കുമായി ഇല്ലാതാക്കിക്കളഞ്ഞു.

വർത്തമാനകാല ജീവിതത്തിൽ ഒരുപാട് പുതിയ പദങ്ങൾ പ്രയോഗത്തിലായിട്ടുണ്ട്. അതിൽ ഒന്നാണ് എല്ലാം 'കൊളമാക്കി' എന്നത്. ആ 'കൊളമാക്കലി'നെ നമുക്ക് ക്രിയാത്മകമാക്കി 'കുളമാക്കി' മാറ്റാം. ഗ്രാമ - നഗര വ്യത്യാസമില്ലാതെ കുപ്പത്തൊട്ടിക്കണക്കെ മാലിന്യങ്ങൾ നിറഞ്ഞ് ഉപയോഗശൂന്യമായികിടക്കുന്ന കുളങ്ങളെല്ലാം മണ്ണും മാലിന്യങ്ങളും നീക്കി വൃത്തിയാക്കാം. കുളിക്കടവുകൾ ഉണ്ടാക്കി വൃത്തിയായി സംരക്ഷിക്കാം. നമ്മുടെ കുട്ടികൾക്ക് നീന്താനും വെള്ളത്തിൽ പതച്ചുകളിക്കാനുമുള്ള ആധുനിക സൗകര്യങ്ങൾ ക്രമീകരിക്കാം. ഓരേ സമയം തന്നെ ഇത് ജലസ്രോതസ്സുകളുടെ പുനരുജ്ജീവനമാണ്, മഴവെള്ള സംഭരണത്തിലൂടെ ഭൂഗർഭജലസ്രോതസ്സിന്റെ ശക്തീകരണമാണ്. കൊതുകും മറ്റു ജലജീവികളും മുട്ടയിട്ടുപെരുകിയുള്ള ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുവാനും കഴിയും. സർവ്വോപരി ഓരോ പ്രദേശത്തെയും കുഞ്ഞുങ്ങൾക്ക് നീന്തൽ അനായാസേന വശമാക്കാനുള്ള അവസരമാണ്. അങ്ങനെ ചുരുങ്ങിയപക്ഷം നമ്മുടെ എണ്ണമറ്റ കുഞ്ഞുങ്ങൾ വെള്ളം കുടിച്ച് ശ്വാസംമുട്ടി മരിക്കാതിരിക്കട്ടെ! ഇപ്പോഴത്തെ തൊഴിലുറപ്പ് പദ്ധതിയും മറ്റും ഈ വഴിയ്ക്കൊന്ന് തിരിച്ചുവിടാൻ കഴിയില്ലേ! പ്രാദേശിക സർക്കാരുകൾ ഇതൊരു പ്രഥമ പ്രവർത്ത അജണ്ടയാക്കി മാറ്റിയാൽ സാക്ഷരതായജ്ഞം കണക്കെ ഒരു ജനകീയ ജലശയ പുനരുജ്ജീവന-ജലസുരക്ഷാ യജ്ഞമാക്കി ഇത് മാറ്റുവാൻ കഴിയും. എല്ലാം കൊളമാക്കി മാറ്റുന്നതിൽ വിരുതന്മാരാണ് നമ്മളെന്ന ദുഷ്പേര് ഒന്നു മാറ്റിയെടുക്കാം. നമ്മുടെ നാട്ടിലെ ഉപയോഗശൂന്യമായ കുളങ്ങളെല്ലാം ഉപയോഗയോഗ്യമായ കുളങ്ങളാക്കി മാറ്റി അവയ്ക്ക് ജീവൻ നൽകി നാടിന്റെ ജീവധമനികളാക്കി മാറ്റാം. □




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) October 2022
Annual Subscription ₹120, Published on 20 October 2022 RNI. No. : 7959/61




Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Kowdiar P.O., Thiruvananthapuram - 695 003, Kerala. Editor: H. Dineshan IAS